# സത്യദൂതൻ

2014 ഒക്ടോബർ | ലക്കം 10

വില ₹ 20



## ഇറാഖിന്റെ നാശം :
## ഒരു യഹൂദ പാശ്ചാത്യ ഗൂഢാലോചന


## അനാവരണം ചെയ്യപ്പെടുന്ന അദൃശ്യലോകം



Maryam Mosque Galway_ Ireland



Nasir-Mosque-Gillingham-Kent.



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2014 ഒക്ടോബർ
ഹി.ശ.1394 - ഇഖാഅ്
1435 - ദുൽഹജ്ജ് - മുഹറം
പുസ്തകം 86 ലക്കം 10
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ


**6** യുഗശബ്ദം



**7**
ഖുത്വ്ബ
**വിശ്വാസം സമ്പൂർണമാവാൻ സൽക്കർമങ്ങൾ ആവശ്യമാണ്**
ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു...) 2014 സെപ്റ്റംബർ 19 ന് മസ്ജിദ് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**12**
**ഇറാഖിന്റെ നാശം : ഒരു യഹൂദ പാശ്ചാത്യ ഗൂഢാലോചന**
ഹ്ദറത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
ഇരുപത്തിനാല് വർഷങ്ങൾക്ക് മുമ്പ് ഗൾഫ് യുദ്ധവേളയിൽ ഖലീഫത്തുൽ മസീഹ് നാലാമൻ ചെയ്ത ഖുത്വ്ബകളിൽ നിന്ന്

**15**
**സുൽത്താൻ ഇബ്നു സുഊദ് അഹ്മദി മുബല്ലിഗുമായി നടത്തിയ കൂടിക്കാഴ്ച്ച**
ഹ്ദറത്ത് യാഅ്ക്കൂബ് അലി സാഹിബ് ഇർഫാനി(റ)



**17**
**ശ്രീകൃഷ്ണൻ(അ)ന്റെ പരിശുദ്ധമായ ജീവിതത്തിലൂടെ**
ബുഷ്റാ നജീബ് ഖാൻ

**19**
**ഒരു വൈമാനികന്റെ വിഭജനകാല സ്മരണകൾ – 2**
സ്ക്വാഡ്രൻ ലീഡർ മീർ മുഹമ്മദ് അഹ്മദ്
വിമാനവുമായി ബന്ധപ്പെട്ട ചില അദ്ഭുത സംഭവങ്ങൾ ലേഖകൻ അനാവരണം ചെയ്യുന്നു.

**24**
**അനാവരണം ചെയ്യപ്പെടുന്ന അദൃശ്യലോകം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
നമുക്ക് അജ്ഞാതമായിരുന്ന അദൃശ്യ ലോകത്ത് നിന്നും ജ്ഞാതമായ ലോകത്തിലേക്ക് നിരന്തരം ജ്ഞാനങ്ങൾ വിനിമയം ചെയ്യപ്പെടുന്ന പ്രതിഭാസം തന്നെയാണ് ഭൗതിക ലോകത്തും സംഭവിച്ചു കൊണ്ടിരിക്കുന്നത്.

**27**
**ഹദ്റത്ത് അഹ്മദ്(അ) നേരിട്ട ആത്മീയ പരീക്ഷണങ്ങൾ**
എ. ക്യു. മഹ്ദി

**33**
**മാതാപിതാക്കളെ ശുശ്രൂഷിച്ച് സ്വർഗം നേടുക**
യു.അബ്ദുൽ മജീദ്, പഴയങ്ങാടി

**37**
**മദ്ധ്യകാലവും യഹൂദ പീഡനങ്ങളും**
എ. എം. മുഹമ്മദ് സലീം
അഞ്ചു മുതൽ പതിനേഴു നൂറ്റാണ്ടുകൾ വരെ ക്രിസ്തു സഭക്ക് പ്രാബല്യമുണ്ടായിരുന്ന യൂറോപ്പിൽ യഹൂദർക്കെതിരെ നടന്ന അത്യാചാരങ്ങൾക്കും അതിക്രമങ്ങൾക്കും ചരിത്രത്തിൽ സമാനതകളില്ല.

**37**
**മരണത്തിന് ശേഷമുള്ള മനുഷ്യാവസ്ഥ**
മുഹമ്മദ് സഫറുല്ലാഹ് ഖാൻ

**40**
**പ്രാർഥനയുടെ തത്വശാസ്ത്രം**
നസീർ അഹ്മദ്



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി – 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



നാടുകളെ അതിൽ നിവസിക്കുന്നവർ നന്മ ചെയ്യുന്ന വരായിരിക്കെ നിന്റെ നാഥൻ നശിപ്പിക്കുകയില്ല തന്നെ. **(11:118)**



## നബിവചനം

ഇബ്നു ഉമർ (റ)ൽനിന്ന് നിവേദനം. ഒരിക്കൽ നബി (സ) തിരുമേനി മിമ്പറിൽ പ്രസംഗിച്ചു കൊണ്ടിരിക്കേ, മറ്റുള്ളവരോടു ചോദിക്കാതെ അഭിമാനത്തോടെ ഒഴിഞ്ഞു മാറി നിൽക്കുന്ന വരെയും യാചനയേയും കുറിച്ച് പ്രസ്താവിച്ചു. മേലെ കൈയാണ് താഴെ കൈയേക്കാൾ ഉത്തമം. മേലെ കൈ കൊടുക്കുന്ന കൈയും താഴെ കൈ വാങ്ങുന്നതുമത്രെ. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം

ആകാശത്തിൽ അല്ലാഹു നിങ്ങളിൽ തൃപ്തനായിരിക്കണമെന്ന് നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ ഒരമ്മ പെറ്റ മക്കളെ പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവീൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ ഏറെ പൊറുത്തു കൊടുക്കുന്നതാരോ അയാളാണ് നിങ്ങളിൽ ഏറെ ആദരണീയൻ. കടും പിടുത്തം പിടിക്കുകയും പൊറുത്തു കൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രെ. അവനും ഞാനുമായി യാതൊരു ബന്ധവുമില്ല. ദൈവത്തിന്റെ ശാപത്തെ തൊട്ടു വളരെ ഭയമുള്ളവനായിരിക്കുവീൻ! അവൻ പരിശുദ്ധനും അഭിമാനിയുമത്രെ. ദുർവൃത്തൻ ദൈവ പ്രീതിയാർജിക്കുകയില്ല. അഹങ്കാരി ദൈവത്തിന്റെ സായൂജ്യം നേടുകയില്ല. അക്രമി അവന്റെ സാമീപ്യം സമ്പാദിക്കുകയുമില്ല. വഞ്ചകൻ അവന്റെ അടുക്കൽ സ്ഥാനം കരസ്ഥമാക്കുകയില്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവരാരും തന്നെ അവന്റെ സന്നിധി കൈവരിക്കുകയില്ല. **(കിശ്തി നൂഹ്)**



എഡിറ്റോറിയൽ

# നിഷ്ക്കളങ്കമായ മനുഷ്യസേവനം

മതം എന്നത് സ്രഷ്ടാവിനോടുള്ള ആരാധന മാത്രമല്ല; സൃഷ്ടികളോടുള്ള കടപ്പാടുകൂടിയാണ്. മനുഷ്യ വംശത്തെ മത-വംശ-ഭാഷാ-ദേശ പരിഗണന കൂടാതെയും പ്രത്യുപകാരം കാംക്ഷിക്കാതെയും ദൈവ പ്രീതിക്കായി സേവിക്കുക എന്നതാണ് ഖുർആന്റെ പാഠം. ഖുർആൻ പറയുന്നു:***'നീതിപുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മചെയ്യുന്നതിന്നും അടുത്ത ബന്ധുക്കൾക്കെന്നപോലെ (മറ്റുള്ളവർക്ക്) സഹായം നൽകുന്നതിനും അല്ലാഹു കൽപ്പിക്കുന്നു.'( 16: 91)'അല്ലയോ വിശ്വസിച്ചവരെ ചെയ്ത ഉപകാരങ്ങൾ എടുത്ത് പറഞ്ഞും ഉപദ്രവ വാക്കുകൾ പറഞ്ഞും നിങ്ങളുടെ ദാധധർമങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത്.'(2:264).*** ഈ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) പറയുന്നു: *'ഉപകാരം ചെയ്കയാണെന്ന വിചാരവും കൃതജ്ഞതാ പ്രതീക്ഷയും കൂടാതെ അനുകമ്പാവേശത്തോടുകൂടി ഏറ്റവുമടുത്ത ബന്ധുക്കളൾക്കെന്നപോലെ അന്യർക്ക് നന്മചെയ്യുക. അതായത് അമ്മ സ്വന്തം മക്കൾക്ക് വാത്സല്യാതിരേകത്താൽ ഫലകാംക്ഷകൂടാതെ നന്മചെയ്യുന്നത് പ്രകാരം അന്യർക്ക് ഉപകാരം ചെയ്യുക തന്നെ. ഇത് പരോപകാരതയുടെ പരമമായ നിലയാകുന്നു.' (ഇസ്‌ലാംമത തത്ത്വജ്ഞാനം.)*

മതങ്ങൾക്കതീതമായി മനുഷ്യരെല്ലാം ദൈവത്തിന്റെ സൃഷ്ടികൾ എന്ന നിലക്ക് ഒന്നാകുന്നു. ആ രീതി യിലുള്ള വിശ്വമാനവിക സ്നേഹവും മനുഷ്യ സേവനവുമാണ് ഇസ്‌ലാം കാംക്ഷിക്കുന്നത്. മനുഷ്യബന്ധങ്ങൾ ശക്തിപ്പെടുത്താൻ മതങ്ങൾ മുന്നോട്ടു വരേണ്ടതുണ്ട്. റസൂൽ തിരുമേനി(സ) തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നടത്തിയ ഹൃദയ സ്പൃക്കായ ഉപദേശത്തിൽ നിന്നുള്ള വിശ്വ മാനവീയ അവബോധമാണ് ഇസ്‌ലാമിന്റേത്. *'ജനങ്ങളേ നിങ്ങളുടെ ദൈവം ഏകനാകുന്നു. നിങ്ങളുടെ ആദി പിതാവും ഒരാളാണ്. നിങ്ങളെല്ലാം ആദമിന്റെ മക്കളാണ്. ആദമാകട്ടെ മണ്ണിൽ നിന്ന്. സൃഷ്ടിക്കപ്പെട്ടു."*

വിശ്വാസത്താലും ധർമ്മവിചാരത്താലും വികാര സാന്ദ്രമായ മതങ്ങൾക്ക് മറ്റേതൊരു പ്രസ്ഥാന ത്തേക്കാളും കാരുണ്യത്തിന്റെ ദിവ്യമഹാപ്രവാഹങ്ങൾ സൃഷ്ടിക്കാൻ കഴിവുണ്ട്. രാഷ്ട്രീയ ലക്ഷ്യങ്ങൾ പോലെയുള്ള പരിമിത ഭൗതിക ലക്ഷ്യങ്ങളും തങ്ങളിൽ മാത്രം ഒതുങ്ങുന്ന നന്മയുമാണ് മത സമൂഹങ്ങളു ടെ ദൈവികത നശിപ്പിക്കുന്നത്. ലക്ഷ്യങ്ങളുടെ ശുഷ്ക്കത മനുഷ്യനിലെ ദിവ്യമായ സദ്വികാര ഗ്രന്ഥികളെയും ശുഷ്ക്കമാക്കുന്നു. കുഞ്ഞിന്റെ കരച്ചിൽ കേൾക്കുമ്പോൾ മാതാവിന്റെ സ്തനത്തിൽ സ്വയമേവ പാൽ നിറയുന്നത് പോലെ മനുഷ്യരുടെ വിലാപ ശബ്ദങ്ങൾക്ക് ചെവിയോർത്ത് സേവനത്തിന്റെ ദൂതുമായി അവിടെ ചെന്നെത്താൻ ഇസ്‌ലാം മനുഷ്യനോട് ഉപദേശിക്കുന്നു. മനുഷ്യ തീരങ്ങളിലേക്ക് കൂലംകുത്തിയൊഴുകുന്ന മഹാ പ്രവാഹമായി മനുഷ്യ ഹൃദയങ്ങളിൽ നിന്ന് കാരുണ്യവും അനുകമ്പയും പ്രവഹിപ്പിക്കാൻ ഇസ്‌ലാമിക ധാർമികതക്ക് കഴിയും. ലോകത്ത് ദാരിദ്ര്യവും പട്ടിണിയും രോഗങ്ങളും ദുഃഖങ്ങളും ഇല്ലാതാക്കാൻ ദൈവിക ചിന്തയാൽ ആർദ്രമായ നിസ്വാർഥവും നിഷ്ക്കളങ്കവുമായ മനുഷ്യ ഹൃദയങ്ങളുടെ ശേഷി എല്ലാ മതങ്ങളും തിരിച്ചറിയേണ്ടതുണ്ട്. അധികാരത്തിന്റെ പിൻബലമില്ലാതെ സ്നേഹം കൊണ്ട്, ഭൂമിയിൽ തന്നെ സ്വർഗം പണിയാൻ മതങ്ങൾക്ക് കഴിയും. ഇന്ന് മതങ്ങൾ ഏതെങ്കിലും സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ അവ സങ്കീർണവും അസ്വസ്ഥ ജനകവും ആശങ്കാ ഭരിതവുമാവുന്നു. മതങ്ങളെ പറ്റി ഇത്തരം ഭീതി എത്രത്തോളമുണ്ടോ അത്രത്തോളം മതങ്ങളും സമൂഹവും ദുഷിച്ചു പോയിരിക്കുന്നു എന്ന് നാം മനസ്സിലാക്കണം. ഖുർആൻ പറഞ്ഞത് പോലെ അടുത്ത ബന്ധുക്കൾ ക്കെന്നപോലെ യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെയുള്ള മനുഷ്യ സേവനമാണ് മതങ്ങൾ കാഴ്ച്ച വെക്കേണ്ടത്. അത് ഈ ഭൂമിയെ മറ്റൊരു ഭൂമിയാക്കി മാറ്റും. അല്ലാഹു പറയുന്നു:

***'ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നത് വരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല.'(13:12)***



ഹദ്റത്ത് അഹ്മദ് (അ)

# ഹജ്ജ്: മനുഷ്യ രാശിയുടെ ഏകതാ ദർശനം

അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ ശാശ്വതമായ ദൈവിക ദാസ്യത്തിന് വേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യ സമുദായത്തിനും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർധനവ് കാരണം മനുഷ്യ സമുദായത്തിൽ രൂപമെടുത്തിട്ടുള്ള ഭിന്നതകൾ തന്നെയും പൂർണ മായ മനുഷ്യൈക്യത്തിന് വേണ്ടിയുള്ള മുന്നൊരു ക്കമായിരുന്നു. ആദ്യം മനുഷ്യ സമുദായത്തിൽ ഏകതയുടെ വിഭിന്ന ശാഖകൾ സ്ഥാപിച്ചു കൊണ്ട് പിന്നീട് പൂർണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനാണ് ദൈവം ഇച്ഛിച്ചിരിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഒരോ സമുദായത്തിനും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം ബന്ധപ്പെടുന്നതിന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം.

സമുദായങ്ങളുടെ ചെറിയ ചെറിയ ഘടകങ്ങൾ തമ്മിൽ പരിചയപ്പെടുന്നതോടെ മുഴുവൻ സമുദായങ്ങളെയും ഒരു സമുദായമാക്കി ഒന്നിപ്പിക്കാനാണ് ദൈവം ഇച്ഛിച്ചിരിക്കുന്നത്. ഉദാഹരണമായി ഒരാൾ ഒരു തോട്ടം നിർമിക്കുന്നുവെന്നിരിക്കട്ടെ. തോട്ടത്തിലെ വ്യത്യസ്തങ്ങളായ ചെടികളെ വ്യത്യസ്തങ്ങളായ ഗണങ്ങളായി വേർതിരിക്കുകയും അതിൽപിന്നെ തോട്ടത്തിന് ചുറ്റുമായി മതിൽകെട്ടി വൃക്ഷങ്ങളെല്ലാം ഒരൊറ്റ വൃത്തത്തിന് മേൽ ഒതുക്കുകയും ചെയ്യുന്നു. ഇതിലേക്ക് തന്നെയാണ് വിശുദ്ധ ഖുർആൻ സൂചന നൽകിയിരിക്കുന്നത്.

*'ഓ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നബിമാരേ, വിവിധ സമുദായങ്ങളിൽ നിന്ന് ലോകത്ത് ഒരുമിച്ചുകൂടിട്ടുള്ള ഈ മുസ്ലിംകളായ നിങ്ങളെല്ലാവരും ചേർന്ന് ഒരു സമുദായമാകുന്നു. അവർ എല്ലാവരിലും വിശ്വസിക്കുന്നു. ഞാൻ നിങ്ങളുടെ ദൈവം ആകയാൽ നിങ്ങളെല്ലാം ഒന്നു ചേർന്ന് എന്നെ ആരാധിക്കുവിൻ ' (21:93)* അനുക്രമമായി ഐക്യത്തിന്റെ ഉദാഹരണം ഇതാണ്. ഓരോ മഹല്ലിലെയും ആളുകൾ തങ്ങളുടെ മഹല്ലുകളിലെ പള്ളികളിൽ അഞ്ചുനേരം ഒരുമിച്ചു കൂടുന്നതിന് കൽപ്പിക്കുന്നു. പിന്നീട് പട്ടണത്തിലെ മുഴുവൻ ജനങ്ങളും ഏഴാം ദിവസം ജാമിഅ മസ്ജിദിൽ എന്നുവെച്ചാൽ എല്ലാവർക്കുമൊരുമിച്ചു കൂടാൻ സൗകര്യമുള്ള വലിയൊരു പള്ളിയിൽ ഒന്നിച്ചു ചേരാൻ കൽപ്പിച്ചു. പിന്നെ ജീവിതത്തിലൊരിക്കൽ ലോകത്ത് മുഴുവനുമുള്ള ജനങ്ങൾ ഹജ്ജിന്റെ അവസരത്തിലൊരിടത്ത് അതായത് പരിശുദ്ധ മക്കയിൽ സമ്മേളിക്കുവാനും കൽപ്പിച്ചു. അങ്ങനെ അല്ലാഹുക്രമത്തിൽ ക്രമത്തിലായി സമുദായത്തിന്റെ ഐക്യം ഹജ്ജ് വേളയിൽ പരിപൂർണതയിൽ എത്തിച്ചു. *(ചശ്മയെ മഅ്രിഫ)*



# വിശ്വാസം സമ്പൂർണമാവാൻ സൽക്കർമങ്ങൾ ആവശ്യമാണ്

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 സെപ്റ്റംബർ 19 ന് മസ്ജിദ് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വിശുദ്ധ ഖുർആനിൽ അല്ലാഹു തആലാ ഈമാനോടൊപ്പം സൽക്കർമങ്ങളും വെച്ചിരിക്കുന്നു. ഒട്ടും കേടില്ലാത്തതിനാണ് അമലെ സ്വാലിഹ് അഥവാ സൽക്കർമം എന്നു പറയുന്നത്. മനുഷ്യന്റെ കർമങ്ങളിൽ എപ്പോഴും പൊടിപടലങ്ങൾ പതിക്കാറുണ്ട്. അതെന്താണ്? റിയാകാരി. അതായത് മറ്റുള്ളവരെ കാണിക്കാൻവേണ്ടി ഒരു കർമം ചെയ്യുക. അത് ചെയ്തിട്ട് സന്തോഷിക്കുകയും ചെയ്യുന്നു എന്നതാണ് അദ്ഭുതം. അതായത് സ്വാർഥപരമായി ഉണ്ടാകുന്ന സന്തോഷം. 'അവനിൽനിന്നുണ്ടാകുന്ന പലതരത്തിലുള്ള തിന്മകളും പാപങ്ങളുംകൊണ്ട് കർമങ്ങൾ നിഷ്ഫലമായിപ്പോകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ദൃഢനിശ്ചയത്തോടും ഉറച്ച പ്രതിജ്ഞയോടുംകൂടി കർമങ്ങളിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഉറപ്പും ശക്തവുമായ പ്രതിജ്ഞ ചെയ്യുക.'

അവിടന്ന് ഈമാനിനെ ഒരു വൃക്ഷത്തോട് ഉപമിച്ചുകൊണ്ട് പറഞ്ഞു: 'ഈമാൻ അഥവാ സത്യവിശ്വാസം ഒരു വൃക്ഷംപോലെയാണ്.ഏറ്റവും നല്ല വൃക്ഷത്തേയും പ്രയോജനപ്പെടുന്നതാക്കാൻ അതിനെ സംരക്ഷിക്കേണ്ടതായി വരുന്നു. അപ്പോഴാണ് വൃക്ഷം പ്രയോജനപെടുന്നത്. അതിനെ ശ്രദ്ധിക്കുമ്പോഴാണ് അത് നശിക്കാതെ നിലനില്ക്കുന്നത്. അതിലേക്ക് ശ്രദ്ധിക്കേണ്ടതായി വരുന്നു. ഇതേപ്രകാരം ഈമാനിനേയും സമ്പൂർണമാക്കുന്നതിന് കർമങ്ങളുടെ ആവശ്യമുണ്ട്. തങ്ങളുടെ ഈമാനിനെ കർമങ്ങളിലൂടെ പ്രാവർത്തികമാക്കുകയും ചെയ്യണം. കാരണം കർമം കൂടാതെ ഈമാനുണ്ടായിട്ടും അല്ലെങ്കിൽ ഈമാനുണ്ടെന്ന വാദമുണ്ടായിട്ടും മുഅ്മിൻ എന്ന് പറയപ്പെടുകയില്ല. കർമമില്ലാത്ത മനുഷ്യൻ മനോഹരമായ ശാഖകൾ വെട്ടിമുറിച്ച് വികലമാക്കപ്പെടുകയും ഫലങ്ങൾ നഷ്ടപ്പെടുത്തികളയുകയും ചെയ്യുന്ന വൃക്ഷംപോലെയാണ്. ആ വൃക്ഷത്തിന്റെ ശാഖകളിൽനിന്ന് തണൽ നിഷേധിക്കപ്പെടുകയും ഒരുതരത്തിലുള്ള പ്രയോജനം ഉണ്ടാകാതിരിക്കുകയും ചെയ്യുന്ന വൃക്ഷത്തിലേക്ക് ആരും നോക്കുകയില്ല. അതിലേക്ക് ആരും ശ്രദ്ധിക്കുകയുമില്ല.

'ഹരിതാഭമായി നില്ക്കുകയും മനോഹാരിത കാണാൻ കഴിയുകയും കാലാകാലങ്ങളിൽ പൂക്കുകയും കായ്ക്കുകയും ഉഷ്ണകാലത്ത് തണൽ നല്കുകയും

ചെയ്യുന്ന ഭംഗിയുള്ള ചെടികളേയും വൃക്ഷങ്ങളേയുമായിരിക്കും എല്ലാവരും നോക്കുകയും ശ്രദ്ധിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നത്. ഈമാൻ വേരുപോലെയാണെന്നതിന് സംശയമൊന്നുമില്ല. തന്റെ ഈമാൻ ശക്തമാണെന്ന് ഒരു മുസൽമാൻ വാദിക്കുമെന്നതിലും സംശയമില്ല. അതിന്റെ പ്രകടനം നാം അധികം മുസ്‌ലീംകളിലും കാണുന്നുണ്ട്. ദീനിന്റെ അഭിമാനവും അവർക്കുണ്ട്. ഇസ്‌ലാമിന്റെ പേരിൽ മരിക്കാനും ഒരുപാടാളുകൾ തയ്യാറാണ്. പക്ഷേ, ലോകത്തിന് ഫലം ചെയ്യുന്ന ആ മനോഹരവും നല്ല സൗന്ദര്യമുള്ളതുമായ വൃക്ഷമോ തോട്ടമോ പോലെയാണോ അവർ? ജനങ്ങൾ അതിന്റെ മനോഹാരിത കണ്ടിട്ട് അതിലേക്ക് നിസ്സങ്കോചം അടുത്തു വരുന്നുണ്ടോ? മുഹമ്മദ് മുസ്തഫാ(സ)കൊണ്ടുവന്ന ആ ദീൻ- അത് ശത്രുക്കളെപ്പോലും തന്നിലേക്ക് വലിച്ചടുപ്പിച്ച് സുഹൃത്തുക്കളാക്കി എന്നു മാത്രമല്ല അതിയായ സ്നേഹത്തിൽ അവരെ കീഴടക്കുകയും ചെയ്തിരുന്നു. ആ മുസ്‌ലീംകളുടെ ഈ മഹത്തായ സ്ഥാനത്തിന് കാരണം അവരുടെ ഈമാനോടൊപ്പം അവരുടെ എല്ലാ കർമങ്ങളും ഉപകാരം ചെയ്യുന്നതായിരുന്നു എന്നതാണ്. അതുകൊണ്ട് ഈമാനുണ്ടെന്നുള്ള കേവല വാദവും പ്രകടനവും അതിന്റെ വേരിന് ശക്തിയുണ്ടെന്നുള്ള പ്രഖ്യാപനവും, സൽകർമങ്ങളുടെ ഹരിത ശാഖകളും ഫലങ്ങളും മനോഹാരിത കാണിക്കാതിരിക്കുകയും ഉപകാരം എത്തിക്കാതിരിക്കുകയും ചെയ്യുന്നിടത്തോളം ഒന്നിനും പറ്റുന്നതല്ല. ഇത് മനോഹാരിതയുള്ളതും പ്രയോജനപ്പെടുന്നതുമാണെങ്കിൽ ലോകവും അതിലേക്ക് ശ്രദ്ധിക്കുന്നതാണ്. അതിനു ചുറ്റും സംഘടിക്കുകയും അതിന്റെ സംരക്ഷണത്തിനായി പരിശ്രമിക്കുകയും ചെയ്യും. ഇതുകൊണ്ട് അല്ലാഹു എല്ലാ മുസ്‌ലീംകളോടും ഈമാനിൽ ശക്തിയാർജിക്കാൻ മാത്രം പറഞ്ഞില്ല. പ്രത്യുത ഈമാനെക്കുറിച്ച് പറഞ്ഞിട്ടുള്ള ഏകദേശം എല്ലായിടത്തും ഈമാനെ സൽകർമങ്ങളുമായി ചേർത്ത് സോപാധികമായിട്ടാണ് പറഞ്ഞിട്ടുള്ളത്. ഈ അവസ്ഥ സൃഷ്ടിക്കുന്നതിനായി അല്ലാഹു തആലാ നബിമാരെ അയച്ചു. സത്യവിശ്വാസികളിൽ ഈ അവസ്ഥ ഉണ്ടാകുന്നത് കാലത്തിന്റെ നബിയുമായി ബന്ധമുണ്ടാകുമ്പോഴാണ്. അമുസ്‌ലീംകളുടെ സ്നേഹത്തെ സ്വരുക്കൂട്ടിയ മതത്തിനുവേണ്ടി മുസ്‌ലിം ഭരണകൂടങ്ങളുടെ സംരക്ഷണത്തിനായി അമുസ്‌ലീംകളും മുസ്‌ലീംകളുടെ ഭാഗത്ത്നിന്ന് പൊരുതാൻ തയ്യാറായി. ഇന്ന് ആ മതത്തിന്റെ അവസ്ഥ എന്താണ്. അവർ അമുസ്‌ലീംകളെ എന്ത് ആകർഷിക്കാൻ? മുസ്‌ലീംകളുടെതന്നെ പരസ്പരമുള്ള അവസ്ഥ സൽകർമങ്ങളുടെ കുറവ് കാരണം **ഫീ ഖുലൂബിഹിം ശത്താ** എന്നതിന്റെ ദൃശ്യമാണ് അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതായത് അവരുടെ ഹൃദയങ്ങൾ പൊട്ടിപ്പിളർന്നതാണ്. '(59:15) ഇന്ന് ഈ ശരിയായ കർമങ്ങളുടെ ചിത്രം സമർപിക്കേണ്ടത് കാലത്തിന്റെ ഇമാമിനേയും നബിയേയും വിശ്വസിച്ചിട്ടുള്ള അഹ്മദിയുടെ ജോലിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തൊന്നുമാത്രമാണ് അല്ലാഹു നട്ട വൃക്ഷം. അതിന്റെ വേരുകൾ സുശക്തമാണ്. ശാഖകൾ ഹരിതവും മനോഹരമായതും ഫലം നല്കുന്നതുമാണ്. അത് ജനങ്ങളെ തന്നിലേക്ക് ആകർഷിച്ചെടുക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നമുക്ക് ഇസ്‌ലാമിന്റെ അധ്യാപനം പരിചയപ്പെടുത്തിയതുകൊണ്ടാണ് ഇതെല്ലാം ഉണ്ടായിട്ടുള്ളത്. നബി(സ)തിരുമേനിയുടെ ജീവിത പാതയിലൂടെ നടക്കാൻ പ്രേരണ നല്കി, സമ്മർദം ചെലുത്തി, ശ്രദ്ധ ക്ഷണിച്ചു. അതിന്റെ പ്രാധാന്യം വ്യക്തമാക്കി. ആഫ്രിക്കയിൽ ഒരിടത്ത് ഒരു പള്ളി ഉദ്ഘാടനം നടക്കുകയായിരുന്നു. അവിടെത്തെ ചീഫ് ക്രിസ്ത്യാനിയായിരുന്നു. അദ്ദേഹത്തേയും ക്ഷണിച്ചു. അദ്ദേഹവും പങ്കെടുത്തു. അദ്ദേഹം പറഞ്ഞു: 'ഞാൻ ഇവിടെ വന്നത് നിങ്ങളോടുള്ള സ്നേഹംകൊണ്ടല്ല. തങ്ങളുടെ പള്ളി ഉദ്ഘാടന വേദിയിലേക്ക് അമുസ്‌ലിമും ക്രിസ്ത്യാനിയുമായ ഒരാളെ ക്ഷണിച്ച ഇക്കാലത്തെ ഏത് മുസൽമാനാണെന്ന് നോക്കാനാണ് വന്നത്. ഇവിടെ വിവിധമതങ്ങളിലെ ആളുകൾ കൂടിയിരിക്കുന്നത് കണ്ടപ്പോൾ എനിക്ക് അതിലേറെ അദ്ഭുതം തോന്നി. അഹ്മദി സ്വയം മുസ്‌ലിമായിരുന്നിട്ടും ഉന്നതമായ സ്വഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിന് ഉദാഹരണം വേറെങ്ങുമില്ല.'

അതിനാൽ വിശുദ്ധ ഖുർആൻ പറഞ്ഞിട്ടുള്ള വൃക്ഷമാണിത്. അതിന്റെ വേരുകളും മണ്ണിൽ ശക്തമായിരിക്കുന്നു. ഈമാനും സൽകർമങ്ങളും കാരണത്താൽ മനുഷ്യനെ വൃക്ഷത്തോടു ഉപമിക്കുകയാണെങ്കിൽ അതിന്റെ ഹരിതശാഖകളും ആകാശത്തിന്റെ ഉന്നതികളെ സ്പർശിക്കുന്നവയാണ്. ഞാൻ പറഞ്ഞതുപോലെ കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിച്ച കാരണത്താൽ ഈമാന്റെ ശക്തിയോടുകൂടി ഹരിതശാഖകളും ആയിത്തീരേണ്ടത് ഓരോ അഹ്മദിയുടേയും നിർബന്ധ കടമയാണ്. ഹരിതശാഖകളുടെ മനോഹരമായ ഇലകളായിത്തീരുക. അതിൽ പിടിക്കുന്ന മനോഹരമായ പൂവും കായും ആയിത്തീരുക. അത് ലോകത്തിന് മനോഹരമായി കാണാൻ കഴിയുക മാത്രമല്ല പ്രത്യുത ഉപകാരപ്പെടുന്നതുമായിരിക്കണം. എല്ലാതരത്തിലുള്ള കലഹങ്ങൾ, വഴക്കുകൾ, ഏഷണി പറയുന്ന ശീലങ്ങൾ, മറ്റുള്ളവരെ നിന്ദിക്കൽ, ദയയില്ലായ്മ, ഉപകാരം ചെയ്തിട്ട് എടുത്ത് പറയുന്നവരിൽ ഉൾപെടരുത്. എന്നല്ല അതിൽനിന്നെല്ലാം മാറിനില്ക്കുന്നവരായിരിക്കണം. ഉന്നത സ്വഭാവം പ്രകടിപ്പിക്കുന്നവരായിരിക്കണം. വിശുദ്ധ ഖുർആൻ നമ്മളോട് ഉന്നത സ്വഭാവം സ്വായത്തമാക്കാനും സൽകർമങ്ങൾ അനുഷ്ഠിക്കാനും ആവർത്തിച്ചാവർത്തിച്ച് ഉപദേശിക്കുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **യാ അയ്യുഹല്ലദീന ആമനൂ ലാ തുബ്ത്തിലൂ സ്വദഖാത്തിക്കും ബിൽമന്നി വൽ അദാ.** വിശ്വസിച്ചവരേ! ചെയ്ത ഉപകാരങ്ങൾ എടുത്തു പറഞ്ഞും ഉപദ്രവവാക്കു

കൾ പറഞ്ഞും നിങ്ങളുടെ ദാനധർമ്മങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത്(2:265)കാരണം ഈ പ്രവർത്തികൾ ചെയ്യുന്നത് അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കാത്തവരാണ്. അവരുടെ ഈമാൻ ബലഹീനമാണ്. വെറും ബലഹീനമാണെന്നല്ല, മറിച്ച് ഈമാനിൽനിന്ന് ശൂന്യമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ പല പ്രമാണങ്ങൾ ഉദ്ധരിച്ചുകൊണ്ട് സത്യവിശ്വാസിയെ ആവർത്തിച്ചാവർത്തിച്ച് ഉപദേശിക്കുന്നത് ഈമാനോടൊപ്പം സൽക്കർമം നിർബന്ധമാണെന്നാണ്. അതിന് വിവിധതരത്തിലുള്ള നേട്ടങ്ങളാണുള്ളത്. ഒരു സത്യവിശ്വാസി സൽക്കർമങ്ങളോടുകൂടി മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്നിടത്ത് അവൻ സ്വയവും അതിന്റെ മധുര ഫലം ഭുജിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് വിശ്വസിക്കുന്നവരും സൽക്കർമങ്ങൾ ചെയ്യുന്നവരും അല്ലാഹുവിന്റെ പൊറുക്കൽ കരസ്ഥമാക്കുന്നവരായിരുക്കുമെന്ന് അല്ലാഹു പറയുന്നു. അവർ സ്വർഗങ്ങളിൽ ഉന്നത സ്ഥാനം പ്രാപിക്കും. പിന്നീട് അല്ലാഹു ഒരിടത്ത് പറയുന്നു: **ഇന്നല്ലദീന ആമനൂ വ അമിലുസ്സ്വാലിഹാത്തി സയജ്അലു ലഹുമുർറഹ് മാനു വുദ്ദാ**. തീർച്ചയായും വിശ്വസിക്കുകയും സൽക്കർമങ്ങൾ ചെയ്യുകയും ചെയ്തവർക്കുവേണ്ടി അല്ലാഹു 'വുദ്ദ്' ഉണ്ടാക്കുന്നതാണ്.(19:97) 'വുദ്ദ്' എന്നതിന്റെ അർഥമാണ് അഗാധമായ സ്നേഹം, ബന്ധം. ഉപരിപ്ലവമായിട്ടുള സ്നേഹമോ പ്രേമവായ്പോ അല്ല. അഗാധമായ സ്നേഹവും ബന്ധവുമാണ്. ഒരിക്കലും മുറിച്ചുനീക്കാൻ പറ്റാത്ത ശക്തമായ ബന്ധം. എത്തരത്തിലുള്ള അഗാധ ബന്ധമെന്നാൽ, മണ്ണിൽ പില്ലർ അടിച്ചു താഴ്ത്തുമ്പോൾ അത് എത്രമാത്രം ശക്തമാകുന്നുവോ അതുപോലെ അത് നാട്ടുന്നതായിരിക്കും. അപ്രകാരം ആ സ്നേഹം മനസ്സിൽ ആഴ്ന്നിറങ്ങണം. ഈ വചനത്തിന്റെ ഉദ്ദേശ്യം ശക്തമായി വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്ന സത്യവിശ്വാസികളുടെ മനസ്സിൽ അല്ലാഹു തന്റെ സ്നേഹം പില്ലർപോലെ നാട്ടുമെന്നാണ്. ഇതുപോലെ അല്ലാഹുവിനോട് സ്നേഹമുള്ളവരായിരിക്കും. പിന്നീട് അവർ ഈമാനിലും സൽക്കർമങ്ങളിലും കൂടുതൽ വളർന്നു പോകും. അതുകൊണ്ട് ഒരു സത്യവിശ്വാസിക്ക് ഏതെങ്കിലും മനുഷ്യനെ ഉപദ്രവിക്കണമെന്ന് ചിന്തിക്കാനേ സാധ്യമല്ല. മനുഷ്യകുലത്തോടുള്ള സ്നേഹം നമ്മളിൽനിന്ന് ആഗ്രഹിക്കുന്നതും ഒരു യഥാർഥ വിശ്വാസി എപ്പോഴും ഉപകാരമെത്തിക്കാനുള്ള ചിന്തയിലായിരിക്കണമെന്നാണ്. ഞാൻ മുമ്പേയും പറഞ്ഞു വന്നതുപോലെ ഇക്കാര്യം മുസ്ലീംകളിലുണ്ടാകുകയാണെങ്കിൽ പരസ്പരം അവകാശങ്ങൾ ധ്വംസിക്കുന്നതും അക്രമം ചെയ്യുന്നതും മറ്റുള്ളവരെ കൊല്ലുന്നതും-അത് ഭരണകൂടങ്ങളിലുമുണ്ട് സംഘടനകളിലുമുണ്ട്, ഇക്കാലത്ത് വളരെ അധികമായിട്ട് കാണാൻ കഴിയുന്നുണ്ട്- ഒരിക്കലും കാണാൻ കഴിയുകയില്ല. അല്ലാഹുവിന്റെ അധ്യാപനമനുസരിച്ചുള്ള പ്രവർത്തനമേ ഉണ്ടാകുന്നില്ല. അതുകൊണ്ടാണ് ഇതെല്ലാം ഉണ്ടാകുന്നത്. ഇതെല്ലാം അല്ലാഹുവിന്റെ പേരിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതാണ് ഏറ്റവും വലിയ അക്രമം. 'വുദ്ദ്' ഉണ്ടാക്കുക എന്ന് അല്ലാഹു പറയുമ്പോഴാണിത്. ഹൃദയത്തിൽ ആഴ്ന്നിറങ്ങി ശക്തമാകുന്ന സ്നേഹമുണ്ടാക്കുക. മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്നവരായിത്തീരുക. യഥാർഥ അധ്യാപനമനുസരിച്ച് പ്രവർത്തനം ഉണ്ടാകുകയാണെങ്കിൽ ഈ പീഡിപ്പിക്കലും ദ്രോഹിക്കലും കാണാനേ കഴിയുകയില്ല. ഇസ്ലാമിന്റെ തണൽനല്കുന്ന വൃക്ഷത്തിന്റെ മനോഹരമായ ഭാവന ലോകമനസ്സുകളിൽ പൊന്തി വരുന്നതാണ്.

ഈ ആയത്തിന്റെ അർഥം ഇങ്ങനേയുമാകാം. മനുഷ്യകുലത്തിന്റെ മനസ്സുകളിൽ മുസ്ലീംകളുടെ സ്നേഹം പില്ലർപോലെ നാട്ടുക. അങ്ങനെ ചെയ്യാൻ അല്ലാഹു കഴിവുള്ളവനാണ്. പക്ഷേ, അവൻ ഇക്കാര്യം കരസ്ഥമാക്കുന്നതിന് വിശ്വാസത്തോടൊപ്പം സൽക്കർമത്തിന്റെ ഉപാധി വെച്ചിരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ആദ്യകാല മുസ്ലീംകളോടുള്ള സ്നേഹം ജനഹൃദയങ്ങളിൽ-അല്ലാഹു ക്രിസ്ത്യാനികളുടേയും യഹൂദികളുടേയും ഹൃദയങ്ങളിൽ മുസ്ലീംകളെ സംബന്ധിച്ച് ഉണ്ടാക്കിയിരുന്ന സ്നേഹം എത്രമാത്രം ആയിരുന്നുവെന്ന് വെച്ചാൽ മുസ്ലീംകൾ നാടുവിട്ട് പോകുമ്പോൾ അവർ കരയുകയും അവർ മടങ്ങി വരുന്നതിനായി പ്രാർഥിക്കുകയും ചെയ്തിരുന്നു. എന്നല്ല ചരിത്രങ്ങളിൽ ഇങ്ങനേയും പറയുന്നുണ്ട്, യഹൂദികൾ പറഞ്ഞിരുന്നു: 'ഞങ്ങൾക്ക് ജീവൻ ബലിയർപിക്കേണ്ടി വന്നാലും ക്രൈസ്തവ സൈന്യത്തെ ഇവിടെ പ്രവേശിക്കാൻ ഞങ്ങൾ അനുവദിക്കുകയില്ല. നിങ്ങൾ ഇവിടെത്തന്നെ താമസിക്കുക. നിങ്ങളെ ഞങ്ങൾ സംരക്ഷിക്കുന്നതാണ്.' ഇത് മുസ്ലീംകളിൽനിന്ന് എല്ലാ തലങ്ങളിലും പ്രകടമായിക്കൊണ്ടിരുന്ന സൽക്കർമങ്ങളുടെ ഫലമായിരുന്നു. അത് ഈ മനോഹരമായ വൃക്ഷത്തിലേക്ക് ജനശ്രദ്ധ കൊണ്ടു വരികയും ലോകത്തിന് ഉപകാരം നല്കുകയും ചെയ്തു.

ഈമാനിന്റെ വേരിനെ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ഇസ്ലാമിന്റെ മനോഹാരിതയിലേക്ക് ലോകത്തെ ആകർഷിക്കുന്ന സൽക്കർമങ്ങളുടെ ആ മനോഹരമായ ഇലകളും ശാഖകളും ഫലങ്ങളുമായിത്തീരുക എന്നത് ഇന്ന് നബി (സ)തിരുമേനിയുടെ സത്യസന്ധനായ ദാസന്റെ ദാസരുടെ നിർബന്ധ കടമായാണ്. അത് മറ്റു ജനങ്ങൾക്ക് ഉപകാരം എത്തിക്കുന്നതായിരിക്കണം. നമ്മൾ അല്ലാഹുവുമായിട്ട് സ്നേഹം ഉണ്ടാക്കുന്നവരാകണം. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരുമാകണം. മനുഷ്യകുലത്തെ സ്നേഹിക്കുന്നതിന് മുൻതൂക്കം കൊടുക്കുന്നവരാകണം. മനുഷ്യകുലത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നവരാകണം. കാരണം ഇതു കൂടാതെ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നവ

രാകുകയില്ല. നമ്മുടെ കർമങ്ങളിലേക്ക് ശ്രദ്ധിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)പലപ്രാവശ്യവും തന്റെ ഗ്രന്ഥങ്ങളിലും നിർദേശങ്ങളിലും മജ്‌ലിസുകളിലും നമ്മോട് പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ചുള്ളതും ജനങ്ങളെ പ്രയാസങ്ങളിൽനിന്ന് മോചിപ്പിക്കുന്നതുമായ സൽക്കർമങ്ങൾ ചെയ്യുക. ചില ലിഖിത ശകലങ്ങൾ ഞാൻ നിങ്ങളുടെ മുമ്പിൽ സമർപിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ പറഞ്ഞു:'എന്റെ അധ്യാപനമനുസരിച്ച് നിങ്ങൾ പ്രവർത്തിക്കേണ്ടതാണ്.' 'നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നവർ നമ്മുടെ അധ്യാപനത്തെ തന്റെ പ്രവർത്തന രൂപരേഖയായി അംഗീകരിക്കുന്നവരാണ്. തന്റെ കഴിവും പരിശ്രമവുമനുസരിച്ച് അത് നടപ്പിൽ വരുത്തുന്നവരാണ്. എന്നാൽ, വെറും പേരുവെച്ചുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാത്തവൻ ഓർമിച്ചുകൊള്ളട്ടെ! അല്ലാഹു ഈ ജമാഅത്തിനെ ഒരു പ്രത്യേക ജമാഅത്താക്കാൻ തീരുമാനിച്ചിരിക്കുന്നു. യഥാർഥത്തിൽ ജമാഅത്തിലില്ലാത്തവൻ വെറും പേര് എഴുതിച്ചതുകൊണ്ട് ജമാഅത്തിലാകുകയില്ല.ജമാഅത്തിൽ നിന്ന് വേർപെട്ടുപോകുന്ന ഏതെങ്കിലും ഒരു നേരം അവന് വരുന്നതാണ്. അതുകൊണ്ട് നിങ്ങളുടെ കർമങ്ങളെ നിങ്ങൾക്ക് നല്കപ്പെടുന്ന ഈ അധ്യാപനത്തിന് വിധേയമാക്കിക്കൊള്ളുക.

'കർമങ്ങൾ ചിറകുകൾ പോലെയാണ്. കർമങ്ങൾ കൂടാതെ മനുഷ്യന് ആത്മീയ പദവികളിലേക്ക് പറക്കാൻ സാധിക്കുകയില്ല. അതിന്റെ താഴെവെച്ചിരിക്കുന്ന ആ ഉന്നതമായ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കാൻ ഒക്കുകയില്ല. ഓരോരുത്തരും അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. അല്ലാഹുവിനോടുള്ള ഭയം അവരെ ഓരോ നന്മയുടേയും അനന്തരാവകാശികളാക്കും. ആരാണോ അല്ലാഹുവിനെ ഭയപ്പെടുന്നത് അവൻതന്നെയാണ് സാത്വികൻ. കാരണം ആ ഭയംനിമിത്തം അവനൊരു ഉൾക്കാഴ്ച ലഭിക്കുന്നു. അതുമുഖേന അവൻ പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നു. അല്ലാഹുവിന്റെ ഔദാര്യങ്ങളിലും പാരിതോഷികങ്ങളിലും ഉദാരതകളിലും ചിന്തിച്ച് ലജ്ജിതരാകുന്നവരും അവനെ ധിക്കരിക്കുന്നതിൽനിന്നും ആജ്ഞാലംഘനത്തിൽനിന്നും രക്ഷപ്പെടുന്നവരും ഒരുപാട് ആളുകളുണ്ട്. അവന്റെ കോപത്തെ ഭയപ്പെടുന്ന ഒരു തരം ആളുകളുമുണ്ട്. വാസ്തവമെന്താണെന്നുവച്ചാൽ അതെല്ലാം ഉരച്ചുനോക്കുമ്പോൾ നല്ലതായി തെളിഞ്ഞു വരുന്നവരാണ് നല്ലവർ. സ്വയം മുത്തഖിയാണെന്ന് കരുതി വഞ്ചിതരാകുന്ന ചിലരുമുണ്ട്. അല്ലാഹുവിന്റെ സത്താർ എന്ന നാമത്തിന്റെ വെളിപ്പെടൽ ഉണ്ടാകുന്ന നേരത്ത് അവന്റെ ഓഫീസിൽ മുത്തഖി എന്ന് എഴുതപ്പെടുന്നവരാണ് യഥാർഥ മുത്തഖി. പക്ഷേ, ഖിയാമത്തുനാൾ(ഇഹലോകത്താണ് അല്ലാഹു തെറ്റുകുറ്റങ്ങൾ വരച്ചു വെക്കുന്നത്)എല്ലാം വെളിപ്പെടുമ്പോൾ സത്യാവസ്ഥകൾ പുറത്തുവരുന്നതാണ്. ആ വെളിപ്പെടുന്ന നേരത്ത് ഇവിടെ മുത്തഖികളായി കണ്ടിരുന്ന പലരും വലിയ കുറ്റവാളികളും ആജ്ഞാലംഘകരുമായി കാണും. സൽകർമം നമ്മുടെ പദ്ധതിയും നമ്മുടെ നിശ്ചയപ്രകാരവും നടക്കുകയില്ലെന്നതാണ് അതിനു കാരണം. യഥാർഥത്തിൽ സൽകർമം എന്ന് പറയുന്നത് ഒരു തരം കലഹവും ഇല്ലാത്തതാണ്.'

പിന്നീട് കർമങ്ങൾ ചെയ്യേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'മനുഷ്യൻ മനസ്സിലാക്കുന്നത് വെറും നാവുകൊണ്ട് കലിമ ചൊല്ലിയാൽ മതിയെന്നാണ്! വെറും അസ്തഗ്ഫിറുല്ലാഹ് എന്നു പറഞ്ഞാൽ മതിയെന്നാണ്! എന്നാൽ, ഓർക്കുക! നാവുകൊണ്ടുള്ള വാചകങ്ങൾ മതിയായതല്ല. മനുഷ്യൻ നാവുകൊണ്ട് ആയിരംവട്ടം അസ്തഗ്ഫിറുല്ലാഹ് പറഞ്ഞാലും നൂറുവട്ടം തസ്ബീഹ് ചൊല്ലിയാലും അതിന് ഒരു ഫലവും ഉണ്ടാകുകയില്ല. കാരണം അല്ലാഹു മനുഷ്യനെ മനുഷ്യനാക്കിയിരിക്കുകയാണ്. തത്തയാക്കിയിട്ടില്ല. നാവുകൊണ്ട് ആവർത്തിച്ചുകൊണ്ടിരിക്കുക എന്നത് തത്തയുടെ ജോലിയാണ്. പൊടിപോലും മനസ്സിലാക്കുന്നില്ല! മനുഷ്യന്റെ ജോലി നാവുകൊണ്ട് പറയുന്നത് മനസ്സിലാക്കി പറയുക എന്നതാണ്. അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.'

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'നല്ലവണ്ണം ഓർത്തുകൊള്ളുവിൻ! കർമങ്ങളില്ലാതെ, കൈകാലുകളും മറ്റു അവയവങ്ങളും കൊണ്ട് സൽകർമങ്ങൾ ചെയ്യാതെ വെറും പറച്ചിലും നാവുകൊണ്ടുള്ള 'ഖീലയുംഖാലയും' ഫലം ഉണ്ടാക്കുകയോ സ്വാധീനവും ചെലുത്തുകയോ ഇല്ല. അല്ലാഹു വിശുദ്ധ ഖുർആൻ അയച്ച് സ്വഹാബാക്കളെക്കൊണ്ട് സേവനം ചെയ്യിച്ചു. ഖുർആൻ ഓതിയാൽമാത്രംമതി, അതനുസരിച്ച് പ്രവർത്തനം ആവശ്യമില്ല എന്നാണോ അവർ മനസ്സിലാക്കിയിരുന്നത്? അവർ അനുസരണവും കൂറും കാണിച്ചു. ആടുമാടുകളെപ്പോലെ അറുക്കപ്പെട്ടു. പിന്നീട് അവർ എന്തൊന്ന് പ്രാപിക്കുകയും അല്ലാഹു അവരെ എത്രമാത്രം വിലമതിക്കുകയും ചെയ്തു എന്നത് മറഞ്ഞ കാര്യമല്ല.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'അല്ലാഹുവിന്റെ അനുഗ്രഹവും ഉപകാരവും കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ എന്തെങ്കിലും ചെയ്ത് കാണിക്കുക. ഇല്ലെങ്കിൽ ഒന്നിനും കൊള്ളാത്ത വസ്തുപോലെ വലിച്ചെറിയപ്പെടുന്നതാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഒരു മനുഷ്യനും തന്റെ വീട്ടിലെ നല്ല വസ്തുക്കളും സ്വർണവും വെള്ളിയും വെളിയിൽ വലിച്ചെറിയുകയില്ല. മറിച്ച് ആ വസ്തുക്കളെ പ്രയോജനമുള്ളതും വിലപിടിച്ചതുമായ വസ്തുക്കൾ സൂക്ഷിക്കുന്നതുപോലെ സൂക്ഷിച്ചുവെക്കുന്നു. എന്നാൽ, വീട്ടിൽ ഒരു എലി ചത്തുകിടക്കുന്നത് കണ്ടാൽ ഉടനെ അതിനെ എടുത്ത് വെളിയിലേക്ക് എറിയുന്നു. ഇപ്രകാരം അല്ലാഹു തന്റെ നല്ല ദാസരെ എപ്പോഴും സ്നേഹിക്കുന്നു. അവരുടെ ആയുസ്സ് വർധിപ്പിക്കുന്നു. അവരുടെ തൊഴിലുകളിൽ ഒരു അനു

ഗ്രഹം വെക്കുന്നു. അവർ അതിനെ നഷ്ടപ്പെടുത്തിക്കളയുകയില്ല. അവർക്ക് നിന്ദ്യമായ മരണം നല്കുകയുമില്ല.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'അല്ലാഹുവിന്റെ വലിയ്യ് ആകുക എന്നത് എളുപ്പമുള്ള കാര്യമല്ല. അത് വളരെ ദുഷ്കരമാണ്. കാരണം അതിനുവേണ്ടി തിന്മകളും ദുരുദ്ദേശ്യങ്ങളും ദുർവിചാരങ്ങളും ഉപേക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഇത് വളരെ പ്രയാസകരമായ ജോലിയാണ്. സ്വഭാവപരമായ ബലഹീനതകളേയും ദോഷങ്ങളേയും ഉപേക്ഷിക്കുക എന്നത് ചില നേരത്ത് വളരെ പ്രയാസകരമായിത്തീരുന്നു. ഒരു കൊലപാതകിക്ക് കൊല ഉപേക്ഷിക്കാൻ കഴിയും. ഒരു മോഷ്ടാവിന് മോഷണം ഉപേക്ഷിക്കാൻ കഴിയും. എന്നാൽ, ഒരു ദുസ്വഭാവിക്ക് കോപശീലം ഒഴിവാക്കുക എന്നത് പ്രയാസകരമായിത്തീരുന്നു. അല്ലെങ്കിൽ അഹങ്കാരിക്ക് അഹങ്കാരം ഉപേക്ഷിക്കുക എന്നത് പ്രയാസകരമായിത്തീരുന്നു. അല്ലാഹുവിന്റ മഹത്വത്തിനുവേണ്ടി തന്നത്താൻ ചെറുതാകുന്നവനെ അല്ലാഹു വലിയവനാക്കുന്നു. തന്നത്താൻ ചെറുതാകാത്തിടത്തോളം ആരും വലിയവരാകുകയില്ല എന്ന കാര്യം ഓർത്തുകൊള്ളുക. ബയ്അത്ത് ചെയ്ത ഒരാളെ, ഒന്നല്ല മൂന്നാളുകൾ ബയ്അത്ത് ചെയ്യാൻ വന്നിരുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ബയ്അത്തിനു ശേഷം അവരെ ഉപദേശിച്ചു: 'മനുഷ്യൻ ബയ്അത്ത് ചെയ്തിട്ട് ഈ ജമാഅത്ത് സത്യമാണെന്നും അതിൽനിന്ന് ബർക്കത്ത് കിട്ടുമെന്നും മാത്രം മനസ്സിലാക്കിയാൽ പോര.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'കർമങ്ങൾ നന്നാക്കാതെ അംഗീകരിക്കുന്നതുകൊണ്ടുമാത്രം അല്ലാഹു സന്തോഷിക്കുകയില്ല. ഈ ജമാഅത്തിൽ പ്രവേശിച്ച സ്ഥിതിക്ക് നല്ലവനാകാനും മുത്തഖിയാകാനും എല്ലാ തികളിൽനിന്ന് രക്ഷപ്പെടാനും ശ്രമിക്കുക. ഈ നേരം ദുആകളിൽ ചെലവഴിക്കുക. രാവും പകലും കേണപേക്ഷിച്ചുകൊണ്ടിരിക്കുക. പരീക്ഷണങ്ങളുടെ സമയം വരുമ്പോൾ അല്ലാഹുവിന്റെ കോപവും ജ്വലിക്കുന്നുണ്ടാകും. അത്തരംനേരത്ത് ദുആചെയ്യുക, താണുകേണ് അപേക്ഷിക്കുക, ദാനധർമങ്ങൾ ചെയ്യുക. നാവ് മൃദുലമാക്കി വെക്കുക. ഇസ്തിഗ്ഫാർ നിത്യശീലമാക്കുക. നമസ്കാരങ്ങളിൽ ദുആ ചെയ്യുക. വെറും വിശ്വാസം മനുഷ്യന് പ്രയോജനപ്പെടുകയില്ല. വിശ്വസിച്ചിട്ട് പിന്നീടതിനെ പിൻപുറം തള്ളിയാൽ ഒരു ഫലവുമുണ്ടാകുകയില്ല. പിന്നെ ബയ്അത്ത് ചെയ്തിട്ട് ഫലമൊന്നും കിട്ടിയില്ലെന്ന പരാതിയായിരിക്കും ഉണ്ടാകുക. അല്ലാഹു കേവലം വാക്കുകളിൽ തൃപ്തിപ്പെടുകയില്ല.'

സൽക്കർമങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'നിങ്ങളിൽ സൽക്കർമം ഉണ്ടാകാത്തിടത്തോളം വെറും വിശ്വാസം ഒരു ഫലവും ചെയ്യുകയില്ലെന്ന് മനസ്സിലാക്കുക. ഒരു വൈദ്യൻ മരുന്നിന്റെ കുറിപ്പടി എഴുതിത്തരുന്നു. അതിന്റെ ഉദ്ദേശ്യം, എന്തൊന്നാണോ അതിൽ എഴുതിയിട്ടുള്ളത് അത് വാങ്ങിക്കഴിക്കുക എന്നതാണ്. ആ മരുന്ന് അയാൾ ഉപയോഗിക്കുന്നില്ലെങ്കിൽ കുറിപ്പെഴുതി വാങ്ങി ഉപേക്ഷിക്കുകയാണെങ്കിൽ അവനെന്ത് ഫലമാണുണ്ടാകുക?'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ഇപ്പോൾ നിങ്ങൾ പശ്ചാത്തപിച്ച് മടങ്ങിയിരിക്കുന്നു. ഇനി അല്ലാഹു നോക്കാനാഗ്രഹിക്കുന്നത് ആ പശ്ചാത്താപംകൊണ്ട് നിങ്ങൾ നിങ്ങളെ എത്ര ശുദ്ധീകരിച്ചുവെന്നാണ്. അല്ലാഹു തഖ്‌വ മുഖേന വേർതിരിവുണ്ടാക്കാൻ ആഗ്രഹിക്കുന്ന കാലമാണിത്. അല്ലാഹുവിനെ സംബന്ധിച്ച് പരാതിപ്പെടുകയും തന്റെ ആത്മാവിലേക്ക് നോക്കാതിരിക്കുകയും ചെയ്യുന്ന ധാരാളമാളുകളുണ്ട്. സ്വന്തം ആത്മാവിന്റെ അക്രമംതന്നെയാണ് മനുഷ്യനുണ്ടാകുന്നത്. അല്ലാഹു കരുണാമയനും ഉദാരനുമാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ഈ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് ഞാനുമായിട്ട് ശിഷ്യത്വബന്ധം വെക്കുന്നതിന്റെ ഉദ്ദേശ്യം അവർ സദാചാരത്തിന്റേയും സൗശീല്യത്തിന്റേയും തഖ്‌വയുടേയും ഉന്നതനിലവരെ എത്തുകയും ഒരു കലഹവും ദ്രോഹവും ദുർനടപ്പും അവരുടെ അടുത്ത് എത്താതിരിക്കുകയും ചെയ്യുക എന്നതാണ്. അവർ അഞ്ചുനേരം കൃത്യമായി നമസ്കരിക്കുന്നവരാകണം. കളവ് പറയാത്തവരായിരിക്കണം. സംസാരംകൊണ്ട് ആരേയും വിഷമിപ്പിക്കാത്തവരാകണം. ഒരു തരത്തിലുള്ള ചീത്ത പ്രവൃത്തിക്കും ഇരയാകാൻ പാടില്ല. ഏതെങ്കിലും ദ്രോഹത്തിന്റേയും അക്രമത്തിന്റേയും കലഹത്തിന്റേയും ഫിത്നയുടേയും വിചാരംപോലും ഉണ്ടാകരുത്. ചുരുക്കിപ്പറഞ്ഞാൽ എല്ലാതരത്തിലുള്ള പാപങ്ങളിൽ നിന്നും കുറ്റകൃത്യങ്ങളിൽ നിന്നും ദുഷ്പെരുമാറ്റത്തിൽനിന്നും ദുർഭാഷണത്തിൽനിന്നും എല്ലാ ശാരീരികമായ വികാരങ്ങളിൽനിന്നും അനുചിതമായ ഇടപെടലുകളിൽനിന്നും വേറിട്ട് നില്ക്കുക. അല്ലാഹുവിന്റെ പരിശുദ്ധരും നിരുപദ്രവകാരികളും സൽസ്വഭാവികളുമായ ദാസരായിത്തീരുക. വിഷലിപ്തമായ ഒരു സ്വഭാവവും അവനിൽ ഉണ്ടാകരുത്.'

ഈ ഉപദേശങ്ങൾ എപ്പോഴും നമ്മുടെ മുമ്പിൽ വെക്കേണ്ട ആവശ്യമാണുള്ളത്. ഇതാണ് നമ്മെ ഹദ്റത്ത് മസീഹ് മൗഊദ്(അ)എന്ന വൃക്ഷത്തിന്റെ ഹരിതശാഖകളാക്കി തീർക്കുന്ന കാര്യങ്ങൾ. ഇതുകൊണ്ട് നമ്മുടെ ബയ്അത്തിന്റെ, ബയ്അത്തിന്റെ പ്രതിജ്ഞയുടെ ഉദ്ദേശ്യം പൂർത്തിയാകുന്നതാണ്. ഇതേ കാര്യങ്ങൾ നമ്മെ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരാക്കും. സൽക്കർമങ്ങൾ മുഖേന നമ്മൾ ലോകത്തെ നമ്മളിലേക്ക് ആകർഷിക്കുന്നവരാക്കി തീർക്കുന്നതാണിത്. അല്ലാഹു ഈ യഥാർഥ സത്യവിശ്വാസികളിൽ നമ്മെ ആക്കുമാറാകട്ടെ. സൽക്കർമങ്ങൾകൊണ്ട് ഈമാനും തിരിച്ചറിയപ്പെടുന്നു. നാം അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരായി തീരട്ടെ.

വിവ.മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ

# ഇറാഖിന്റെ നാശം :
# ഒരു യഹൂദ പാശ്ചാത്യ ഗൂഢാലോചന

ഇരുപത്തിനാല് വർഷങ്ങൾക്ക് മുമ്പ് ഗൾഫ് യുദ്ധവേളയിൽ ഖലീഫത്തുൽ മസീഹ് നാലാമൻ ചെയ്ത ഖുത്വ്ബകളിൽ നിന്ന്



**1990 ആഗസ്റ്റ് 17**

എന്റെ ഭയം ഇറാഖ് ഏറ്റവും ഭീകരമായ പ്രതികാരത്തിന്റെ ലക്ഷ്യമായി തീരുമെന്നും ഇറാഖിനെ ഇഞ്ചിഞ്ചായി കത്തിചാമ്പലാക്കുമെന്നുമാണ്. ആ മേഖലയിലെ ഏറ്റവും വലിയ മുസ്‌ലിം ശക്തിയായി മാറിക്കൊണ്ടിരിക്കുന്ന ഇറാഖിനെ നാമാവശേഷമാക്കി നശിപ്പിക്കുന്നത് വരെ പ്രതികാര ദാഹം കെട്ടടങ്ങുകയില്ല എന്നതാണ് എന്റെ ആശങ്ക.

എനിക്ക് നോക്കികാണാനായേടത്തോളം ഇത്തവണ ഏതൊരു മുസ്‌ലിം രാജ്യത്തിനും തെല്ലുപോലും അവർക്കെതിരെ നിൽക്കാനോ അവരുടെ അധീശത്തിനു കീഴിൽ നിന്നും തെന്നിമാറുന്നതിനെ പറ്റി സ്വപ്നം കാണാൻ കൂടിയോ സാധ്യമല്ല. അതിഭയാനകമായ നാശം ഇറാഖിനു മേൽ ഏൽപ്പിക്കാൻപാശ്ചാത്യ രാഷ്ട്രങ്ങൾ തീരുമാനിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ പ്രധാന ചാലക ശക്തി ഇസ്റയേലാണ്........

നമ്മുടെ നിഷ്ക്കളങ്കമായ അഭ്യർഥന (കുവൈത്തിൽ നിന്ന് ഇറാഖ് പിൻമാറുകയും ഖുർആൻ പാഠങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുകയും ചെയ്യുക എന്ന അഭ്യർഥന) വളരെ വിനീതമായൊരു ഉപദേശമാകുന്നു. അത് ആത്മാർഥതയോടെ ആരെങ്കിലും ശ്രദ്ധിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അത് മനസ്സിലാക്കുകയും പ്രതികരിക്കുകയുംചെയ്യുന്നുവെങ്കിൽ അവർ അതിൽ നിന്നും ഗുണഫലമെടുക്കും. എന്തുകൊണ്ടെന്നാൽ ഞാൻ അവരുടെ മുമ്പിൽ അവതരിപ്പിക്കുന്നത് വിശുദ്ധ ഖുർആന്റെ പാഠമാകുന്നു. ഈ പാഠത്തെ പരിഹാസത്തോടും ധിക്കാരത്തോടും കൂടി തള്ളിക്കളയുകയാണെങ്കിൽ ഞാൻ താക്കീത് ചെയ്യുന്നു, മുസ്‌ലിം ലോകം മുഴുവനും നീണ്ട

കാലത്തോളം കരഞ്ഞിരിക്കേണ്ടി വരും വിധം വൻ വിപത്തുകളുടെ കയത്തിലേക്ക് തള്ളപ്പെടുന്നതാണ്. പിന്നീട് ഭിത്തിയിൽ തല തല്ലി തകർക്കുകയും വിലപിക്കുകയും ചെയ്താലും ഒരു ഫലവും ഉണ്ടാകുകയില്ല. നഷ്ടപെട്ട ശക്തിയും അന്തസ്സും ഒരിക്കലും വീണ്ടു കിട്ടുകയില്ല.

**1990 ആഗസ്റ്റ് 24**

അവർ അപ്പോൾ സദ്ദാം ഹുസൈനെ വിശകലനം ചെയ്ത് അവതരിപ്പിക്കുകയാണ്. ലോകശ്രദ്ധ മുഴുവൻ ക്ഷണിച്ചുകൊണ്ട് അവർ പറയുകയാണ്. ഇതാ നോക്കൂ 'മറ്റൊരു ഭ്രാന്തൻ നേതാവ് എഴുന്നേറ്റിരിക്കുന്നു.' ഈ ഭ്രാന്തൻ നേതാവിന്റെ അടിവേരുകൾ നാസറിസത്തിൽ മാത്രമല്ല. ഹിറ്റ്ലറിസത്തിലും നാസിസത്തിലും കൂടി ആരൂഢമുള്ളതാണ്. അതിനാൽ പാശ്ചാത്യലോകം ഈ സന്ദർഭത്തിൽ ഹിറ്റ്ലറുടെ കാലത്തെ ചലച്ചിത്രങ്ങൾ നിരന്തരം പ്രദർശിപ്പിച്ചുകൊണ്ട് അവർ അക്കാലത്തെ സംഭവങ്ങളും രംഗങ്ങളും ജനങ്ങളെ ഓർമിപ്പിച്ചു കൊണ്ടിരിക്കയാണ്. ഇപ്രകാരം അവർ സദ്ദാമിനെ ഹിറ്റ്ലറുമായി കണ്ണിചേർക്കുകയുണ്ടായി. ഇതാണ് പാശ്ചാത്യരുടെ വിശകലനം. ഇത്തരം മാനസികഭ്രമമുള്ള ആളുകൾ മധ്യപൗരസ്ത്യ ദേശത്ത് വരുമ്പോൾ ഈ മാനസിക രോഗികളെ സൃഷ്ടിക്കുന്ന മൂലകാരണം പാശ്ചാത്യ പണ്ഡിതന്മാർ ആരും തന്നെ വിശകലനത്തിന് വിധേയമാക്കിയിട്ടില്ല. ഇത്തരം മാനസികരോഗമുള്ള നേതാക്കളെ ഛേദിച്ചു മാറ്റിയാലും അത്തരം നിരവധി നേതാക്കന്മാർ വീണ്ടും ഉൽപാദിപ്പിക്കപ്പെടുന്നു. അവരൊരിക്കലും തന്നെ ഇത്തരം രോഗങ്ങളിൽ നിന്നോ അതിന്റെ ബാധയിൽ നിന്നോ മുക്തരല്ല. എന്താണ് ഈ രോഗം? അത് ഇസ്റയേലിന്റെ രൂപീകരണവും പാശ്ചാത്യരുടെ അവരോടുള്ള നിരന്തരമായ പ്രീണനവുമാണ്. ഇസ്റയേൽ താൽപര്യ മോ അറബികളുടെ താൽപര്യമോ ഏതാണ് സ്വീകരിക്കേണ്ടത് എന്ന പ്രശ്നം വരുമ്പേൾ യാതൊരു തത്ത്വദീക്ഷയും കൂടാതെ അവർ ഇസ്റയേലിനെ ന്യായീകരിക്കുന്നു. അവർ മുസ്‌ലിം ലോകത്തിന്റെ താൽപര്യങ്ങളെ തട്ടിമാറ്റുകയും ചെയ്യുന്നു.

**1991 ജനുവരി 11**

സമാധാനത്തിന് വേണ്ടി അടിക്കടി നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ ശ്രമങ്ങളും തട്ടിമാറ്റിക്കൊണ്ടിരിക്കാനുള്ള ധീരത കാണിക്കാൻ ഒരു പ്രകാരത്തിലും തുലനമില്ലാത്ത അവസ്ഥയിലും പ്രസിഡന്റ് സദ്ദാം ഹുസൈനു എങ്ങനെ സാധിക്കുന്നു എന്ന കാര്യത്തിൽ ലോകം മുഴുവൻ അമ്പരന്നിരിക്കുകയാണ്. ഈ വമ്പിച്ച സമ്മർദങ്ങൾക്കിടയിൽ അരക്കല്ലിൽ പെട്ട ധാന്യം കണക്കെ പൊടിപൊടിയായിപ്പോവാനേ സാദ്ധ്യതയുള്ളു. വൻ ശക്തികളുടെ ഏകീകൃത ശക്തിക്കെതിരിൽ ഇറാഖിന് കുവൈത്തിനേയോ തങ്ങളെ തന്നെയോ രക്ഷിക്കയെന്നത് സാധ്യമായിട്ടുള്ള കാര്യമല്ല. ലോകത്തെങ്ങുമുള്ള സൈനിക വിദഗ്ധരുടെ അഭിപ്രായമാണ് ഞാനിപ്പറഞ്ഞത്. എന്താണ് സംഭവിക്കുന്നതെന്ന് ലോകം മുഴുവനും വിസ്മയപ്പെട്ടു നോക്കുന്നു. സമാധാനത്തിനുള്ള സകല നിർദേശങ്ങളെയും നിരാകരിക്കാൻ എന്തൊന്നാണ് പ്രസിഡന്റ് സദ്ദാം ഹുസൈൻ സാഹിബിന്റെ കൈയിലുള്ളത്? പ്രദേശത്ത് എന്തെങ്കിലും ഫലപ്രദമായ നടപടി എടുക്കുന്നവരും എടുക്കാൻ കഴിയുന്നവരും ആയ സകല ശക്തികളും പാശ്ചാത്യ രാഷ്ട്രങ്ങളാണെന്നതാണ് വസ്തുത. മുസ്‌ലിം രാജ്യങ്ങളെ മറ്റു കാരണങ്ങളാൽ ഇതിൽ പങ്കാളികളാക്കിയിരിക്കുക മാത്രമാണ്. ഈ പ്രശ്നത്തിന് പുണ്യസ്ഥലങ്ങളുടെ പരിശുദ്ധി യുമായി യാതൊരു ബന്ധവുമില്ല. മുസ്‌ലിം രാഷ്ട്രങ്ങളെ മാത്രമല്ല ഇതിൽ പേരിന് മാത്രമായി ചേർത്തിട്ടുള്ളത്. യൂറോപ്പിലെ മറ്റു ചില രാജ്യങ്ങളെയും 'ടോക്കൻ' ആയി ചേർത്തിട്ടുണ്ട്. ജപ്പാന്റെ മേലും വലുതായ സമ്മർദ്ദം ചെലുത്തുകയുണ്ടായി. ഇപ്രകാരം തന്നെ ലോകത്തിലെ പാശ്ചാത്യവും പൗരസ്ത്യവുമായ മറ്റു രാഷ്ട്രങ്ങളേ യും കൂട്ടാളികളാക്കാൻ ശ്രമമുണ്ടായി. അവരെ കൂടാതെ കഴിയില്ല എന്നത് കൊണ്ടല്ല. മുഴുവൻ ലോക ത്തിന്റെയും പൊതുജനാഭിപ്രായം ഒരു മഹാദ്രോഹിക്കെതിരിൽ ഏകോ പിച്ചിരിക്കുന്നു എന്ന് വരുത്തി കാണിക്കാനാണിത്. ലോകാഭിപ്രായത്തെ മാനിച്ച് തങ്ങളെത്ര കടുത്ത നടപടികൾ സ്വീകരിച്ചാലും അത് അധികമാവില്ല.! ഇറാഖിനെതിരെ ആത്യന്തികമായി അക്രമ നടപടികൾ സ്വീകരിക്കുന്ന പക്ഷം ആ നടപടികൾ പാകിസ്താനും ഈജിപ്തും തുർക്കിയും മറ്റു മുസ്‌ലിംരാജ്യങ്ങളുമെല്ലാം ഭാഗഭാക്കായിരുന്നു വെങ്കിൽ വലിയ അക്രമമായിപ്പോയി എന്ന് പിന്നീട് അവർക്ക് തിരിഞ്ഞു നിന്നു പറയാൻ എങ്ങനെ കഴിയും.?

ആകയാൽ, ഈ ആക്രമണ നടപടികളെ പറ്റി പിന്നീട് ആക്ഷേപങ്ങളൊന്നും ഉന്നയിക്കപ്പെടാതിരിക്കുന്നതിനുള്ള എല്ലാ ആസൂത്രണങ്ങളും മറ്റും അവർ മുൻകൂട്ടി ചെയ്തു കഴിഞ്ഞിട്ടുണ്ട്. 'ഇത്രയും വലിയ ഒരു ഏറ്റു മുട്ടലാണ് ഒരുക്കിയിരിക്കുന്നത്. ഇത്തരത്തിലുള്ള ബഹുജനാഭിപ്രായമാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളത്. നിങ്ങളും ഇതിൽ പങ്കുചേരൂ. അല്ലെങ്കിൽ ഒരിടത്ത് മാറി നിൽക്കൂ,..' എന്ന് എല്ലാ രാഷ്ട്രങ്ങളോടും പറയുന്നു. സൈന്യത്തെ അയച്ചിട്ടുള്ള ചില മുസ്‌ലിം രാജ്യങ്ങൾ ആക്രമണത്തിൽ തങ്ങൾ ചേർന്നിട്ടില്ലെന്നും പുണ്യസ്ഥലങ്ങളുടെ രക്ഷക്ക് വേണ്ടി മാത്രം ഞങ്ങൾ മക്കയിലും മദീനയിലും താവളമടിക്കുമെന്നും പറയുന്നു. ഉദാഹരണത്തിന് പാകിസ്താൻ ഇത്തരം വിഡ്ഢിത്തപരമായ ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. എന്ന് വെച്ചാൽ ലോകം മുഴുവൻ അടിമേൽ മറിച്ചുകൊണ്ട് മക്കക്കും മദീനക്കും അടുത്തെത്തുന്ന സൈന്യത്തിൽ നിന്ന് പുണ്യ കേന്ദ്രങ്ങളെ രക്ഷപ്പെടുത്താൻ വേണ്ടി തങ്ങൾ ബാക്കിയാകുമെന്ന്. എന്തൊരു രക്ഷപ്പെടൽ ചിന്തയാണിത്!. പാകിസ്താനോട് പറയുന്നു 'വിഷമിക്കേണ്ട കാര്യമില്ല. സമാധാനത്തോടെ തങ്ങളുടെ മടിയിൽ ഇരുന്നു കൊള്ളുക. നിങ്ങളുടെ പേരെ വേണ്ടൂ. നിങ്ങളും പങ്കെടുത്തിട്ടുണ്ട് എന്ന് പറയുകയേ വേണ്ടൂ.

നിങ്ങൾ യുദ്ധത്തിൽ പങ്കെടുക്കുകയൊന്നും വേണ്ട. ഞങ്ങൾക്കിത്ര മാത്രം മതി. ഇത് ഭയാനകമായൊരു ഗൂഢാലോചനയാണ്. ഈ ആസൂത്രണത്തെ സുന്ദരമായ ശൈലിയിൽ അവതരിപ്പിക്കുന്നതിനുള്ള ഒരു ഏർപ്പാടാണിതൊക്കെയും.

**1991ജനുവരി 25**

അമേരിക്കയും പാശ്ചാത്യരും കൊട്ടിഘോഷിക്കുന്ന ധാർമിക മൂല്യങ്ങൾക്ക് തികച്ചും വിരുദ്ധമായാണ് കാര്യങ്ങൾ നടക്കുന്നത്. അവരുടെ വാക്കുകളേക്കാൾ ശക്തമായി അവരുടെ കർമങ്ങൾ സംസാരിക്കുന്നു. സദ്ദാം ഹുസൈൻ അപകടകാരിയായ സേച്ഛാധിപതിയാണെന്നും തന്റെ ജനതയെ അടിമകളാക്കിവെച്ചതിനാണ് അയാൾ ശിക്ഷിക്കപ്പെടുന്ന തെന്നുമാണ് ഇവർ പ്രചാരണം നടത്തുന്നത്. തന്റെ ജനതക്ക്മേൽ ഭീകരത അടിച്ചേൽപിച്ചതിനും പീഡിപ്പിച്ചതിനും അവർ അദ്ദേഹത്തെ ശിക്ഷിക്കുകയാണ്. അവർ സദ്ദാം ഹുസൈന് എതിരാണെന്നും പറയുന്നു. കണ്ണിൽ ചോരയില്ലാത്ത കൊടുംക്രൂരനായ സ്വേച്ഛാധിപതിയിൽ നിന്ന് തങ്ങൾ ഇറാഖി ജനതയെ മോചിപ്പിക്കുകയാണെന്നാണ് അവർ പറയുന്നത്. സദ്ദാം ഹുസൈൻ വർഷങ്ങളായി പീഡിപ്പിക്കുകയും അടിച്ചമർത്തുകയും പിടിച്ചു പറിക്കുകയും ചെയ്യുന്നുവെന്നാണ് അവർ പറയുന്നത്. നിരപരാധികളായ ഇറാഖിജനതയേയാണ് അവർ ശിക്ഷിക്കുന്നത്. എന്താണ് നിരപരാധരായ ഈ കുട്ടികളും സ്ത്രീകളും ചെയ്ത കുറ്റം.? അതിഭയാനകമാം വിധം പീഢിപ്പിക്കപ്പെട്ട യഹൂദികളുടെ ചരിത്രത്തിൽ പോലും ഇത്രയും ഭീകരമായ ഒരു നാശമു ണ്ടായിട്ടില്ല.

**1991 ഫെബ്രവരി 8**

ഇറാഖിലെ ഇന്നത്തെ അവസ്ഥയുടെ പശ്ചാത്തലത്തിൽ ഹല്ലാഖു ഖാൻ ബാഗ്ദാദ് ആക്രമിച്ച പൂർവ ചരിത്രം ആറ് മാസം മുമ്പ് ഞാൻ പ്രതിപാദിച്ചിരുന്നു. ഇറാഖിനു മേൽ വാരാൻ പോകുന്ന ദുരന്തം അതിനേക്കാൾ ഭയാനകമായിരിക്കു മെന്ന് ഞാൻ അന്ന് താക്കീത് ചെയ്തിരുന്നു. അത്തരം ഒരു ആസൂത്രണം പൂർത്തിയായിക്കഴി ഞ്ഞു എന്ന് എനിക്ക് മനസ്സിലാ ക്കാൻ കഴിഞ്ഞു. സദ്ദാം ഹുസൈൻ ഈ ആസൂത്രണങ്ങളെ പറ്റി ശരിയായ കണക്കെടുത്തിട്ടില്ലെങ്കിൽ ഇറാഖിനുമേൽ അതിഭീകരമായ ആക്രമണമായിരിക്കും സംഭവിക്കാൻ പോകുന്നത്. ഹല്ലാഖു ഖാൻ ബാഗ്ദാദിനെതിരെ നടത്തിയ കൂട്ടക്കൊലകൾ ഒന്നുമല്ലാതാക്കുന്ന രീതിയിലുള്ള കൂട്ടകൊലകളായിരിക്കും അരങ്ങേറാൻ പോകുന്നത്!!.

**1991 മാർച്ച് 1**

ജന്മനാ വിപ്ലവകാരികളായ ഇറാഖിലെ കുർദുകളെ കീഴടക്കാൻ ശക്തി പ്രയോഗിക്കലായിരുന്നു 1920 ലെ ബ്രിട്ടീഷ് നയം. ഈ നയത്തിന്റെ ഭാഗമായി നിരായുധരും അശക്തരുമായ കുർദുകളുടെ മീതെ നിർഭയം ബ്രിട്ടീഷ് സൈന്യം രാസ ബോംബുകൾ വർഷിച്ചു. ആയിരക്കണക്കിന് ആളുകളെ കൊലചെയ്തു. അതിന് ശേഷം വർഷങ്ങളോളം കുർദ് ഗ്രാമങ്ങളിൽ അവർ ബോംബ് വർഷിച്ചു. ഈ ആക്രമണത്തിലെ ഭീകരത കണ്ട് ഇതിന് നേതൃത്വം നൽകിയ ബ്രിട്ടീഷ് സൈന്യത്തിലെ മേലെക്കിടയിലുള്ള ഒരു ഉദ്യോഗസ്ഥനായ ലിയോണൽ ചാൾട്ടൺ സൈന്യത്തിൽ നിന്ന് പ്രതിഷേധിച്ച് രാജിവെക്കുകയുണ്ടായി. സദ്ദാം ഹുസൈനും ഇറാഖിൽ ഇത്തരം ആക്രമണം നടത്തിയതായി നാം കേൾക്കുന്നു. ഇറാനിയൻ പട്ടാളത്തിന് നേരെയും സാധാരണ ജനങ്ങൾക്കെതിരെ പോലും സദ്ദാം അത്തരം രാസ ബോംബുകകൾ വർഷിച്ചിട്ട് കൂട്ടകൊലകൾ നടത്തി യതായി ആരോപിക്കുന്നു. പക്ഷേ വസ്തുതയെന്തെന്നാൽ അക്കാലത്ത് പാശ്ചാത്യരാജ്യങ്ങളാണ് അദ്ദേഹത്തിന് ബോംബ് നിർമിക്കാനുള്ള സാമഗ്രികളെല്ലാം വിതരണം ചെയ്തത്. അവർ അദ്ദേഹത്തിന് വിദൂര വേധക തോക്കുകളും നൽകുകയുണ്ടായി. കുവൈത്തിന്റെയും സുഊദിയുടെയും ഭാരിച്ച സാമ്പത്തിക സഹായത്തോടെ അമേരിക്കൻ പിന്തുണയിൽ അദ്ദേഹം ആക്രമണം നടത്തിയത്. സദ്ദാം മനുഷ്യ രാശിയോട് ക്രൂരത കാട്ടിയെന്നത് ശരിയായിരിക്കാൻ സാധ്യതയുണ്ട്. അദ്ദേഹം അതിന് മറുപടി പറയേണ്ടതുണ്ട്. ഈ ഹീനമായ കളിയിൽ സദ്ദാം മാത്രമാണ് അപരാധം ചെയ്തത് എന്ന് പറയുന്നത് പൂർണമായും കളവാണ്.

**1991 മാർച്ച് 08**

ഞാൻ ക്രിസ്തീയ രാജ്യങ്ങളെ ഉണർത്താൻ ആഗ്രഹിക്കുന്നു. വിശുദ്ധ ഖുർആനിലും റസൂൽ തിരുമേനി(സ) യുടെ വചനങ്ങളിലും അവരെ താക്കീത് ചെയ്ത് കൊണ്ട് പറഞ്ഞ ശിക്ഷയെ പറ്റി അവർ നിന്ദാദൃഷ്ടിയോടെ കാണരുത്.

മനുഷ്യന്റെ കൗശലം കൊണ്ട് തിരുവെഴുത്തുകൾ ഒരിക്കലും നീങ്ങി പോകുന്നതല്ല. അവ ഏപ്പോഴെങ്കിലും നീങ്ങിപ്പോയിട്ടുണ്ടെങ്കിൽ നിർവ്യാജമായ പാശ്ചാത്താപത്തിലൂന്നിക്കൊണ്ടുള്ള പ്രാർഥനയിലൂടെ മാത്രമേ സാധ്യമാവൂ.

## റസൂൽ തിരുമേനി(സ)യുടെ ജീവിതം

നുഅ്മാൻ (റ)വിൽ നിന്ന് നിവേദനം : ജനങ്ങൾ സമ്പാദിച്ച ഐഹികാഢംബരങ്ങളെക്കുറിച്ച് നബി(സ) ഒരിക്കൽ സംസാരിക്കുകയുണ്ടയി. റസൂൽ തിരുമേനി (സ) ദിവസം മുഴുവൻ വിശപ്പുസഹിക്കുന്ന ആളായിട്ടാണ് എനിക്ക് കാണാൻ കഴിഞ്ഞരുന്നത്. വളരെ മോശപ്പെട്ട കാരക്ക പോലും വയർ നിറക്കാൻ അവിടുത്തേക്ക് ലഭിച്ചിട്ടില്ല.

# സുൽത്താൻ ഇബ്നു സുഊദ് അഹ്മദി മുബല്ലിഗുമായി നടത്തിയ കൂടിക്കാഴ്ച്ച

മുസ്‌ലിമായ ഒരാൾക്ക് ഹജ്ജ് നിഷേധിച്ചാൽ അവരെ അല്ലാഹു ശിക്ഷിക്കുമെന്ന് പരിശുദ്ധ ഖുർആൻ താക്കീത് ചെയ്തതാണ്. *'അവിശ്വസിക്കുകയും, (മനുഷ്യരെ) അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും മസ്ജിദുൽ ഹറാമിൽ നിന്നും അവിടെ താമസിക്കുന്നവർക്കും പുറമേ നിന്ന് വരുന്നവരായ എല്ലാവർക്കും നാം അതിനെ സമാവകാശമാക്കി വെച്ചിരിക്കുന്നു- തടയുകയും ചെയ്യുന്നവർ, ആരെങ്കിലും അവിടെ വെച്ച് അക്രമവും അനീതിയും നടത്തുവാൻ ഉദ്ദേശിക്കുന്നതായാൽ അവനെ വേദനാജനകമായ ശിക്ഷ രുചിപ്പിക്കുന്നതാണ്.'(സൂറ:ഹജ്ജ്. 22:26)* സുഊദി ഭരണാധികാരികൾ ആദ്യകാലത്ത് ഹജ്ജ് നിർവഹിക്കാൻ അഹ്മദികളെ അനുവദിക്കുകയുണ്ടായി. സുൽത്താൻ ഇബ്നു സുഊദിന് അല്ലാഹുവിന്റെ താക്കീതിനെ പറ്റി ബോദ്ധ്യമുണ്ടായിരുന്നു. സർ സഫറുല്ലാഹ് ഖാൻ സാഹിബിനെ അമീർ ഫൈസൽ വിശിഷ്ടാതിഥിയായി ഹജ്ജിന് ക്ഷണിക്കുകയാണുണ്ടായത്. പിന്നീട് എണ്ണപണം കുമിഞ്ഞു കൂടിയപ്പോൾ പാകിസ്താനിൽ നിന്നും ഇന്ത്യയിൽ നിന്നും എത്തി ചേർന്ന ഉപചാപകരായ ഉലമാക്കന്മാരും റാബിത്തത്തുൽ ആലമിൽ ഇസ്‌ലാമിയുമാണ് അഹ്മദികൾക്ക് ഹജ്ജ് നിരോധിക്കാൻ സൂഊദി ഭരണകൂടത്തെ പ്രേരിപ്പിച്ചത്. അഹ്മദികൾക്ക് ഹജ്ജ് നിരോധിച്ചതിന് ശേഷം സുഊദി അറേബ്യക്കും മുസ്‌ലിം ലോകത്തിനും രക്ഷയും ശ്രേയസ്സുമാണോ ഉണ്ടായത് അല്ലെങ്കിൽ അല്ലാഹു താക്കീത് ചെയ്തത് പോലെ അധഃപതനവും പരാജയവും ശിക്ഷയുമാണോ ഉണ്ടായിക്കൊണ്ടിരിക്കുന്നത്?

വാഗ്ദത്ത മസീഹിന്റെ സഹാബിയും ഗ്രന്ഥകാരനുമായ അൽഹാജ് ഹദ്റത്ത് യഅ്ക്കൂബ് അലി ഇർഫാനി (റ) സുഊദി ഭരണകൂട സ്ഥാപകൻ സുൽത്താൻ ഇബ്നു സുഊദുമായി നടത്തിയ കൂടിക്കാഴ്ച്ച രേഖപ്പെടുത്തിയ 'കിതാബുൽ ഹജ്ജ്' എന്ന പുസ്തകത്തിൽ നിന്നുള്ളതാണ് ഈ ലേഖനം.

ഹ്ദറത്ത് യാഅ്ക്കൂബ് അലി സാഹിബ് ഇർഫാനി(റ)

ജലാലത്തുൽ മുൽക്ക് സുൽത്താൻ ഇബ്നു സൂഊദുമായി മൂന്നു തവണ കൂടിക്കാഴ്ച്ച നടത്തുവാൻ എനിക്കവസരമുണ്ടായി. രണ്ട് തവണ എന്റെ കൂടെ മുബല്ലിഗുൽ ഇസ്‌ലാം ഹദ്റത്ത് അൽഹാജ് അബ്ദുർ റഹിം നയ്യർ സാഹിബും (റ) ഉണ്ടായിരുന്നു. മൂന്നാമത്തെ തവണ ഞാനൊറ്റക്കാണ് കൂടിക്കാഴ്ച്ച നടത്തിയത്. അത് വളരെ പ്രധാനപ്പെട്ടതുമായിരുന്നു. വിശുദ്ധ മക്കയിൽ സുൽത്താൻ ഇബ്നു സൂഊദ് പ്രവേശിച്ച ആദ്യത്തെ കൊല്ലം തന്നെയാണ് അതുണ്ടായത്. ധാരാളം അഹ്‌ലെ ഹദീസുകാർ അവിടെ എത്തിയിട്ടുണ്ടായിരുന്നു. മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് സൂറത്തിയും അവരിലൊരാളായിരുന്നു. എന്റെ ബോംബെ പ്രവാസകാലത്ത് അടുത്ത് പരിചയിക്കാനിടയായ ഇദ്ദേഹം വിശ്വാസപരമായി അഹ്‌ലെ ഹദീസ് കക്ഷിക്കാരനായിരുന്നതോടൊപ്പം ഒരു ഉറച്ച കോൺഗ്രസ്സ് കാരനുമായിരുന്നു. സൂറത്ത് സാഹിബിന് സുൽത്താന്റെ വളരെ അടുത്ത ആളുകളിൽ പെട്ട മൗലവി ഇസ്മായിൽ ഗസ്നവിയോട് (സുൽത്താന്റെ ഭരണത്തിന്റെ നിലനിൽപ്പിന് വേണ്ടി വലിയ ത്യാഗങ്ങൾ ചെയ്തിട്ടുള്ള ഒരാളായിരുന്നു അദ്ദേഹം) എന്തോ നീരസം ഉണ്ടായിരുന്നു. സുൽത്താനോട് ഗസ്നവി സാഹിബിനോടുള്ള അടുപ്പവും അദ്ദേഹത്തിന് ലഭിച്ച സ്ഥാനവും മൗലവി ഇസമായീൽ സൂറത്തിക്ക് അസഹനീയമായി തോന്നി. ഗസ്നവി സാഹിബിനോട് എനിക്ക് ചെറുപ്പത്തിലേ ബഹുമാനമായിരുന്നു. അതിനാൽ അദ്ദേഹം എന്നേയും സ്നേഹിച്ചു. ഗസ്നവി സാഹിബിനെതിരെ ആരോപണം തൊടുത്തു വിടാൻ ഇത് നല്ല ഒരു അവസരമാണെന്ന് സൂറത്തി സാഹിബ് കരുതി. ഗസ്നവി സാഹിബ് എന്നെ സുൽത്താന്റെയടുക്കൽ കൂട്ടികൊണ്ടു പോകുന്നു എന്നദ്ദേഹം ഒരു ആക്ഷേപം പുറപ്പെടുവിക്കുകയും ഇത് വലിയൊരു ഫിത്നയാണെന്ന് പറഞ്ഞ് പരത്തുകയും ചെയ്തു.

സുൽത്താന് എന്റെ വിശ്വാസങ്ങൾ നന്നായറിയാമായിരുന്നു. സുൽത്താൻ ഈ വിഷയം അബ്ദുല്ലാഹിബ്നുയൽഹിദുമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ഞാനുമായികൂടികാഴ്ച്ച നടത്തുന്നതിനെ പറ്റി സുൽത്താൻ അദ്ദേഹത്തോട് അഭിപ്രായമാരായുകയുണ്ടായി. ശൈഖുൽ ഇസ്‌ലാം (അല്ലാഹു അദ്ദേഹത്തിന്റെ നേരെ റഹീം ചെയ്യുമാറാകട്ടെ) പറഞ്ഞത് ഇക്കൂട്ടർ ഇസ്‌ലാമിന്റെ തബ്‌ലീഗ് ചെയ്യുന്നവരാണെന്നും തിരുമനസ്സുകൊണ്ട് നിശ്ചയമായും അവരുമായി കൂടിക്കാഴ്ച്ച നടത്തി അവരുടെ നിലപാടും വിശ്വാസങ്ങളും മനസ്സിലാക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. ഇങ്ങനെയാണ് എനിക്ക് സുൽത്താനുമായികൂടിക്കാഴ്ച്ച നടത്താനും എന്റെ വിശ്വാസങ്ങൾ അറിയിക്കാനും അവസരം ലഭിച്ചത്.

സുൽത്താനുമായി ഞാൻ കൂടിക്കാഴ്ച്ച നടത്തിയെന്ന് സൂറത്തി സാഹിബ് അറിഞ്ഞപ്പോൾ അദ്ദേഹം ഗസ്നവി സാഹിബിനെക്കുറിച്ച്

സുൽത്താന്റെ അടുക്കൽ ആക്ഷേപം ബോധിപ്പിച്ചു. സംഗതികൾ ശരിക്കും അറിയുന്ന സുൽത്താൻ ഇബ്നു സുഊദ് ഞാൻ ശരിയായവഴിക്കാണ് തന്നെ സമീപിച്ചതെന്നും താൻ ശൈഖുൽ ഇസ്‌ലാമിനോട് ഉപദേശമാരാഞ്ഞ ശേഷമാണ് കൂടിക്കാഴ്ച്ചക്ക് അനുമതി നൽകിയതെന്നും അറിയിച്ചു. ഞാൻ നൽകിയ ഗ്രന്ഥങ്ങൾ താൻ സ്വീകരിച്ചതായും ഈ കാര്യത്തിൽ ഗസ്നവി സാഹിബിന് യാതൊരു പങ്കുമില്ലെന്നും സുൽത്താൻ പറഞ്ഞു. തുടർന്ന് സുറത്തി സാഹിബിനോട് അദ്ദേഹം മക്കയിൽ വന്നതെന്തിനാണെന്നും സുൽത്താൻ ചോദിക്കുകയുണ്ടായി. ഹജ്ജ് ചെയ്യാൻ വന്നതാണെന്ന് അദ്ദേഹം മറുപടി നൽകുകയുണ്ടായി. അപ്പോൾ സുൽത്താൻ തിരുമനസ്സുകൊണ്ട് ഇപ്രകാരം പറഞ്ഞു. ഞങ്ങൾ ബദുക്കളാണ്; ഞങ്ങളുടെ ഭവനങ്ങളിൽ ശത്രുക്കൾക്കും അഭയം നൽകാറുണ്ട്. ഇവർ ദൈവത്തിന്റെ ഭവനത്തിലാണ് വന്നിട്ടുള്ളത്. ദൈവത്തിന്റെ ഭവനത്തിൽ നിന്ന് ഇവരെ ആട്ടി പുറത്താക്കാൻ ഞാനോ നിങ്ങളോ ആരാണ്? പിന്നെ ഫിത്നയുടെ കാര്യമല്ലേ? അദ്ദേഹം നിയമ വിരുദ്ധമായി എന്തെങ്കിലും പറയുകയുകയോ പ്രവർത്തിക്കുകയോ ചെയ്യുകയാണെങ്കിൽ അപ്പോൾ സർക്കാർ വേണ്ടത് ചെയ്യും.

ചുരുക്കത്തിൽ സൂറത്തി സാഹിബ് തന്റെ കുതന്ത്രത്തിൽ പറ്റെ പാരാജപ്പെട്ടു. ഈ സംഗതി ഞാനറിഞ്ഞപ്പോൾ ഞാൻ വീണ്ടും സുൽത്താനുമായി കൂടിക്കാഴ്ച്ചക്കുള്ള ഒരുക്കങ്ങൾ ചെയ്തു. അങ്ങനെ ഞാനും സുൽത്താനുമായി ഇപ്രകാരം ഒരു സംഭാഷണമുണ്ടായി.

ഇർഫാനി: ജലാലുൽമുൽക്ക്, വിശുദ്ധ ഹറമൈനുകളുടെ സേവനത്തിനുള്ള ഭാഗ്യം അങ്ങേക്ക് ലഭിച്ചത് എങ്ങനെയാണ്?

സുൽത്താൻ: ദാലിക ഫളുലുല്ലാഹി യുഅ്ത്തീ മൻ യശായി (അത് ദൈവാനുഗ്രഹം. അവൻ ഇച്ഛരിക്കുന്നവർക്ക് അത് നൽകുന്നു -ഖുർആൻ) ഇർഫാനി: നിശ്ചയമായും ഇതൊരു അനുഗ്രഹം തന്നെ, എന്നാലും ആ അനുഗ്രഹ പ്രാപ്തിക്ക് കാരണമുണ്ടാകുമല്ലോ?

സുൽത്താൻ: എനിക്കറിയില്ല താങ്കൾ തന്നെ പറയൂ.

ഇർഫാനി: ശരീഫ് ഔന്റെ കാലത്ത് അങ്ങയുടെ പിതാമഹൻ ഹജ്ജിനായി വന്നിട്ടുണ്ടായിരുന്നു. എന്നാൽ ശരീഫ് വിശ്വാസപരമായ അഭിപ്രായ വ്യത്യാസങ്ങളെ മുൻനിർത്തി അവരെ തടഞ്ഞു. അല്ലാഹു ഇത് തീരെ ഇഷ്ടപ്പെട്ടില്ല. ആകയാൽ ശരീഫിന്റെ കുടുംബ ക്കാരിൽ നിന്ന് ഈ മഹാഭാഗ്യം അല്ലാഹു പിടിച്ചു പറ്റി. സുഊദ് കുടുംബത്തിന് നൽകി.

സുൽത്താൻ: മർഹബാ! മർഹബാ!

ഇർഫാനി: വിശുദ്ധ മക്ക ലോകത്തുള്ള മുഴുവൻ മുസ്‌ലിംകളുടേയും കേന്ദ്രമാണ് ഇവിടെ വിവിധ തരക്കാരായ വിശ്വാസക്കാരും കക്ഷിക്കാരുമായ മുസ്‌ലിംകൾ വരും. ചിലർക്ക് അങ്ങുമായും അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. വിശ്വാസപരമായ അഭിപ്രായ വ്യത്യാസങ്ങളെ മുൻ നിർത്തി അങ്ങ് ആരെയെങ്കിലും അകറ്റുന്ന പക്ഷം ഓർമ വെച്ചു കൊള്ളുക സർവ ശക്തനായ അല്ലാഹു അങ്ങയിൽ നിന്നും ഈ സേവന ഭാഗ്യം പിടിച്ചു പറ്റും. എന്നിട്ട് വിശ്വാസപരമായ അഭിപ്രായ വ്യത്യാസങ്ങളെ മുൻനിർത്തി ആരെയും അകറ്റിക്കളയാത്ത ആൾക്ക് അത് നൽകുകയും ചെയ്യും.!

എന്റെ ഈ സംസാരം അന്നത്തെ അദ്ദേഹത്തിന്റെ പ്രസിദ്ധ മന്ത്രിയായിരുന്ന തൗഫീഖ് ശരീഫ് സാഹിബാണ് പരിഭാഷപ്പെടുത്തിയത്. ചിലപ്പോൾ ഞാൻ തന്നെ തപ്പിതടഞ്ഞ് എന്റെ ഭാഷയിൽ സംസാരിക്കുകയും ചെയ്തിരുന്നു. സുൽത്താൻ എന്റെ സംസാരം കേട്ടപ്പോൾ ഇസ്തിഗ്ഫാർ ചെയ്തു കൊണ്ട് പെട്ടെന്ന് എഴുന്നേറ്റ് നിന്നു. പറഞ്ഞു: ഇൻശാ അല്ലാഹ് നാം ഒരിക്കലും അപ്രകാരം ചെയ്യില്ല.

എന്നിട്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: താങ്കൾ തന്നെ സാക്ഷിയാണല്ലോ. നാം ഒരു വിരോധവും കാണിച്ചില്ല. താങ്കളെക്കുറിച്ച് ആക്ഷേപമുണ്ടെങ്കിലും നാം അത് ചെവികൊണ്ടിട്ടില്ല.!. അപ്പോൾ ഞാൻ പറഞ്ഞു: ഇക്കാരണത്താൽ തന്നെയാണ് ഈ സത്യം അങ്ങയെ ഉണർത്തണമെന്ന് എനിക്ക് തോന്നിയത്. അൽഹംദുലില്ലാഹ്! ഞാനിതാ എന്റെ കടമ നിർവഹിച്ചു കഴിഞ്ഞു.

എന്റെ ജീവിതത്തിലെ ഒരു പ്രധാന സംഭവമാണിതെങ്കിൽ സുൽത്താൻ ഇബ്നു സുഊദിന്റെ സ്വഭാവമഹിമയിലേക്ക് വെളിച്ചം വീശുന്ന ഒന്നുമത്രേ.

തന്റെ നാട്ടുകാരും പുറംനാട്ടുകാരുമായ അറബികൾ സുൽത്താന്റെ ദർബാറിൽ കടന്നുവരികയും അദ്ദേഹത്തോടൊപ്പം നിലത്തിരുന്ന് സങ്കോചലേശമന്യേ സംസാരിക്കുകയും ചെയ്യുന്നത് എനിക്ക് കാണാൻ സാധിച്ചു. ഒരാൾ തന്റെ ഒട്ടകത്തിന്റെ കുഞ്ഞിനെ പറ്റിയാണെങ്കിൽ മറ്റൊരാൾ മറ്റൊരു കാര്യത്തെക്കുറിച്ചാകും പറയുന്നത്. സുൽത്താൻ സംതൃപ്തിയോടും സഹന ബുദ്ധിയോടും അവയെല്ലാം കേട്ടു മറുപടി പറയുന്നു. അദ്ദേഹത്തിന്റെ ദർബാറിൽ ഇസ്‌ലാമിക് ഭരണത്തിന്റെ ഒരു ചിത്രമാണ് ദൃശ്യമായിരുന്നത്.

വിദേശ നയതന്ത്രപ്രതിനിധികളുടെ ഒരു സമ്മേളനത്തിൽ സുൽത്താൻ ഒരു സാധാരണക്കാരനെപ്പോലെ പങ്കെടുത്തിരുന്നതായി മക്കപ്രവാസ കാലത്ത് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. സംഭാഷണമദ്ധ്യേ അദ്ദേഹം പറഞ്ഞു: നിങ്ങളുടെ രാജ്യത്തുള്ളത് പോലെ സുഖ സൗകര്യങ്ങളൊന്നും ഇവിടെ ഇല്ല. തെരുവുകളും ഇല്ല. അവിടെ വലിയ ജയിലറകളുണ്ട്. വലിയ വലിയ കുറ്റങ്ങളും ചെയ്യപ്പെ ടുന്നു. എന്നാൽ എന്റെ രാജ്യത്ത് അത്തരം കുറ്റങ്ങളൊന്നുമില്ല. കേസ് വിസ്താരണം നീണ്ടു പോകുന്നില്ല. നിയമത്തിന്ന് പഴുതുകളില്ല. ആകയാൽ നിങ്ങളുടെ സംസ്ക്കാരം ഇവിടെ ഇല്ലാത്തതിനാൽ എനിക്ക് യാതൊരു വ്യസനവും ഇല്ല. മറിച്ച് എനിക്കതിൽ വലുതായ സന്തോഷമാണുള്ളത്. എന്റെ രാജ്യം (ഇത്

ശേഷം പേജ് 23 ൽ

# ശ്രീകൃഷ്ണൻ(അ)ന്റെ
## പരിശുദ്ധമായ ജീവിതത്തിലൂടെ

ബുഷ്റാ നജീബ് ഖാൻ, വാഴക്കാല.

ഭാരതവർഷത്തിൽ അല്ലാഹു അയച്ച മഹാനായ ഒരു പ്രവാചകനാണ് ശ്രീകൃഷ്ണൻ(അ). എല്ലാ പ്രവാചകന്മാരോടുമെന്ന പോലെ മുസ്‌ലിംകളും ആ മഹാത്മാവിനെ ആദരിക്കുകയും അദ്ദേഹത്തിന്റെ നാമം കേൾക്കുന്ന മാത്രയിൽ അദ്ദേഹത്തിന് വേണ്ടി പ്രാർഥിക്കുകയും ചെയ്യേണ്ടതാണ്.

ധാർമികമായും സാംസ്കാരികമായും അധഃപതിച്ച ജനങ്ങളെ യഥാർഥ മൂല്യങ്ങളിലേക്ക് നയിച്ച് ഏകദൈവ വിശ്വാസികളാക്കി കൊണ്ട് വിപ്ലവകരമായ മാറ്റം സംജാതമാക്കാനാണ്, പ്രവാചകൻമാർ ആഗതരാവുന്നത്. അനേകം അവതാരപുരുഷൻമാർക്കും ഋഷീവര്യൻമാർക്കും ജൻമം നൽകിയ പാവനമായ സംസ്ക്കാരം കുടികൊള്ളുന്ന പുരാതനനാടാണ് നമ്മുടെ ആർഷഭാരതം. ആത്മീയതയിൽ പദമൂന്നിക്കൊണ്ട് അനേകം സംസ്ക്കാര, സംസ്കൃതികൾ നിലനിന്നിരുന്നതിന്റെ പ്രതീകങ്ങൾ ഇന്നും നമ്മുടെ കൺമുന്നിൽ നിലനിൽക്കുന്നുണ്ട്.

പുരാതനകാലം മുതൽ തന്നെ ആദ്ധ്യാത്മിക മൂല്യങ്ങളെ ഹൃദയാത്മനാ സ്വാഗതം ചെയ്യുന്ന സ്വാംശീകരണ ശീലമുള്ള ഒരു ജനസമൂഹമായിരുന്നു നമ്മുടെ കേരള സമൂഹം. ക്രിസ്തീയ സന്ദേശമെത്തിക്കാൻ ഫലസ്തീനിൽ നിന്ന് ക്രിസ്തു ശിഷ്യനായ തോമാ ശ്ലീഹ എത്തിയപ്പോൾ, കേരളം ഹർഷാരവത്തോടെ അദ്ദേഹത്തെ സ്വീകരിച്ചു. അദ്ദേഹത്തിന്റെ ആത്മീയ പാഠങ്ങൾ നെഞ്ചിലേറ്റാൻ ഇവിടെയുള്ള യഹൂദസമൂഹം തയ്യാറായി... ഇസ്‌ലാം ഇന്ത്യയിൽ എത്തിയപ്പോൾ ആദ്യമായി ഈ സന്ദേശം ഉൾകൊണ്ടത് മുസ്‌രിസിലെ (കൊടുങ്ങല്ലൂരിലെ) അന്നത്തെ രാജാവായ ചേരമാൻ പെരുമാളാണ്. ഇന്ത്യയിലെ ആദ്യത്തെ മുസ്‌ലിം പള്ളിയായ ചേരമാൻ പെരുമാൾ പള്ളി, ഇതിന്റെ സ്മരണികയായി ഇന്നും നിലനിൽക്കുന്നു. അത് പോലെ കൊച്ചിയിലെ മട്ടാഞ്ചേരിയിൽ ഇന്ത്യയിലെതന്നെ അവശേഷിക്കുന്ന പുരാതന യഹൂദപള്ളികളിൽ, ഒന്ന് നമുക്ക് ദർശിക്കാൻ സാധിക്കുന്നതാണ്.

ആത്മീയ പാതയിൽ ആവേശത്തോടെ മുന്നേറിയ നമ്മുടെ പൂർവികർ ഹിന്ദുമതാചാര്യൻമാരെ വിശ്വസിക്കുകയും ആദരിക്കുകയും ചെയ്തിട്ടുണ്ട്. അവരിലൊരാളാണ്, വസുദേവരുടേയും ദേവകിയുടേയും മകനായി പിറന്നയദുവംശജാതനായ ഹദ്റത്ത് ശ്രീ കൃഷ്ണൻ (അ). ജനങ്ങൾ അങ്ങേയറ്റം ദുഷിക്കുകയും ഉച്ച നീചത്വങ്ങൾ സർവത്ര നടമാടുകയും ചെയ്ത കാലഘട്ടത്തിലാണ് അദ്ദേഹം അവതീർണനായത്. എല്ലാ പ്രവാചകൻമാരേയും പോലെ അദ്ദേഹവും ഏകദൈവ വിശ്വാസത്തെ സ്ഥാപിച്ച് കൊണ്ട്, ജനങ്ങളെ നൻമയിലേക്ക് ക്ഷണിക്കുകയാണ് ചെയ്തത്. എന്നാൽ അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങൾ കാലാന്തരേണ വികലമാക്കപ്പെടുകയും ജനങ്ങൾ അദ്ദേഹത്തെ ദൈവമാക്കി വാഴിക്കുകയും ചെയ്യുകയാണുണ്ടായത്.

ശ്രീകൃഷ്ണൻ(അ)ന്റെ ചരിത്രം നാം പരിശോധിക്കുമ്പോൾ, പല നബിമാരുടേയും ചരിത്രവുമായി ചില താരതമ്യങ്ങൾ കാണാവുന്നതാണ്. ശ്രീകൃഷ്ണൻ(അ)ന്റെ ദുർവൃത്തനായ അമ്മാവൻ അദ്ദേഹത്തെ കൊല്ലാൻ ശ്രമിക്കുകയും, ശ്രീകൃഷ്ണൻ(അ)ന്റെ പിതാവ് അദ്ദേഹത്തെ മറ്റൊരു സ്ത്രീയുടെ അരികെ കിടത്തി, അവരുടെ പെൺകുഞ്ഞിനെ എടുത്ത് ഭാര്യയുടെ അടുത്ത് കൊണ്ട് വന്ന് കിടത്തുകയും, അങ്ങനെ ശ്രീകൃഷ്ണൻ (അ) രക്ഷപ്പെടുകയും ചെയ്തതായി ഹിന്ദു മത സാഹിത്യങ്ങളിൽ രേഖപ്പെട്ടു കിടക്കുന്നു. യശോദാ എന്നറിയപ്പെടുന്ന വളർത്തുമാതാവാണ് പിന്നീട് ശ്രീകൃഷ്ണൻ(അ)നെ വളർത്തുന്നത്. പിന്നീട് ശ്രീകൃഷ്ണൻ (അ)ന്റെ കരങ്ങളാൽ തന്നെ ആ അമ്മാവൻ മരണപ്പെട്ടു. അല്ലാഹുവിന്റെ പ്രവാചകന്മാർ ഇത്തരം വിപരീത പരിതസ്ഥിതികളിൽ ദൈവിക രക്ഷയോടെ വളരുന്ന അദ്ഭുത സംഭവങ്ങൾ പ്രവാചക ചരിത്രങ്ങളിൽ കാണാവുന്നതാണ്. ഉദാഹരണത്തിന് മൂസാ നബി (അ) യുടെ ചരിത്രം നോക്കൂ. ഫിർഔന്റെ കൊട്ടാരത്തിൽ മൂസാനബി (അ) ആസ്യാ (റ) യുടെ തണലിൽ വളരുകയും, അവസാനം ഫിർഔന്റെ അന്ത്യത്തിനുതന്നെ കാരണമാവുകയും ചെയ്തത് ഇസ്‌ലാംമത ഗ്രന്ഥങ്ങളിൽ വ്യക്തമായ വിവരിച്ച കാര്യമാണല്ലോ.

ശ്രീകൃഷ്ണൻ(അ) ബാലനായിരിക്കുമ്പോൾ വെണ്ണകട്ടുതിന്നിരുന്നതായി പ റയുന്നു. വെണ്ണ എന്നത് പരിശുദ്ധമായ ജ്ഞാനമാണ്. അങ്ങനെയാണെങ്കിൽ അദ്ദേഹത്തെ ചെറുപ്പത്തിലേ വളരെയധികം ആത്മീയ ജ്ഞാനങ്ങൾ കരസ്ഥമാക്കിയ വ്യക്തിയായികണക്കാക്കാം. ഈസാ (അ) നബിക്കും ചെറുപ്പത്തിൽ തന്നെ വളരെയധികം ജ്ഞാനം നൽ

കപ്പെട്ടിരുന്നതായി വിശുദ്ധ ഖുർആനിൽ കാണാം.

ശ്രീകൃഷ്ണൻ (അ) ഓടക്കുഴൽ വായിക്കുകയും അത് കേട്ട് ഗോക്കളെല്ലാം പുല്ല് മേയാൻ പോലും മറന്ന് നിന്നതായും പറയപ്പെടുന്നു. ശ്രീകൃഷ്ണൻ(അ) ന്റെ അനുയായികളെ ഗോക്കളുമായാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്. ഈസാനബി (അ)ന്റെ അനുയായികൾ കുഞ്ഞാടുകളായിട്ടാണല്ലോ അറിയപ്പെടുന്നത്. ശ്രുതി മധുരമായ മുരളിക വാദനം ചെയ്യപ്പെടുന്നയാളും ഗോക്കളെ പരിപാലിക്കുന്ന ഗോപാലകനുമായി ശ്രീ കൃഷ്ണൻ ചിത്രീകരിക്കപ്പെടാറുണ്ട് അതായത് ശ്രീകൃഷ്ണന്റെ അനുയായികൾ ഗോക്കളെപോലെ അനുസരണ ശീലമുള്ളവരും അദ്ദേഹത്തിന്റെ ആജ്ഞകൾക്ക് വിധേയരുമായിരുന്നു. മുരളീ വാദനമായി പറഞ്ഞത് ദൈവത്തിൽ നിന്ന് ശ്രീകൃഷ്ണന് ലഭിച്ച ദിവ്യജ്ഞാനം തന്റെ ജനതയിലേക്ക് അദ്ദേഹം പ്രേഷണം ചെയ്യുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഉപമാരൂപത്തിൽ ആലങ്കാരികമായി പറഞ്ഞ ഈ വിവരണങ്ങളെല്ലാം പിന്നീട് മതാനുയായികൾ അക്ഷരാർഥത്തിൽ എടുക്കുകയായിരുന്നു.

ശ്രീകൃഷ്ണൻ(അ) തന്റെ പ്രണയിനി രാധയുമായി ശൃംഗാരം വഴിഞ്ഞൊഴുകുന്ന പ്രേമസല്ലാപം നടത്തിയ ഒരു പ്രണയ ലോലുപനായി വർണിക്കപ്പെട്ടിട്ടുണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ച ജയദേവ കവിയുടെ ഗീതാഗോവിന്ദത്തിലാണ് ഈ വർണനയുള്ളത്. മഹാഭാരതം, ഭാഗവതം, വിഷ്ണു പുരാണം ഹരി വംശം മുതലായ ഹിന്ദു മതഗ്രന്ഥങ്ങളിൽ രാധയെന്ന കഥാപാത്രമില്ല. രാധയെ പറ്റി സ്വാമി വിവേകാനന്ദൻ പറഞ്ഞത് ആധ്യാത്മിക പ്രണയത്തെ മനുഷ്യ സ്ത്രീയായി പ്രതീകവത്ക്കരിച്ചതാണ് എന്നാണ്. മാംസബദ്ധമായ ലൗകിക പ്രണയമല്ല അതെന്നും വിശുദ്ധമായ ദൈവിക പ്രേമത്തിന്റെ മൂർത്തിയാണ് രാധയെന്നും പല ഹിന്ദുമതപണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഗോപികമാരുമായി ഉല്ലസിച്ച്, 16,008 ഭാര്യമാരുമായി, കുത്തഴിഞ്ഞ ഒരു ജീവിതം അദ്ദേഹം കാഴ്ച വെച്ചതായി ചിലർ കരുതുന്നു. വിമർശകർ സാധാരണക്കാർ പോലും ചെയ്യാത്ത കാര്യങ്ങൾ ചെയ്ത ഒരാളായി ചിലർ ആ മഹാത്മാവിനെ ചിത്രീകരിക്കുന്നു. ഇങ്ങനെയാണ് ദൈവാവതാരത്തിന്റെ സ്ഥിതിയെങ്കിൽ, സാധാരണക്കാരന് ധാർമിക നിലപാടിന്റെ ആവശ്യമെന്താണ് എന്ന് വിമർശകർ ചോദിക്കുന്നു. യഥാർഥത്തിൽ 8 ഭാര്യമാരും, 16,000 ശിഷ്യഗണങ്ങളുമാണ്, അദ്ദേഹത്തിനുണ്ടായിരുന്നത്. സ്വന്തം അനുയായികളെ എല്ലാ പ്രവാചകൻമാരും സ്വന്തം കുടുംബത്തെപ്പോലെ സ്നേഹിക്കുകയും പരിചരിക്കുകയും ചെയ്യുക എന്നത് പ്രവാചകചര്യയിൽപ്പെട്ട കാര്യമാണ്.

കുളിച്ച് കൊണ്ടിരിക്കുന്ന സ്ത്രീകളുടെ വസ്ത്രം അദ്ദേഹം മാറ്റി വെച്ച്കൊണ്ട്, ആലിൻ കൊമ്പിലിരുന്ന് അവരുടെ നഗ്നത അദ്ദേഹം വീക്ഷിച്ചതായി പല ഗ്രന്ഥങ്ങളിലും കാണാൻ സാധിക്കും. യഥാർഥത്തിൽ അദ്ദേഹം ആദ്യമായി പരിഷ്ക്കരിക്കാൻ ശ്രമിച്ചത്, സ്ത്രീകളെയായിരുന്നു. സമൂഹത്തിലെ ജീർണതയെക്കുറിച്ച് അവരെ ബോധവത്ക്കരിക്കുകയും അങ്ങനെ അവരുടെ പഴയ വസ്ത്രം മാറ്റി തഖ്വയുടെ വസ്ത്രം അദ്ദേഹം അവർക്ക് നൽകുകയും ചെയ്തു. വലിയ വൃക്ഷം എന്നത് ദൈവിക പ്രസ്ഥാനത്തെ സൂചിപ്പിക്കുന്ന തായും വസ്ത്രം തഖ്വയുമായി ബന്ധപ്പെടുത്തിയിരിക്കുന്നതായും വിശുദ്ധഖുർആനിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കും. ശജ്റത്തൻ ത്വയ്യിബ, (പരിശുദ്ധ വൃക്ഷം) ലിബാസു തഖ്വ (ഭക്തിയുടെ വസ്ത്രം)എന്നീ പദപ്രയോഗങ്ങൾ ഇസ്‌ലാമിക സാഹിത്യത്തിലും കാണാൻ സാധിക്കുന്നതാണ്.

ബാല്യകാല സുഹൃത്തായ കുചേലൻ, ശ്രീകൃഷ്ണൻ(അ)യെ കാണാൻ ചെന്നപ്പോൾ അദ്ദേഹത്തെ ആദരിച്ചിരുത്തുകയും വിശേഷങ്ങൾ ചോദിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ കാലുകൾ കഴുകിക്കുകയും, അദ്ദേഹം കൊണ്ട് വന്ന അവിൽ അമൃത് പോലെ കഴിക്കുകയും ചെയ്തു.ഉച്ചനീചത്വത്തിനെതിരായ വലിയ ഒരു പാഠമാണ്, ഈ സംഭവത്തിലൂടെ ശ്രീകൃഷ്ണൻ(അ) തന്റെ അനുയായികളെ പഠിപ്പിച്ചത്.

ശ്രീകൃഷ്ണൻ(അ) നൃത്തം ചവിട്ടികൊണ്ട് ഉഗ്ര വിഷരൂപിണിയായ കാളീയനെന്ന സർപ്പത്തെ കൊന്നതായി അദ്ദേഹത്തിന്റെ കഥാവിവരണങ്ങളിൽ കാണാൻ സാധിക്കും. അധർമത്താൽ ക്ഷയിച്ചിരുന്ന ആ ജനതയെ വിഷസർപ്പത്തോട് ഉപമിക്കുകയാണിവിടെ ചെയ്തിരിക്കുന്നത്. അന്ന് നിലനിന്നിരുന്ന അനാചാരങ്ങളും, അധാർമികതയും സമൂഹത്തിൽ നിന്ന് തുടച്ച് നീക്കി കൊണ്ട് പുതിയൊരു യുഗത്തിന് ശ്രീകൃഷ്ണൻ(അ) തുടക്കം കുറിച്ചു.

ശ്രീകൃഷ്ണൻ(അ) തന്റെ ജനതയെ നേർമാർഗത്തിലേക്ക് ക്ഷണിച്ചപ്പോൾ, (എല്ലാകാലത്തും പ്രവാചകൻമാർ അവതരിക്കുമ്പോൾ ജനങ്ങൾ അദ്ദേഹത്തെ നിരാകരിക്കുന്നത് പോലെ,) ശ്രീകൃഷ്ണൻ(അ)യെയും അദ്ദേഹത്തിന്റെ ജനത എതിർക്കുകയുണ്ടായി. അവസാനം ധർമസംസ്ഥാപനത്തിനു വേണ്ടി ശ്രീകൃഷ്ണൻ (അ)ന് യുദ്ധം ചെയ്യേണ്ടിവന്നു. എതിരാളികളായ ബന്ധുമിത്രാദികളെ കണ്ടപ്പോൾ ചഞ്ചലനായ അർജുനനോട് ധർമത്തിനുവേണ്ടി യുദ്ധം ചെയ്ത് വീരമൃത്യു വരിക്കാനാണ് ശ്രീകൃഷ്ണൻ(അ) ഉപദേശിച്ചത്. അങ്ങനെ ധൈര്യം സംഭരിച്ച് കൊണ്ട് അർജുനൻ യുദ്ധം ചെയ്യുകയും വിജയിക്കുകയും ചെയ്തു. നബികരീം(സ)ന് തന്റെ ജനതയോട് യുദ്ധം ചെയ്യേണ്ടിവന്ന അതേരീതിയിൽ തന്നെയായിരുന്നു ശ്രീകൃഷ്ണനും(അ) യുദ്ധം ചെയ്തത്.

കാലാന്തരേണ വികലമാക്കപ്പെട്ട ശ്രീകൃഷ്ണൻ(അ)ന്റെ ചരിത്രം പൊടിനീക്കി സൂക്ഷ്മമായി നാം പരിശോധിക്കുകയാണെങ്കിൽ, ദൈവപ്രേഷിതനായ ആ ദിവ്യാത്മാവിന്റെ വ്യക്തമായ ചരിത്രം സ്പഷ്ടമായി തെളിയുന്നതാണ്.

# ഒരു വൈമാനികന്റെ വിഭജനകാല സ്മരണകൾ –2

വിമാനവുമായി ബന്ധപ്പെട്ട ചില അദ്ഭുത സംഭവങ്ങൾ ലേഖകൻ അനാവരണം ചെയ്യുന്നു.

സ്ക്വാഡ്രൻ ലീഡർ മീർ മുഹമ്മദ് അഹ്മദ്

ആ കാലത്ത് സംഭവിച്ച മൂന്ന് കാര്യങ്ങൾ കൂടി വിവരിക്കേണ്ടത് അത്യാവശ്യമാണ്. അതിലൊന്നാമത്തേത്. അക്കാലത്ത് സ്വകാര്യ വാഹനങ്ങൾക്ക് റേഷൻ വ്യവസ്ഥയിലായിരുന്നു പെട്രോൾ (ഏവിയേഷൻ ഓയിൽ) ലഭിച്ചിരുന്നത്. നമ്മുടെ L5 വിമാനത്തിന്റെ ക്വോട്ട ആഴ്ച്ചയിൽ നാല് ഗ്യാലൻ മാത്രമായിരുന്നു. നമ്മെ സംബന്ധിച്ചിടത്തോളം അത് തികച്ചും അപര്യാപ്ത മായിരുന്നു. ലാഹോറിൽ പോയി തിരിച്ചു വരാൻ 12 ഗ്യാലൻ പെട്രോൾ ആവശ്യമായിരുന്നു. ലാഹോറിലെ വാൾട്ടൻ വിമാനത്താവളത്തിൽ ചെറിയ വിമാനങ്ങൾക്ക്, കാറുകൾക്ക് പെട്രോൾ അടിക്കുന്ന പമ്പിന് സമാനമായ പെട്രോൾ പമ്പായിരുന്നു ഉണ്ടായിരുന്നത്. ഈ പെട്രോൾ പമ്പിന്റെ ഇൻചാർജ് ഒരു ആംഗ്ലോ ഇന്ത്യൻ യുവാവായിരുന്നു. അദ്ദേഹം വിമാനത്താവളത്തിൽ തന്നെയുള്ള ഒരു വീട്ടിലായിരുന്നു കുടുംബ സമേതം താമസിച്ചിരുന്നത്. ആ കാലത്ത് ഫിറോസ്പൂർ റോഡിൽ നദിക്ക് ശേഷം മോഡൽ ടൗൺ മുതൽ കുറേ ദൂരം വരെ യാതൊരു കടകളും ഇല്ലാതിരുന്നതിനാൽ ഇദ്ദേഹത്തിന് വീട്ടാവശ്യത്തിനുള്ള സാധനങ്ങൾക്കായി എന്നും പട്ടണത്തിൽ പോകേണ്ടിവന്നിരുന്നു. എന്നാൽ മിക്ക ദിവസങ്ങളിലും കർഫ്യൂ ആയിരുന്നതിനാൽ പട്ടണത്തിൽ പോയിവരിക എന്നത് ഏറെ ദുഷ്കരവുമാണ്. ഈ പ്രശ്നം തരണം ചെയ്യാനുള്ള മാർഗങ്ങളെക്കുറിച്ച് അദ്ദേഹം ആ സന്ദർഭത്തിൽ ചിന്തിച്ചു കൊണ്ടിരിക്കയായിരുന്നു.

ആദ്യമായി ഞാൻ നമ്മുടെ വിമാനം സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ് (റ)ന്റെ നിർദേശ പ്രകാരം ലാഹോർ വാൾട്ടൻ വിമാനത്താവളത്തിൽ നിന്നും ഏറ്റെടുക്കാൻ വന്നപ്പോൾ ഇദ്ദേഹത്തെ പരിചയപ്പെട്ടിരുന്നു. മാത്രവുമല്ല അന്ന് അദ്ദേഹം എന്നെ സഹായിക്കുകയും ചെയ്തിരുന്നു. ഈ പരിചയത്തിന്റെ പേരിൽ ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ ഒരു നിർദേശം വെച്ചു. ഒരു ദിവസം മുമ്പ് എന്നെ അറിയിക്കുകയാണെങ്കിൽ പച്ചക്കറികൾ, മുട്ട, ഇറച്ചി, ബേക്കറി സാധങ്ങൾ തുടങ്ങി വീട്ടിലേക്ക് ആവശ്യമായ സാധനങ്ങളെല്ലാം ആവശ്യാനുസരണം ഞാൻ ഖാദിയാനിൽ നിന്ന് വാങ്ങി താങ്കൾ ക്ക് എത്തിച്ചുതരാമെന്ന് അദ്ദേഹ ത്തോട് പറഞ്ഞു. ഇത് കേട്ട അദ്ദേഹം വളരെയധികം സന്തുഷ്ടനാവുകയും എങ്കിൽ നിങ്ങൾക്കാവശ്യമായ പെട്രോൾ, വൗച്ചറോ പെർമിറ്റോ കൂടാതെ എത്രവേണ മെങ്കിലും ഞാൻ നൽകിക്കൊള്ളാ മെന്നും രേഖകളിൽ അത് ശരിയാക്കേണ്ട ഉത്തരവാദിത്വം എന്റേതായിരിക്കുമെന്നും എന്നോട് പറഞ്ഞു. അതിന് ശേഷം അദ്ദേഹത്തിന്റെ ആവശ്യാനുസരണം വീട്ടുസാമാനങ്ങൾ ഞാൻ ഖാദിയാനിൽ നിന്ന് എത്തിച്ചു കൊടുക്കാൻ തുടങ്ങി. എനിക്കാണെങ്കിൽ പെർമിറ്റില്ലാതെ ഇഷ്ടം പോലെ പെട്രോളും കിട്ടിതുടങ്ങി. കാര്യങ്ങൾ ഇത്രകണ്ട് സുഗമമായപ്പോൾ ഞാൻ മറ്റൊരു കാര്യം ചെയ്യാൻ തുടങ്ങി. ഞാൻ ദിവസവും വിമാനത്തിൽ 35 ഗ്യാലൻ പെട്രോൾ നിറക്കും. ഖാദിയാനിലേക്ക് 6 ഗ്യാലൻ ചെലവാകും. ബാക്കിയുള്ള 29 ഗ്യാലൻ പെട്രോളിൽ നിന്ന് ഒരു റബ്ബർ ട്യൂബ് ഉപയോഗിച്ച് 20 ഗ്യാലൻ മറ്റൊരു വലിയ ഡ്രമ്മിലേക്ക് മാറ്റും. ലാഹോറിലേക്കുള്ള മടക്കയാത്രക്കായി 9 ഗ്യാലൻ പെട്രോൾ ബാക്കി വെക്കും. ദിവസേന ലാഹോറിലേക്ക്

പോ കേണ്ട ആവശ്യമുള്ളത് കൊണ്ട് ഖാദിയാനിലെ കരുതൽ ശേഖരം ദിവസേന 20 ഗ്യാലൻ വെച്ച് കൂടി തുടങ്ങി. രാജ്യത്തിന്റെ പൊതുവായ സ്ഥിതിഗതികൾ വഷളാവുകയും ലാഹോറിൽ പെട്രോൾ ലഭ്യതപൂർണ മായും നിലച്ചുപോകുകയും ചെയ്താൽ നമ്മുടെ വിമാനത്തിന് ആവശ്യമായ പെട്രോൾ ഖാദിയാനിൽ തന്നെ ലഭ്യമാക്കാനും അടിയന്തിര ഘട്ടത്തിൽ വിമാനം ഖാദിയാനിൽ കുടുങ്ങി പോകാതിരിക്കാനും വേണ്ടിയാണ് ഞാൻ ഇങ്ങനെ ചെയ്തത്.

രണ്ടാമത്തെ കാര്യം. ലാഹോറിൽ വിമാന പരിശീലനം പൂർത്തിയാക്കിയ ശേഷം ഇന്ത്യൻ എയർ ലെയ്ൻസിൽ വൈമാനികനായി ജോലി അന്വേഷിച്ച് നടക്കുന്ന ഒരു ഹിന്ദു യുവാവിന്റെ പക്കൽ നമ്മുടെ പക്കലുള്ള അതേയിനം L5 വിമാനം ഉണ്ടായിരുന്നു. അദ്ദേഹം പരിശീലനം പൂർത്തിയാക്കിയത് കൊണ്ട് ആ വിമാനം നമുക്ക് വിൽക്കാൻ അദ്ദേഹത്തിന് താൽപര്യവുമുണ്ടായിരുന്നു. നമ്മുടെ വിമാനത്തേക്കാൾ 300 മണിക്കൂർ കൂടുതൽ പറന്നത് കാരണം അതിന്റെ എഞ്ചിന് നമ്മുടെ വിമാനത്തിന്റെ എഞ്ചിനേക്കാൾ അൽപ്പം ബലക്കുറവുണ്ടായിരുന്നു. അതിന്റെ വില 5000 (അയ്യായിരം) രൂപ തന്നെ വേണമെന്ന് അയാൾ ശഠിച്ചു. ഞാൻ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ വില നിശ്ചയിക്കുകയും കച്ചവട മുറപ്പിക്കുകയും ചെയ്തു. വിമാനം ഉടൻ തന്നെ അദ്ദേഹം എന്നെ ഏൽപ്പിക്കുകയും വിമാനത്തിന്റെ രേഖകൾ പണം മുഴുവൻ കൊടുത്താൽ തരാമെന്ന വ്യവസ്ഥയിൽ അയാൾ തന്നെ കയ്യിൽ വെക്കുകയും ചെയ്തു. പക്ഷേ ലാഹോറിലെ സ്ഥിതിഗതികൾ ഉടൻ തന്നെ താറുമാറാകുകയും അരക്ഷിതാവസ്ഥ ഉടലെടുക്കുകയും ചെയ്തപ്പോൾ ഈ ഹിന്ദു യുവാവ് നമ്മൾ പണം നൽകുന്നതിന് മുമ്പ് തന്നെ ഇന്ത്യയിലേക്ക് പേടിച്ചോടി. അങ്ങനെ അദ്ദേഹത്തിന് ആ പണം നൽകാൻ സാധിക്കാതെ വന്നു. ഞാൻ മുഴുവൻ കാര്യങ്ങളും പാകിസ്താൻ വ്യോമയാന മന്ത്രാലയത്തെ അറിയിച്ചപ്പോൾ, അവർ വിമാനത്തിന്റെ പുതിയ രജിസ്ട്രേഷൻ രേഖകൾ നമ്മുടെ പേരിൽ ഉണ്ടാക്കി തന്നു. ഇത്തരത്തിൽ രണ്ടാമത്തെ L5 വിമാനം ജമാഅത്തിന് സാമ്പത്തികമായ യാതൊരു ചെലവും ഇല്ലാതെ തന്നെ ലഭിച്ചു. അങ്ങനെ ജമാഅത്തിന്റെ പക്കലുള്ള L5 വിമാനത്തിന്റെ എണ്ണം രണ്ടായി.

മൂന്നാമത്തെ കാര്യം, ഡപ്യൂട്ടി മുഹമ്മദ് ലത്തീഫ് സാഹിബ് ആ സമയത്താണ് ബോംബേയിലുള്ള തന്റെ ജോലി രാജിവെച്ച് ലാഹോറിൽ എത്തിയത്. അതുകൊണ്ട് എന്നോടൊപ്പം ജമാഅത്തിന്റെ രണ്ടാമത്തെ L5 വിമാനം പറത്തിക്കൊണ്ട് അദ്ദേഹമാണ് ഖാദിയാനിലേക്ക് വന്നത്. അങ്ങനെ ഒരു L5 യുടെ വൈമാനികൻ അദ്ദേഹവും മറ്റൊന്നിന്റേത് ഞാനുമായി ഞങ്ങൾ ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ മുഴുകി.

അക്കാലത്തെ ഒരു പ്രധാന സംഭവം ഞാൻ ഇന്നും നന്നായി ഓർക്കുകയാണ്. 1947 ആഗസ് 25 നാണ് ഖാദിയാനിൽ നിന്ന് ഹിജ്റത്ത് (പലായനം) ചെയ്ത് ആദ്യസംഘം പുറപ്പെട്ടത്. ആ സംഘത്തിൽ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ (റ) അമ്മാജാൻ അടക്കം ഹദ്റത്ത് മസീഹ് മൗഊദി(അ) ന്റെ കുടും ബത്തിലെ സ്ത്രീകളും ഉണ്ടായിരുന്നു. സംഘത്തിന്റെ തലക്കൽ സാഹിബ് സാദാ മിർസാ മൻസൂർ അഹ്മദ് സാഹിബിന്റെ നീല നിറത്തിലുള്ള കാറായിരുന്നു ഉണ്ടായിരുന്നത്. സാഹിബ് സാദി നാസിറാ ബേഗം സാഹിബ അതിന് മൂന്ന് ദിവസം മുമ്പായിരുന്നു സാഹിബ് സാദാ മിർസാ മഗ്ഫൂർ അഹ്മദ് സാഹിബിനെ പ്രസവി ച്ചത്. (മിർസാ മഗ്ഫൂർ അഹ്മദ് സാഹിബ് ഇപ്പോൾ അമേരിക്കയിൽ സർജനായി ജോലി ചെയ്യുന്നു) ഈ കാരണത്താൽ, ഈ പിഞ്ചു കുഞ്ഞിനും മാതാവിനും കാറിനകത്ത് താഴത്ത് തടിച്ച ഒരു വിരിപ്പ് വിരിച്ചിരുന്നു. അതിൽ കിടന്നാണ് കുഞ്ഞും മാതാവും ലാഹോറിൽ എത്തിയത്. അന്നേ ദിവസം ഞാൻ ലാഹോറിലേക്ക് പോകുന്നുണ്ടായിരുന്നു. പറക്കുന്നതിനിടയിൽ ബട്ടാലക്കും അമൃത്സറിനും മദ്ധ്യേ വെച്ച് ഞാനും ഇവർ സഞ്ചരിച്ച നീല കാർ തിരിച്ചറിഞ്ഞിരുന്നു. ആവശ്യപ്പെട്ടിട്ടില്ലെങ്കിലും ഒരു രസത്തിന് വേണ്ടി ഖാഫില (യാത്ര സംഘം) ക്കരികിൽ റോഡിനോട് ചേർന്ന് ഒരു വയലിൽ ഞാൻ വിമാനമിറക്കി. വിമാനത്തിന്റെ എഞ്ചിൻ ഓഫ് ചെയ്യാതെ തന്നെ ഞാൻ അവരുടെ അടുക്കൽ ചെന്നു. എന്നെ കണ്ട ഉടൻ ഖാഫിലനിന്നു. ഞാൻ അവരുടെക്ഷേമം അന്വേഷിച്ചു. എല്ലാം ഭദ്രമാണെന്നും സുരക്ഷിതമാണെന്നും മനസ്സിലായപ്പോൾ വീണ്ടും യാത്ര തുടർന്നു. ഞാൻ ലാഹോറിൽ എത്തിയപ്പോൾ അമീർ ജമാഅത്ത് ജനാബ് ശേഖ് ബശീർ സാഹിബിനെ വിളിച്ച് ഖാഫില സുരക്ഷിതമാണെന്നും ഏകദേശം ഇത്ര സമയത്ത് ലാഹോറിൽ എത്തുമെന്നു മറിയിക്കുകയുണ്ടായി. ഇതൊരു താൽക്കാലിക മാറ്റമാണെന്നും രാജ്യത്ത് സമാധാനാന്തരീക്ഷം സംജാതമായാൽ എല്ലാവരും ഖാദിയാനിലേക്ക് തിരിച്ചുവരുമെന്നുമായിരുന്നു എല്ലാവരും ധരിച്ചു വച്ചത്. ഇത് എന്നെന്നേക്കുമായുള്ള പലായനമായി ആരും കരുതിയിരുന്നില്ല. ആഗസ്ത് 31-ാം തീയതിയാണ് ഹുസുർ തിരുമനസ്സ് ഒരു കാറിൽ ഖാദിയാനിൽ നിന്ന് ലാഹോറിൽ എത്തിയത്. ഹുസൂർ തനിച്ചായിരുന്നു വന്നത്. മറ്റ് യാതൊരു ഖാഫിലയും ഹുസൂറിനോടൊപ്പം ഇല്ലായിരുന്നു. പക്ഷേ സുരക്ഷിതത്വം ഉറപ്പ് വരുത്താനായി ഹുസൂറിന്റെ കാറിനോടൊപ്പം ഒരു ബ്രിട്ടീഷ് സൈനിക കമ്മാന്റോ ക്യാപ്റ്റൻ ഇൻചാർജ് ആയിട്ടുള്ള ഒരു സൈനിക സുരക്ഷാ സംഘം ഉണ്ടായിരുന്നു. അപ്പോഴും ഇന്ത്യയിലേയും പാകിസ്താനിലേയും സൈന്യത്തിൽ ബ്രിട്ടീഷ് ഓഫീസർമാർ ഉണ്ടായിരുന്നു.

1947 സെപ്തംബർ ആരംഭത്തിൽ കിഴക്കൻ പഞ്ചാബ് ഗവൺമെന്റ് നമ്മുടെ വിമാനങ്ങളെ നിരോധിക്കുവാനും കണ്ടുകെട്ടാനുമായുള്ള

ഉത്തരവിറക്കി. ഉത്തരവുമായി പോലീസ് ഓഫീസർ ആദ്യം ചെന്നത് ഖുദ്ദാമുൽ അഹ്മദിയ്യാ ഓഫീസിലായിരുന്നു. അവിടെ ചെന്നപ്പോൾ ഓഫീസിലുണ്ടായിരുന്ന ഇൻചാർജിന് ഉത്തരവിന്റെ കോപ്പി കാണിച്ചു കൊടുത്തു. ആ സമയത്ത് ഞാനും ഡെപ്യൂട്ടി ലത്തീഫ് സാഹിബും ലാഹോറിൽ നിന്ന് ഖാദിയാനിലേക്ക് വരികയായിരുന്നു. ഞങ്ങൾ രണ്ടു പേരുടെയും വിമാനങ്ങളിൽ ജമാഅത്തിലെ ഓരോ പ്രവർത്തകനും അത്യാവശ്യം സാധന സാമഗ്രികളുമുണ്ടായിരുന്നു. ഞങ്ങൾ ലാഹോറിൽ നിന്ന് എത്താൻ സമയമായിരിക്കുന്നു എന്ന് മനസ്സിലാക്കിയ ഖുദ്ദാമുൽ അഹ്മദിയ്യാ ഓഫീസിലുള്ളവർ നാല് ഖാദിമീങ്ങളെ വിമാനത്തിന്റെ ലാന്റിങ്ങ് ഗ്രൗണ്ടിനടുത്ത് രഹസ്യ മായി പറഞ്ഞ് വിടുകയും വിമാനം ലാന്റ് ചെയ്ത ഉടൻ തന്നെ അതിലുള്ള സാധനങ്ങൾ ഇറക്കിയ ശേഷം തിരിച്ച് ലാഹോറിലേക്ക് പോയിക്കൊള്ളാനും വിമാനങ്ങൾ കണ്ട് കെട്ടാൻ ഉത്തരവിറക്കിയിരിക്കയാണെന്ന കാര്യം ഞങ്ങളെ ധരിപ്പിക്കാനും അവരെ പറഞ്ഞ് ഏൽപ്പിച്ചിരുന്നു.

ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഓഫീസ് ഇൻചാർജ് ഉത്തരവുമായി വന്ന പോലീസ് ഓഫീസറേയും കൂടെയുള്ള ശിപായിമാരെയും ചായയും പലഹാരങ്ങളും നൽകി നന്നായി സൽക്കരിച്ചിരുത്തി. എന്നിട്ട് അവരെ ഇതുമായി യാതൊരു ബന്ധവുമില്ലാത്ത അവർക്ക് വളരെ താൽപര്യവും രസകരവുമായ പല പല സംസാരങ്ങളിലൂടെ, ഞങ്ങൾ തിരിച്ച് ലാഹോറിലേക്ക് പുറപ്പെടുന്നത് വരെ അവിടെ ഓഫീസിൽ തന്നെ പിടിച്ചിരുത്തി.

ഞങ്ങൾ ഖാദിയാനിൽ ലാന്റ് ചെയ്ത ഉടൻ തന്നെ വിമാനം ഓഫ് ചെയ്യരുതെന്ന് ആംഗ്യത്തിലൂടെ നമ്മുടെ ഖാദിമീങ്ങൾ ആവശ്യപ്പെട്ടതും ഞങ്ങളോടൊപ്പമുണ്ടായിരുന്ന ജമാഅത്ത് പ്രവർത്തകരേയും സാധനങ്ങളും തിരക്കിട്ടിറക്കിയതും ഞാൻ ഇന്നും നന്നായി ഓർക്കുന്നു.

അതിന് ശേഷം ഞങ്ങൾ രണ്ട് പേരും ലാഹോറിലേക്ക് പുറപ്പെട്ടു. 45 മിനുട്ട് കൊണ്ട് ഞങ്ങൾ ലാഹോർ വിമാനത്താവളത്തിൽ എത്തുകയും ചെയ്തു.

എന്നാൽ ഞാൻ അതിന് ശേഷവും വാൾട്ടൻ വിമാനത്താവള ത്തിൽ നിന്ന് ഖാദിയാനിലേക്ക് ദിവസവും പറക്കാറുണ്ടായിരുന്നു. കലാപകാരികൾ ഖാദിയാനെ അക്രമിക്കാനുള്ള വല്ല ഒരുക്കങ്ങളും നടക്കുന്നുണ്ടോ എന്ന ഭയത്താൽ ഖാദിയാന്റെ പ്രാന്തപ്രദേശങ്ങളെ നന്നായി നിരീക്ഷിക്കുകയും സർവേ നടത്തുകയുമാണ് ഉദ്ദേശ്യം. മാത്രമല്ല ഖാദിയാനിൽ നിന്ന് ദിവസേന ലാഹോറിലേക്ക് പോയിക്കൊണ്ടിരുന്ന മുജാഹിരീങ്ങൾക്ക് യാത്രയിൽ വല്ല ബുദ്ധിമുട്ടുകളും നേരിടുമോ അവർ സുരക്ഷിതരാണോ എന്നും ഞാൻ ശ്രദ്ധിക്കാറുണ്ടായിരുന്നു. എന്നാൽ ഏതാനും ദിവസങ്ങൾ കൊണ്ട് തന്നെ വ്യോമ നിരീക്ഷണ പറക്കലുകളും സർവേയും നിർത്തി വെക്കേണ്ടതായി വന്നു. കാരണം ഖാദിയാനിൽ താവളമുറപ്പിച്ച പോലീസും സൈന്യവും എന്റെ നേരെ വെടിയുതിർക്കാൻ തുടങ്ങി.

ഖാദിയാന്റെ മുകളിലൂടെ പറക്കുന്ന അവസരത്തിൽ നമ്മുടെ വിമാനത്തിന് നേരെ ആദ്യമായി വെടി ഉതിർത്തപ്പോൾ അല്ലാഹു അദ്ഭുതകരമായി എന്നെ രക്ഷിച്ചു. ഇവിടെ ഞാനൊരു കാര്യം സൂചിപ്പിക്കാം. വായുസേനയിലെ വിമാനങ്ങളുടെ എഞ്ചിൻ ശബ്ദം വളരെ ഉയർന്നതായത് കൊണ്ട് അവയെ വെടിവെച്ചാൽ വെടിയൊച്ചയുടെ ശബ്ദം പൈലറ്റിന് കേൾക്കാൻ പ്രയാസമാണ്. എന്നാൽ ഇത്തരം ചെറിയ ഇനം വിമാനങ്ങൾക്ക് നേരെ റൈഫിളോ യന്ത്രത്തോക്കോ ഉപയോഗിച്ച് വെടിവെച്ചാൽ വെടിയുടെ ശബ്ദം വൈമാനികന് കേൾക്കാൻ സാധിക്കും

**L5** വിമാനങ്ങളുടെ കോക്ക്പിറ്റിൽ രണ്ട് വശത്തമുള്ള വാതിലുകളുടെ മുകൾ ഭാഗത്ത് ചെറിയ കിളിവാതിലുകളുണ്ട്. അതിന്റെ വാതിലുകൾ Perspax (പെർസ്പാക്സ്) എന്ന പേരുള്ള ഒരു പ്രത്യേക തരം പ്ലാസ്റ്റിക്ക് കൊണ്ട് നിർമിച്ചവയാണ്. അവ കണ്ണാടി പോലെ സുതാര്യമായിരിക്കും. ഇത്പോലെ വിമാനത്തിന്റെ മേൽ തട്ടും പെർസ്പാക്സ് കൊണ്ട് നിർമിച്ചതാകയാൽ അതിലൂടെയും നന്നായി കാണാൻ സാധിക്കും. ഈ കിളിവാതിലുകൾ അകത്ത് നിന്ന് തുറന്ന് താഴേക്ക് ഒതുക്കി വെക്കാൻ പറ്റും. ഞാൻ അധികവും ഇരു വശത്തുമുള്ള ഈ കിളിവാതിലുകൾ പകുതി തുറന്നു വെച്ചായിരുന്നു വിമാനം പറത്തിയിരുന്നത്..

അന്ന് ഞാൻ പതിവ് പോലെ വ്യോമ നിരീക്ഷണത്തിനായി ഖാദിയാനിലേക്ക് പുറപ്പെട്ടു തഅ്ലീമുൽ ഇസ്‌ലാം കോളേജ് (ഇപ്പോഴത്തെ സിക്ക് നാഷണൽ കോളേജ് - വിവ:) ൽ നിന്ന് മിനാരത്തുൽ മസീഹിന്റെ ഭാഗത്തേക്ക് ഞാൻ വളരെ താഴ്ന്ന് പറക്കുകയായിരുന്നു.'രേത്തി ചെല്ല' (ഇപ്പോഴത്തെ നൂർ ആശുപത്രിയും പോസ്റ്റ ഓഫീസും ഉള്ള സ്ഥലം -വിവ:) യുടെ മുകളിലെത്തിയപ്പോൾ താഴെ നിന്ന് വെടിയുടെ ശബ്ദം കേട്ടു. ഇടത് ഭാഗത്ത് നിന്നാണ് ഞാൻ ശബ്ദം കേട്ടത്. യാദൃച്ഛികമായി വലത് ഭാഗത്തുള്ള കിളിവാതിലിലൂടെ താഴെ നോക്കുവാനായി ഞാൻ തല വലത് ഭാഗത്തേക്ക് ചരിച്ചു. ആ നിമിഷം ശക്തമായ ഒരു പൊട്ടിത്തെറി കേൾക്കുകയും കോക്ക്പിറ്റിന്റെ മേൽ തട്ടിൽ പെർസ്പാക്സിൽ തകർന്ന് അതിന്റെ നുറുങ്ങ് കഷണങ്ങൾ എന്റെ കഴുത്തിന്റെ ഇടത് ഭാഗത്ത് വീഴുന്നതായും മനസ്സിലായി, അതേ നിമിഷം തന്നെ എന്റെ തലയുടെ ഇടത് ഭാഗത്തുള്ള മുടിയിൽ എന്തോ ഇഴഞ്ഞതായും എനിക്ക് അനുഭവപ്പെട്ടു. ഞാൻ പെട്ടെന്ന് തന്നെ അൽപ്പംപോലും ഏകാഗ്രത കൈ വെടിയാതെ വിമാനം പരിപൂർണമായും എന്റെ നിയന്ത്രണത്തിലാക്കുകയും വലത്തോട്ട് തിരിഞ്ഞുകൊണ്ട് വളരെ ഉയരത്തിലേക്ക് പോകുകയും ചെയ്തു. തല ഉയർത്തി മുകളിലേക്ക് നോക്കിയപ്പോഴാണ് മുകളിലത്തെ പെർസ്

പാക്സിൽ എന്റെ തലയുടെ നേരെ മുകളിൽ വെടികൊണ്ടുള്ള ദ്വാരമുണ്ടായിരിക്കുന്നു. തല തടവിയപ്പോഴാണ് മുടിയും കുറച്ച് കത്തിപ്പോയതായി മനസ്സിലായത്. ഇത് അല്ലാഹുവിൽ നിന്നുള്ള അത്ഭുത ദൃഷ്ടാന്തമാണ്. ഞാൻ ആ സമയം എന്റെ തലവലത് വശത്തേക്ക് ചരിക്കാതിരിക്കുകയോ നേരെ ഇരിക്കുകയോ അല്ലെങ്കിൽ ഇടതു ഭാഗം ചരിക്കുകയോ ചെയ്തിരുന്നുവെങ്കിൽ വെടിയുണ്ട എന്റെ തലയിലൂടെ കടന്നു പോകുമായിരുന്നു. എങ്കിൽ ഈ കഥ നിങ്ങൾ ഇന്ന് വായിക്കുകയുമില്ല.

ആകാശത്ത് നിന്നുള്ള ഖാദിയാന്റെ കാഴ്ച്ച കാണുവാനായി ഒരാൾ എന്നോടൊപ്പം വന്നിട്ടുണ്ടായിരുന്നു. പുറകിലത്തെ സീറ്റിൽ ഇരുന്ന അദ്ദേഹത്തിന് എന്തോ ഒന്ന് സംഭവിച്ചു എന്നല്ലാതെ എന്താണ് സംഭവിച്ചതെന്ന് കൃത്യമായി മനസ്സിലായില്ല. എന്താ കാര്യം എന്ന് അദ്ദേഹം ആംഗ്യത്തിലുടെ ചോദിക്കുന്നുണ്ടായിരുന്നു. വിമാനത്തിന് വെടി കൊണ്ടിരിക്കുന്നുവെന്ന് ഞാനും ആംഗ്യത്തിലൂടെ പറഞ്ഞെങ്കിലും അദ്ദേഹത്തിന് ഒന്നും മനസിലായില്ല. ലാഹോറിലേക്ക് പോകുന്നതിന് പകരം ഏറ്റവും അടുത്ത പാകിസ്താന്റെ അതിർത്തി പ്രദേശമായ പിസ്റൂറിന്റെ ഭാഗത്തേക്ക് ഞാൻ വിമാനം തിരിച്ചു. വിമാനത്തിന്റെ അടിവശത്ത് വെടികൊണ്ടിരിക്കുമോ എന്ന സംശയത്തിലാണ് ഞാൻ അങ്ങനെ ചെയ്തത്. അങ്ങനെയെങ്കിൽ ഏതാനും നിമിഷങ്ങൾക്കകം എഞ്ചിന്റെ പ്രവർത്തനം നിലക്കും. അതിനാൽ എത്രയും വേഗം പാകിസ്താൻ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതാണ് ഉത്തമം. ഒരു പക്ഷേ ക്രാഷ്ലാന്റ് ചെയ്യുകയാണെങ്കിൽ പാകിസ്താന്റെ മണ്ണിൽ ചെയ്യുന്ന തായിരിക്കും ഉചിതം. ആ സമയത്ത് ക്രാഷ് ലാന്റ് ചെയ്യാൻ ഏറ്റവും അടുത്ത് പറ്റിയ സ്ഥലം പാകിസ്താന്റെ അതിർത്തി പ്രദേശത്തെ പിസ്റൂറിനടുത്തുള്ള റാവിനദിയാണ്. റാവി നദിയുടെ കരയിൽ എത്തിയപ്പോൾ എനിക്ക് ശരിക്കും ജീവൻ വീണു. അങ്ങനെ നദിയുടെ പടിഞ്ഞാറെ കരക്ക് മുകളിലൂടെ പറന്ന് സുരക്ഷിതമായി ലാഹോർ വാൾട്ടൻ വിമാനത്താവളത്തിൽ ലാന്റ് ചെയ്തു. അൽഹംദുലില്ലാഹ്!.

വിമാനത്തിൽ നിന്ന് ഇറങ്ങിയതിന് ശേഷം ഞാൻ എന്റെ സഹയാത്രികനോട് വിമാനത്തിന് വെടി കൊണ്ട കാര്യം പറയുകയും കോക്ക് പിറ്റിന്റെ മേൽതട്ടിലെ വൃത്തത്തിലുള്ള ദ്വാരവും എന്റെ കത്തിയ മുടിയും കാണിച്ചു കൊടുക്കുകയും ചെയ്തു, ഇതെല്ലാം കാണുകയും വിവരങ്ങൾ അറിയുകയും ചെയ്ത ആ നിമിഷം ആ ആഘാതത്തിൽ അദ്ദേഹം അവിടെ നിന്നനിൽപ്പിൽ Tarmac (വിമാനം നിൽക്കുന്ന റോഡ്) ൽ ബോധം കെട്ടു വീണു. ഏതാനും നിമിഷങ്ങൾക്കകം ബോധം വീണ്ടുകിട്ടി. ആകാശത്ത് നിന്ന് ഖാദിയാന്റെ കാഴ്ച്ച കണ്ട് ആസ്വദിക്കാനായി വളരെ ഉത്സാഹത്തോടെയായിരുന്നു അദ്ദേഹം വന്നത്. പുറപ്പെടുന്നതിന് മുമ്പ് എല്ലാ ദിവസവും ഈ വിനോദ യാത്രക്കായി തന്നെ കൂടെ കൊണ്ടുപോകണമെന്ന് ശട്ടം കെട്ടുകയും ചെയ്തിരുന്നു. എന്നാൽ ഈ സംഭവത്തോടെ പറക്കുവാനുള്ള അദ്ദേഹ ത്തിന്റെ എല്ലാ മോഹവും അവസാനിക്കുകയും എന്നോടൊപ്പം യാത്ര ചെയ്യുന്നതിൽ നിന്ന് തൗബ ചെയ്യുകയും ചെയ്തു. ഇത്തരത്തിലുള്ള രണ്ടാമത്തെ മുഅ്ജിസ (അദ്ഭുത ദൃഷ്ടാന്തം) ഏതാനും ദിവസങ്ങൾക്ക് ശേഷം തന്നെ ഉണ്ടായി. ഖാദിയാനിലെ ഓഫീസിലേക്ക് വളരെ പ്രധാനപ്പെട്ട ഒരു കവർ (കത്ത്) ഹുസൂറിന് അയക്കാനുണ്ടായിരുന്നു. എനിക്ക് ഒരു ത്രിവർണ്ണ സ്ട്രീമർ (Streamer) ഉണ്ടാക്കിത്തരുകയാണെങ്കിൽ ഈ കത്ത് ഞാൻ അതിലിട്ട് തഅ്ലീമുൽ ഇസ്ലാം കോളേജിന്റെ (സിഖ് നാഷണൽ കോളേജ്) മുമ്പിലുള്ള ഗ്രൗണ്ടിൽ ഇടാമെന്ന് പറഞ്ഞു. ഈ ഗ്രൗണ്ടിലാണെങ്കിൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ താൽക്കാലിക ക്യാമ്പും ഉണ്ട്. ഇങ്ങനെ കത്ത് ഖാദിയാനിൽ നമ്മുടെ ഓഫീസ് പ്രവർത്തകരുടെ കയ്യിൽ കിട്ടുകയും ചെയ്യും. രണ്ടാം ലോക മഹായുദ്ധ കാലത്ത് ബർമയിലെ വനാന്തരങ്ങളിൽ ഒളിച്ചിരുന്ന കമ്മാന്റോകൾക്ക് പ്രത്യേക സന്ദേശം കൈമാറാനായി ഈ ഉപായം ഞങ്ങൾ സ്വീകരിച്ചിരുന്നു എന്ന കാര്യം വിവരിച്ചുകൊണ്ടും അത് സംബന്ധിച്ച മറ്റു വിശദ വിവരങ്ങളും ഞാൻ ഹുസൂറിന് നൽകി.

സ്ട്രീമർ എന്നാൽ 12 ഇഞ്ച് നീളവും 9 ഇഞ്ച് വീതിയുമുള്ള ക്യാൻവാസ് കൊണ്ടുള്ള ഉറയാണ്. ഇതിന്റെ ഒരു ഭാഗം അടക്കാനും തുറക്കാനും ഉതകുമാറ് ബട്ടനും ബട്ടൻ ഹോളും ഉള്ളതായിരിക്കും. മറ്റേ ഭാഗത്ത് 14 ഇഞ്ച് നീളവും 3 ഇഞ്ച് വീതിയുമുള്ള നീല മഞ്ഞ ചുവപ്പ് നിറത്തിലുള്ള തുണിയുടെ നാട (Ribbon) തുന്നിപ്പിടിപ്പിച്ചിരിക്കും. നാടയുടെ അറ്റം മാത്രമേ തുന്നി പിടിപ്പിക്കാൻ പാടുള്ളൂ. മറ്റെ അറ്റം നീണ്ട് കിടക്കണം. ഉയരത്തിൽ നിന്ന് വീഴുന്ന അവസരത്തിൽ നാടകൾ പാറിപ്പപറക്കുമെന്നുള്ളത് കൊണ്ടാണ് ഈ ഭാഗം ഇങ്ങനെ ഒഴിച്ചിട്ടിരിക്കുന്നത്. ബാഗിനെ ഒരു വിധത്തിൽ ഭദ്രമായി താഴെ എത്തിക്കുമെന്ന് മാത്രമല്ല വീണു കൊണ്ടിരിക്കുന്ന ബാഗ് ദൂരെ നിന്ന് തന്നെ കാണാനും സഹായിക്കും. ഹുസൂർ തിരുമനസ്സ് പദ്ധതി അംഗീകരിച്ചു. ഹുസൂറിന്റെ നിർദേശ പ്രകാരം ലാഹോറിലെ ലജ്നാ ഇമായില്ലാഹ് രാത്രി തന്നെ മനോഹരമായ രണ്ട് സ്ട്രീമറുകൾ തയ്യാറാക്കി തന്നു. അതിലൊന്നിൽ ഹുസൂറിന്റെ കത്ത് അടക്കം ചെയതു. വാൾട്ടൻ വിമാനത്താവളത്തിൽ നിന്ന് ഞാൻ ഖാദിയാനിലേക്ക് പുറപ്പെട്ടു.

വിമാനത്തിന് നേരെ ശക്തമായ വെടിവെപ്പുണ്ടാകുമെന്ന് എനിക്ക് നല്ല ധാരണയുള്ളത് കൊണ്ട് ഖാദിയാന്റെ ആകാശ വീക്ഷണ ത്തിനായി വരാറുള്ള വിനോദ സഞ്ചാരികളെ ആരേയും ഞാൻ കൂടെ കൂട്ടിയില്ല. വെടി വെക്കുന്നവരുടെ കണ്ണിൽ പെടാതിരിക്കാൻ വളരെ താഴ്ന്ന് പറക്കാൻ ഞാൻ നേരത്തെ തന്നെ തീരുമാനിച്ചിരുന്നു. അങ്ങനെയാകു

മ്പോൾ ഞാൻ അവരുടെ തലക്ക് മുകളിൽ എത്തിയാൽ മാത്രമേ അവർ കാണുകയുള്ളൂ. നേരത്തേ കാണുകയില്ല. അങ്ങനെ താഴ്ന്ന് പറന്ന് കൊണ്ട് തഅ്ലീമുൽ ഇസ്ലാം കോളേജിന്റെ മുമ്പിലുള്ള ഗ്രൗണ്ടിൽ സ്ട്രീമർ ഇടാം. അത്കണ്ട് അവർ വെടിവെക്കാൻ തയ്യാറെടുക്കുമ്പോഴേക്കും ഞാൻ എന്റെ ദൗത്യം പൂർത്തിയാക്കി വീണ്ടും വളരെ താഴ്ന്ന് പറന്ന് ലാഹോറിന്റെ ഭാഗത്തേക്ക് പറന്നിരിക്കും എന്നൊക്കെ കരുതിയാണ് ഞാൻ പുറപ്പെട്ടത്. പക്ഷേ ഞാൻ എന്റെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിന് പത്തഞ്ഞൂറ് വാരമുമ്പ് ചെറുതായൊന്ന് ഉയർന്ന് പൊങ്ങി പറന്നു. അപ്പോഴേക്കും എന്റെ ഇടത് ഭാഗത്ത് നിന്ന് യന്ത്രത്തോക്ക് ഉപയോഗിച്ച് വിമാനത്തിന് നേരെ തുരുതുരാ വെടിയുതിർക്കാൻ തുടങ്ങി. പക്ഷേ അൽഹംദുലില്ലാഹ് അദ്ഭുതകരമെന്ന് പറയട്ടെ ഒരൊറ്റ വെടിയുണ്ടപോലും നമ്മുടെ വിമാനത്തിന് ഏറ്റില്ല. ഞാൻ താഴ്ന്ന് പറന്ന്കൊണ്ട് ലക്ഷ്യസ്ഥാനത്തിന്റെ 100 വാര അകലെയെത്തി സ്ട്രീമർ താഴെയിട്ടു. പിന്നീട് വലത്തോട്ട് തിരിഞ്ഞ് താഴ്ന്ന് പറന്ന് ലാഹോറിൽ തിരിച്ചെത്തി. പിന്നീട് ഫോൺ മുഖേന ഹുസൂർ തിരുമനസ്സിന്റെ ഈ പ്രധാനപ്പെട്ട കത്ത് എത്തേണ്ടിടത്ത് എത്തിയതായി വിവരം ലഭിച്ചു. ഞാൻ ഈ ബാഗ് അവിടെ ഇട്ട ശേഷം അവിടെ എന്ത് സംഭവിച്ചു എന്നതിന്റെ വിശദവിവരം ആ സമയം അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്നവർ ഖാദിയാനിൽ നിന്നും ലാഹോറി ലേക്ക് വന്നപ്പോഴാണ് അറിഞ്ഞത്. അതും അത്യധികം ആശ്ചര്യമുളവാക്കുന്ന ഒരു അദ്ഭുത കഥയാണ്. വിമാനത്തിൽ നിന്ന് ബാഗ് വീഴുന്നത് കണ്ടപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന രണ്ട് ഖാദിം സഹോദരന്മാർ ആ ഭാഗത്തേക്ക് ഓടി. അതേ സമയം ഈ കോളേജ് ഗ്രൗണ്ടിൽ നിന്ന് അൽപ്പം അകലെ വടക്ക് പടിഞ്ഞാറ് ഭാഗത്തുള്ള ജാമിഅ അഹ്മദിയ്യായുടെ വടക്ക് അൽപ്പം മാറി ക്യാമ്പ് ചെയ്തിട്ടുള്ള പോലീസിന്റെയും പട്ടാളത്തിന്റെയും കൂട്ടത്തിൽ നിന്ന് രണ്ട് പേർ ആ ഭാഗത്തേക്ക് ഓടി. ഇവിടെ ക്യാമ്പ് ചെയ്ത പട്ടാളക്കാരാണ് തെറ്റിദ്ധരിച്ച് വിമാനത്തിന് നേരെ വെടിവെച്ചത്.

തഅ്ലീമുൽ ഇസ്ലാം കോളേജിന്റെ തെക്ക് ആദ്യം ജൽസാ സാലാനാ നടക്കാറുണ്ടായിരുന്ന ഭാഗത്തായിരുന്നു ഞാൻ ബാഗ്(സ്ട്രീമർ) വിമാനത്തിൽ നിന്ന് താഴേക്ക് ഇട്ടത്. അവിടെ എത്തിയ പട്ടാളക്കാർ നമ്മുടെ രണ്ട് ഖാദിമീങ്ങളെയും പിടിച്ചുകൊണ്ട്, വിമാനത്തിൽ നിന്ന് താഴെയിട്ട വസ്തു എന്ത്തന്നെയായാലും അത് അവരെ ഏൽപിക്കാൻ ആവശ്യപ്പെട്ടു. ഒരു പക്ഷേ മരങ്ങളുടെ മറവിലായതിനാൽ ആ സർക്കാർ ഉദ്യോഗസ്ഥർ വിമാനത്തിൽ നിന്ന് വീണ വസ്തു ശരിക്കും കണ്ടിരിക്കില്ല. ഞങ്ങൾക്ക് ഒന്നും കിട്ടിയിട്ടില്ല എന്നും ഞങ്ങളുടെ പക്കൽ ഒന്നും ഇല്ല എന്നും നമ്മുടെ ഖാദിമീങ്ങൾ പട്ടാളക്കാരോട് പറഞ്ഞപ്പോൾ അവർക്ക് അത് തീരെ വിശ്വസിക്കാനായില്ല. അത്കൊണ്ട് അവർ ഖാദിമിങ്ങളെ നന്നായി പരിശോധിച്ചു. എന്നാൽ അവരിൽ നിന്ന് ഒന്നും തന്നെ കണ്ടുകിട്ടിയില്ല. പരിശോധനക്ക് ശേഷം പട്ടാളക്കാർ തിരിച്ചുപോയി. ഖാദിമീങ്ങൾ രണ്ട് പേരും അവിടെ തന്നെ നിന്നുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടുമൊക്കെ കണ്ണോടിച്ചു, കാരണം വിമാനത്തിൽ നിന്ന് സ്ട്രീമർ വീഴുന്നത് അവർ നേരിൽ കണ്ടതാണ്. പിന്നെ അതെവിടെ പോയി? അവർ ആകെ ചിന്താകുഴപ്പത്തിലായി. പട്ടാളക്കാർ രണ്ടു പേരും ദൂരെയെത്തി. അവർ കണ്ണിൽ നിന്നും മറഞ്ഞു. അപ്പോൾ അവിടെ തന്നെ നിന്നിരുന്ന മുഷിഞ്ഞ നിക്കറും ഷർട്ടും ധരിച്ച 10-11 വയസ്സ് തോന്നിപ്പിക്കുന്ന ഒരു കുട്ടി നമ്മുടെ ഖാദിമീങ്ങളുടെ അടുക്കൽ വന്നു. എന്നിട്ട് ഷർട്ട് പൊക്കി അതിനടിയിൽ നിന്ന് പൊതിഞ്ഞ് വെച്ച ആ സ്ട്രീമർ എടുത്ത് നമ്മുടെ ഖാദിമീങ്ങൾക്ക് കൊടുത്തുകൊണ്ട് അത് എന്റെ അരികിലാണ് വീണതെന്നും പോലീസുകാരെ കണ്ടപ്പോൾ താനത് പൊതിഞ്ഞ് ഷർട്ടിനടിയിൽ വെച്ചതാണെന്നും പറഞ്ഞു. അതുകാരണം ഹുസൂർ തിരുമനസ്സിന്റെ വളരെ പ്രധാനപ്പെട്ട ആ കത്ത് നമ്മുടെ ജമാഅത്തിന്റെ ഓഫീസ് കാര്യനിർവാഹകർക്ക് ഭദ്രമായി കിട്ടി. എന്നാൽ കുട്ടിയുടെ രൂപത്തിൽ വന്നത് വല്ല മലക്കും ആയിരിക്കുമോ!!? അതല്ലെങ്കിൽ ഇത്ര ബുദ്ധിശാലിയും വിവേകിയുമായ ആ ബാലൻ ആരാണ്? അവൻ ആരുടെ മകനാണ്? എന്നീ കാര്യങ്ങൾ ഇന്നും എന്റെ മനസ്സിൽ ഉത്തരം ലഭിക്കാത്ത ചോദ്യങ്ങളായി അവശേഷിക്കുകയാണ്. (തുടരും- വിവ: ***ഇബ്നു വഫാ, കോഴിക്കോട്***)

---

**പേജ് 16 ൽനിന്ന് തുടർച്ച**

ദൈവത്തിന്റെ രാജ്യമാണ്) എല്ലാ വിധത്തിലുള്ള പാതകങ്ങളിൽ നിന്നും പരിശുദ്ധമായിരിക്കുന്നു.

ഞാൻ ദിവസവും ബൈത്തുല്ലാഹിൽ പോകും. ചിലപ്പോൾ മണിക്കൂറുകളോളം അവിടെ കഴിച്ചുകൂട്ടും. അവിടെപോയിരുന്ന് ദൈവിക ദൃഷ്ടാന്തങ്ങൾ ഭക്തി പൂർവം ഞാനോർക്കും ചിലപ്പോൾ തിരുനബി (സ) യുടെ പാദസ്പർ ശനമേറ്റ സ്ഥലങ്ങളിൽ ചുറ്റി നടക്കും. ചിലപ്പോൾ ദാറുന്നദ്വ ചുറ്റിക്കാണും. ചിലപ്പോൾ തിരുനബി (സ) ക്കെതിരായ മക്കത്തെ അവിശ്വാസികൾ നടത്തിയ ഗൂഢാലോചനയുടെ രൂപം എന്റെ മനോതലത്തിൽ നിഴലിക്കും. ചുരുക്കത്തിൽ സത്യ വിശ്വാസോദ്ദീപകമായ നാളുകളായിരുന്നു അവ. ജീവിതത്തിലെ ബാക്കികാലം മുഴുവൻ ഇവിടെ തന്നെ കഴിച്ചു കൂട്ടണമെന്ന ആഗ്രഹം ഹൃദയത്തിൽ അപ്പോളുയരും. സത്യവും അതു തന്നെ. ഒരിക്കൽ കണ്ടാൽ പിന്നെയും പിന്നെയും കാണാൻ കൊതിവരുന്ന ഒരു പുണ്യസ്ഥാനമാണത്.

# അനാവരണം ചെയ്യപ്പെടുന്ന അദൃശ്യലോകം

നമുക്ക് അജ്ഞാതമായിരുന്ന അദൃശ്യ ലോകത്ത് നിന്നും ജ്ഞാതമായ ലോകത്തിലേക്ക് നിരന്തരം ജ്ഞാനങ്ങൾ വിനിമയം ചെയ്യപ്പെടുന്ന പ്രതിഭാസം തന്നെയാണ് ഭൗതിക ലോകത്തും സംഭവിച്ചു കൊണ്ടിരിക്കുന്നത്.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

*'ഒരു വസ്തുവിന്റെയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവിലല്ലാതെ നാം അത് ഇറക്കാറുമില്ല'(15:22).*ഈ ദൈവിക വചനത്തിലടങ്ങിയിരിക്കുന്ന അദ്ഭുതകരമായ സന്ദേശം വ്യക്തമാണ്. അതായത് അദൃശ്യമണ്ഡലം അതിരുകളില്ലാത്തതും അളവില്ലാത്തതുമാണ്. ആ മണ്ഡലത്തിൽ നിന്നുള്ള ജ്ഞാനങ്ങളിൽ നിന്ന് കാലത്തിന്റെ ആവശ്യമനുസരിച്ച് ദൈവം നിശ്ചയിച്ചു കണക്കാക്കപ്പെടുന്ന അളവിൽ മനുഷ്യന് അനുവദിക്കപ്പെടുന്നു. അതിനാൽ ഖുർആനിക പ്രയോഗങ്ങളായ ആജ്ഞേയം, അദൃശ്യം എന്നിവ അന്ധവിശ്വാസത്തേയും അജ്ഞതയേയും പ്രോത്സാഹിപ്പിക്കുന്നവയല്ല. നേരെ മറിച്ച് മനുഷ്യന് നിരന്തരമായി കൂടുതൽ അന്വേഷണങ്ങൾ നടത്താൻ ഈ വചനം പ്രേരിപ്പിക്കുന്നു. മനുഷ്യൻ മനസ്സിലാക്കിയതും നിരീക്ഷിച്ചറിഞ്ഞതുമായ വസ്തുതകൾ അദൃശ്യ മണ്ഡലത്തിലെ വെറുമൊരല്പഭാഗം മാത്രമാണെന്ന യാഥാർഥ്യം മനുഷ്യന് മനസ്സിലാക്കി കൊടുത്തുകൊണ്ട് അവനെ ജ്ഞാനാന്വേഷണത്തിന് പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. പ്രകൃതിയുടെ രഹസ്യങ്ങൾ ഒരിക്കലും തീർന്നു പോകാത്തതാണ്. അതുകൊണ്ട് ജ്ഞാനത്തിനുള്ള അന്വേഷണം മനുഷ്യൻ അനവരതം തുടരേണ്ടിയിരിക്കുന്നു.

ആത്മനിഷ്ഠാപരവും വസ്തുനിഷ്ഠാപരവുമായ അനുഭവങ്ങൾ മാത്രമാണ് യുക്തിസഹമായ തീരുമാനങ്ങളെടുക്കാനുള്ള മനുഷ്യ ധിഷണയുടെ ഉപകരണങ്ങൾ . തീരുമാനങ്ങളെടുക്കുന്നയാളുടെ സത്യസന്ധത സംശയങ്ങൾക്കതീതമാണെങ്കിൽ പോലും തീരുമാനങ്ങളെടുക്കാൻ ആധാരമാക്കുന്ന വസ്തുതകൾ അയാളുടെ നിയന്ത്രണ പരിധിയിലുള്ളതല്ല എന്ന കാരണത്താൽ അയാളുടെ തീരുമാനങ്ങൾക്ക് തെറ്റു പറ്റാവുന്നതാണ്. തെറ്റായ വിവരങ്ങൾ, തെറ്റുധാരണകൾ, കൃത്രിമത്വം, മാനസികമായ കഴിവുകളുടെ അപര്യാപ്തത ഈ ഘടകങ്ങളെല്ലാം ഒരാളുടെ അഭിപ്രായ രൂപീകരണത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുന്ന ഘടകങ്ങളാണ്. ഓരോ നിരീക്ഷകരുടേയും വീക്ഷണ കോണുകൾ വ്യത്യസ്തമായിരിക്കുന്നത് പോലെ തന്നെ അവരുടെ നിരീക്ഷണ ഫലങ്ങളും വ്യത്യസ്തങ്ങളായിരിക്കും. ഇത്തരം സഹജമായ വൈകല്യങ്ങളും തെറ്റുകൾ പിണയാനുള്ള സാധ്യതകളും ഉണ്ടായിരുന്നിട്ടും, മനുഷ്യന്റെ മുമ്പോട്ടുള്ള ഗതിയെ തമസ്സിൽ നിന്ന് താരതമേന്യ വെളിച്ചത്തിലേക്ക് നയിക്കുന്നതിന് മനുഷ്യന്റെ യുക്തിവിചാരശേഷി വളരെയേറെ കാരണമായിട്ടുണ്ട് എന്ന യാഥാർഥ്യം ഒരിക്കലും നിഷേധിക്കാൻ സാധ്യമല്ല. അല്ലാഹു ഇച്ഛിക്കുന്നവർക്കും അവൻ തിരഞ്ഞെടുക്കുന്നവർക്കും അദൃശ്യമണ്ഡലത്തിൽ നിന്ന് ചില കാര്യങ്ങൾ അവൻ വെളിപ്പെടുത്തി കൊടുക്കും എന്ന വിശുദ്ധ ഖുർആന്റെ അവകാശവാദത്തിന്റെ യാഥാർഥ്യം സംശയാതീതമായി തെളിയിക്കുവാൻ സാധിക്കുമോ? അദൃശ്യ കാര്യങ്ങളിലുള്ള വിശ്വാസം വെറുമൊരു മിഥ്യാബോധമോ വ്യാമോഹമോ അല്ലെന്നും മറിച്ച് അത് യാഥാർഥ്യാധിഷ്ഠിതമാണെന്നും സംശയാലുക്കൾക്ക് യുക്തിപൂർവം സമർഥിച്ചു കൊടുക്കുവാൻ സാധിക്കുമോ? ഇത്തരം ചോദ്യങ്ങൾ ഉത്തരം കൊണ്ട് ദൃഢപ്പെടുത്തേണ്ടതുണ്ട്. ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം തന്നെ ഇതാണ്. വിജ്ഞാനങ്ങൾ വിനിമയം ചെയ്യപ്പെടുന്നതിനുള്ള ഒരു വിശ്വസനീയ മാർഗമാണ് വെളിപാടുകൾ എന്നതിന്റെ പ്രാമാണ്യത തെളിയിക്കുന്ന ധാരാളം തെളിവുകൾ തുടർന്നുള്ള അധ്യായങ്ങളിൽ വായനക്കാരനു കാണാവുന്നതാണ്.

അജ്ഞേയങ്ങളായ കാര്യങ്ങൾ നിരന്തരമായി ജ്ഞാന മേഖലയിലേക്ക് മാറ്റപ്പെട്ടുകൊണ്ടിരിക്കുകയും മനുഷ്യന്റെ ജ്ഞാനചക്രവാളം നിരന്തരമായി വികസിച്ചു കൊണ്ടിരിക്കുകയുമാണെന്ന് സൂറഃഅൽഹിജ്റിലെ 15-ാം സൂക്തത്തിൽ അടങ്ങിയിരിക്കുന്ന സന്ദേശം വെളിപ്പെടുത്തിത്തരുന്നു. ഈ തിരിച്ചറിവ് വിജ്ഞാനാന്വേഷണത്തിന് അടങ്ങാത്ത ദാഹം ഉണ്ടാക്കിത്തീർക്കുന്നു. പ്രതീക്ഷാനിർഭരവും അഭിമാനാർഹവുമായ ഒരു സന്ദേശമാണിത്. അതുപോലെ വിനയം കൈ ക്കൊള്ളാനുള്ള ഒരു

പാഠവും ഇത് ഉൾക്കൊള്ളുന്നു.

ഇതുവരെ മനുഷ്യൻ ആർജിച്ച ജ്ഞാനം തനിക്കറിഞ്ഞു കൂടാത്തതുമായി താരതമ്യം ചെയ്യുമ്പോൾ അനന്തതയുടെ അറ്റമില്ലാത്ത വിസ്തൃതിയുള്ള ക്യാൻവാസിലെ ഒരു ബിന്ദുവോ അല്ലെങ്കിൽ അതിനേക്കാളും സൂക്ഷ്മമായ കണമോ മാത്രമായ ഒന്നാണെന്ന അവബോധം അവനിൽ ജനിപ്പിക്കുന്നു. മനുഷ്യൻ നേടിയ വിജ്ഞാനങ്ങളെല്ലാം നന്നേ ചെറുതാണെന്ന അവബോധം അവനിൽ വിനയം അങ്കുരിപ്പിക്കുവാൻ കാരണമാകുകയും ചെയ്യുന്നു. ഇന്നത്തെ നമ്മുടെ ജ്ഞാനം ആയിരം വർഷങ്ങൾക്ക് മുമ്പേ ഉണ്ടായിരുന്നതിനേക്കാൾ ശതകോടിക്കണക്കിന് മടങ്ങ് വർധിച്ചിട്ടുണ്ട്. ഇനിയുമൊരായിരം വർഷങ്ങൾക്ക് ശേഷമുണ്ടാകുന്ന നമ്മുടെ ജ്ഞാനത്തിന്റെ അളവ് ഇന്നുള്ളതിനേക്കാൾ ശതകോടി മടങ്ങ് വർധിതമായിരിക്കും. എങ്കിലും അല്ലാഹുവിന്റെ അദൃശ്യജ്ഞാന ഭണ്ഡാരവുമായി താരതമ്യം ചെയ്യുമ്പോൾ അത് തുലോം തുച്ഛമായിരിക്കും.

കണ്ടുപിടിത്തങ്ങളുടെ പ്രയാണം ത്വരിതപ്പെടുന്തോറും പഞ്ചേന്ദ്രിയങ്ങളുടെ പരിമിതികൾ കൂടുതൽ പ്രകടമായിത്തീരുന്നു. നമ്മുടെ സംവേദന പരിധിക്കപ്പുറത്ത് അതിവിപുലമായ ജീവരാശികളും ശബ്ദവീചികളുമുണ്ട്. അവ ഗ്രഹിക്കാനുള്ള നമ്മുടെ കഴിവുകൾ വർധിപ്പിക്കാൻ കഴിഞ്ഞാൽ നമുക്ക് പല പുതിയ നിറങ്ങൾ കാണാനും പുതിയ ശബ്ദങ്ങൾ കേൾക്കാനും സാധിക്കും. നാം കാണുന്ന നിറങ്ങളും രൂപങ്ങളും വളരെ വ്യത്യസ്തമായിട്ടാണ് മറ്റു മൃഗങ്ങൾ കാണുന്നത്. വർഗഭേദങ്ങളും വ്യത്യാസവുമനുസരിച്ച്, മറ്റ് ജീവികൾക്ക് ഭൗതിക ലോകത്തെക്കുറിച്ചും അനുഭവപ്പെടുന്ന നിറം, ഗന്ധം, രുചി എന്നിവയെല്ലാം വ്യത്യസ്തങ്ങളായിരിക്കും. അങ്ങനെ ഓരോ യാഥാർത്ഥ്യങ്ങളും ആപേക്ഷിക സത്യങ്ങളായി മാറുന്നു. എന്തുതന്നെയായാലും ജീവിലോകത്ത് ഇത്തരം വ്യത്യസ്തമായ അനുഭവങ്ങൾ പ്രവർത്തന സ്തംഭനം ഉണ്ടാക്കുന്നില്ല. അനുഭവങ്ങളിലെ ഈ വ്യത്യാസങ്ങൾ ജീവിതത്തിലും അതിന്റെ പ്രവർത്തനത്തിലും തടസ്സം സൃഷ്ടിക്കുന്നതിന് പകരം അതിനെ മുന്നോട്ടു നയിക്കുകയാണ് ചെയ്യുന്നത്. കഴുകന്റേയും, തേനീച്ചയുടേയും കൂന്തളി(Squid)ന്റെയും കാഴ്ചശക്തിയിലുള്ള അന്തരങ്ങൾ അവയുടെ ജീവിതാവശ്യങ്ങൾക്ക് തികച്ചും അനുയോജ്യമാണ്. മനുഷ്യനുമായി താരതമ്യപ്പെടുത്തുമ്പോൾ കൂന്തളും ഷഡ്പദങ്ങളും ഓരോ വസ്തുവിനേയും വ്യത്യസ്ത രൂപങ്ങളിലാണ് ദർശിക്കുന്നത്. കാരണം ഓരോ വസ്തുവിന്റെയും അതിന്റെ യഥാർഥ വലുപ്പത്തേക്കാൾ കൂടുതലായോ കുറവായോ കാണേണ്ടത് അവയുടെ അതിജീവനത്തിന് അത്യന്താപേക്ഷിതമാണ്. വർഗവ്യത്യാസമനുസരിച്ച് ഗ്രഹണശേഷിയും വ്യത്യാസപ്പെടുന്നു. മനുഷ്യനേത്രം അതിന്റെ കഴിവുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ആധുനിക ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ സഹായത്തോടെ മനുഷ്യന്റെ ഗ്രാഹ്യത ഖഗോളമാനങ്ങളിൽ വികസിച്ചിരിക്കുന്നു.

ഗലീലിയോ * (ക്രി.വ 1600) തന്റെ ആരംഭകാലത്ത് താൻ കണ്ടുപിടിച്ച ദൂരദർശിനിയിലൂടെ ആകാശ നിരീക്ഷണം നടത്തിയപ്പോൾ തന്റെ കണ്ടുപിടിത്തത്തിൽ അദ്ദേഹം വളരെയേറെ സന്തുഷ്ടനായിരുന്നു. മനുഷ്യന്റെ ദർശന ചക്രവാളം താൻ നൂറിരട്ടി വികസിപ്പിച്ചുവെന്ന് അദ്ദേഹം അഭിമാനത്തോടെ പറഞ്ഞു. എന്നാൽ, അതിവിദൂരമല്ലാത്ത ഭാവിയിൽ താൻ ദർശിച്ചതിനേക്കാൾ ഒരു ലക്ഷം ഇരട്ടി വലുപ്പത്തിൽ, അല്ല നൂറ്കോടി ഇരട്ടി വലുപ്പത്തിലെങ്കിലും മനുഷ്യൻ പ്രപഞ്ചം ദർശിച്ചറിയുന്ന ഒരു ദിനം ഉദയം ചെയ്യുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. തന്റെ കണ്ടുപിടുത്തവും നിർമിതിയും ഭൂതകാലവുമായി താരതമ്യപ്പെടുത്തി തന്റെ വീക്ഷണകോണിൽ ചിന്തിക്കുവാൻ മാത്രമേ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുള്ളൂ. നേട്ടങ്ങളിലുള്ള മനുഷ്യന്റെ വിജയാഹ്ലാദങ്ങൾ വളരെ നൈമിഷികമാണെന്നാണ് പലപ്പോഴും തെളിയിക്കപ്പെട്ടിട്ടുള്ളത്.

ജീവിതാവസാനം ഗലീലിയോവിന്റെ ജീവിതം ദുരന്തപൂർണമായിരുന്നു. അദ്ദേഹം ഒടുവിൽ അന്ധനായി. ശോകപൂർണമായ അദ്ദേഹത്തിന്റെ വിവരണം ഇത് തെളിയിക്കുന്നു. അദ്ദേഹം കരുതിയത് പോലെ പ്രപഞ്ചത്തിന്റെ ചക്രവാളം നൂറിരട്ടിയായി വികസിപ്പിച്ച പ്രഥമ ദൂരദർശിനിയുടെ ഉപജ്ഞാതാവായ ഗലീലിയോ തന്റെ ശരീരത്തിൽ മാത്രം പരിമിതനായിപ്പോയി എന്ന് വിലപിച്ചു കൊണ്ട് തന്റെ സുഹൃത്തിന് ഒരു കത്തെഴുതുകയുണ്ടായി.

ഈ കദനഭാരം അദ്ദേഹത്തിന്റെ ഹൃദയത്തിന് താങ്ങാവുന്നതിലേറെയായിരുന്നു. അത് ജീവിതത്തെ പരിപൂർണമായും അസഹനീയമാം വിധം ശോകപൂർണമാക്കി. ഗലീലിയോവിന്റെ ഈ തീക്ഷ്ണ നൈരാശ്യ പ്രകടനം അദൃശ്യതയുടെ മറ്റൊരു മണ്ഡലത്തിലേക്ക് നമ്മെ നയിക്കുന്നു. ഗലീലിയോവിന് അന്ധത ബാധിക്കുന്നതിന് മുമ്പേ കാഴ്ചക്കുള്ള കഴിവ് ലഭിച്ചിട്ടില്ലായിരുന്നുവെങ്കിൽ താൻ ചവിട്ടി നിന്ന നിലത്തിനപ്പുറത്തുള്ളതെന്താണെന്ന് ദർശിക്കാൻ അദ്ദേഹത്തിനാവുമായിരുന്നില്ല. ഇരുളും വെളിച്ചവും തിരിച്ചറിയാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. പ്രകാശമെന്ന യാഥാർഥ്യത്തെക്കുറിച്ച് അദ്ദേഹം കേട്ടറിഞ്ഞതിൽ വിശ്വസിക്കാൻ മാത്രമേ അദ്ദേഹത്തിന് കഴിയുമായിരുന്നുള്ളൂ. അതും വളരെ അസ്പഷ്ടവും വിവരിച്ചു കൊടുക്കാൻ കഴിയാത്തതുമായ നിലയിൽ മാത്രമേ പ്രകാശത്തെക്കുറിച്ച് അദ്ദേഹത്തിന് മനസ്സിലാക്കാൻ സാധിക്കുമായിരുന്നുള്ളൂ. പ്രകാശത്തേയും നിറത്തേയും കുറിച്ചുള്ള തന്റെ വിശ്വാസത്തിന്റെ സത്യാവസ്ഥ നേരിട്ട് പരിശോധിച്ചറിയുവാൻ സാധിക്കുമായിരുന്നില്ല. എങ്കിലും വെറും കേട്ടുകേൾവി എന്ന കാരണത്താൽ മാത്രം അതിനെ അയഥാർഥമാണെന്ന് പറഞ്ഞ് തള്ളിക്കളയുവാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. ഒരു പ്രത്യേക അവസ്ഥയെ മുൻനിറുത്തിയാണ് നാം ഈ വിശ

ദീകരണം നൽകിയത്. കാഴ്ചയുള്ള വരുടെ നടുവിൽപ്പെട്ടുപോയ ഒര ന്ധന്റെ വിലാപങ്ങളാണ് നാം ഭാവ നയിൽ കാണാൻ ശ്രമിച്ചത്. ഇവിടെ തന്റെ വിശ്വാസം കെട്ടിപ്പൊക്കാൻ എന്തെങ്കിലും ഒരു അടിസ്ഥാനമുണ്ട്. പക്ഷേ മുഴുവൻ അന്ധത ബാധിച്ച ഒരു സമൂഹത്തെ ഭാവനയിൽ കണ്ടു നോക്കൂ. അവർക്ക് പ്രകാശത്തിന്റെ അസ്തിത്വത്തെക്കുറിച്ചോ കാഴ്ച എന്ന പ്രതിഭാസത്തെക്കുറിച്ചോ, അറിവുണ്ടാകുമോ? തീർച്ചയായും ഇല്ല. തങ്ങളുടെ ഇന്ദ്രിയങ്ങൾക്കതീതമായ കാര്യങ്ങളുടെ അസ്തിത്വത്തെക്കുറിച്ച് മനസ്സിലാക്കുവാനായി അന്ധൻമാരെ സഹായിക്കുവാൻ കാഴ്ച ശക്തിയുള്ള ഒരാളുടെ ആവശ്യകതയുണ്ട്. ലൗകിക വിജ്ഞാനങ്ങളുടെ അന്വേഷണങ്ങൾക്കു മേൽ വെളിപാടുകൾക്കുള്ള ആധിപത്യം ഫലപ്രദമായി പ്രകടിപ്പിക്കുവാൻ കഴിയുന്നത് ഇവിടെയാണ്.

പരിമിതമായ ജ്ഞാനേന്ദ്രിയങ്ങളോടുകൂടിയ മനുഷ്യൻ അവനെത്ര തന്നെ വിജ്ഞാനിയും വിവേകിയുമാണെങ്കിൽ പോലും തന്റെ ജ്ഞാനേന്ദ്രിയങ്ങളുടെ പരിധികൾ ലംഘിക്കുവാൻ അവന് സാധ്യമല്ല. അതേസമയം മനുഷ്യന് കൂടുതൽ ജ്ഞാനേന്ദ്രിയങ്ങളുണ്ടാകുവാനുള്ള സാധ്യത തള്ളിക്കളയാവുന്നതുമല്ല. മനുഷ്യപരിധിക്കപ്പുറത്തുള്ള യാഥാർഥ്യങ്ങളെ കുറിച്ചുള്ള അറിവ് നൽകുവാൻ ദൈവത്തിന് മാത്രമേ സാധ്യമാകുകയുള്ളൂ.

വിശുദ്ധ ഖുർആൻ ചിത്രീകരിക്കാൻ ശ്രമിക്കുന്ന പരലോകജീവിത സ്വഭാവങ്ങൾ ഇത്തരത്തിലുള്ള ആജ്ഞേയ മണ്ഡലത്തിൽപ്പെട്ടവയാണ്. അതോടനുബന്ധിച്ച് മനുഷ്യന്റെ നിസ്സഹായവസ്ഥയെ ദ്യോതിപ്പിക്കുന്ന കൗതുകകരമായ ഒരു ശൈലിയും ഖുർആൻ പ്രയോഗിക്കുന്നുണ്ട്. യഥാർഥത്തിൽ മനുഷ്യ മനസ്സിന് ദുർഗ്രഹമായ ഈ വിഷയത്തെക്കുറിച്ച് പ്രതിപാദിച്ച ശേഷം '*ഹേ മനുഷ്യാ അതെന്താണെന്ന് നിനക്കെന്തറിയാം*' എന്ന ക്രോധ പ്രകടനത്തോടെയാണ് അത് അവസാനിപ്പിക്കുന്നത്. അത്തരത്തിലുള്ള ചില ഖുർആനിക സൂക്തങ്ങൾ ചുവടെ ചേർക്കുന്നു.

വിധിനാളെന്തെന്ന് നിനക്കെന്തറിയാം? അതെ വിധി നാളെന്തെന്ന് നിനക്കെന്തറിയാം!

സത്യമായി പുലരുന്ന ആ സംഭവം; സത്യമായി പുലരുന്ന സംഭവമെന്താണ്? സത്യമായി പുലരുന്ന ആ സംഭവമെന്തെന്ന് നിനക്കെന്തറിയാം.അവനെ നാം അടുത്ത് തന്നെ തള്ളിവിടും,നരകം എന്നാൽ എന്തെന്ന് നിനക്കറിയാമോ.

യഥാർഥ പ്രശ്നം ദൈവത്തിന്റെ കഴിവുകേടല്ല. മറിച്ച് മനുഷ്യന്റെ ഇന്ദ്രിയങ്ങളുടെ പരിമിതിയുമായി ബന്ധപ്പെട്ടതാണ്. പഞ്ചേന്ദ്രിയങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ ഇന്ദ്രിയങ്ങളില്ലാത്ത ഒരു വ്യക്തിക്ക് ആ ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട ഒന്നിന്റെയും യഥാർഥ സ്വഭാവമറിയാൻ കഴിയുകയില്ല. ബധിരന് ശബ്ദമെന്താണെന്നും അന്ധന് കാഴ്ചയെന്താണെന്നും മനസ്സിലാക്കുവാൻ സാധ്യമല്ല. എങ്കിലും കാഴ്ചയും ശബ്ദശ്രവണവും സാധ്യമായവർ ഇത്തരം അനുഭവങ്ങളില്ലാത്തവർക്ക് നിഷ്ഫലമാണെങ്കിൽ പോലും അത് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുന്നു. അപ്രകാരം ഖുർആൻ പരലോക ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ വിവരിക്കപ്പെടുന്ന കാര്യത്തിന്റെ യഥാർഥ സ്വഭാവമെന്തെന്ന് മനസ്സിലാക്കുവാൻ സാധ്യമല്ലെന്ന് മനുഷ്യനെ അത് ഉണർത്തുകയും ചെയ്യുന്നു. ഇവിടെ മനുഷ്യന്റെ പരിമിതികളെയാണ് ഖുർആൻ എടുത്ത് കാട്ടുന്നത്. അല്ലാതെ ദൈവത്തിന്റേതല്ല. ഇവിടുത്തെ കാര്യം വളരെ വ്യക്തവുമാണ്. നമ്മുടെ ലൗകിക ബോധേന്ദ്രിയങ്ങൾക്ക് പുറമെ ചില പുതിയ ഇന്ദ്രിയങ്ങൾ കൂടി മരണാനന്തര ജീവിതത്തിൽ ഉണ്ടാവേണ്ടിയിരിക്കുന്നു. അതിനാൽ വർണവും പ്രകാശവും എന്തായിരിക്കാമെന്ന അവ്യക്ത സങ്കൽപം മാത്രമുള്ള ഒരാളെപ്പോലെ മരണാനന്തര ജീവിതമെന്ന ആജ്ഞേയ യാഥാർഥ്യത്തെക്കുറിച്ചുള്ള ഏറെക്കുറെ അസ്പഷ്ട ഭാവന മാത്രമേ ഇന്ന് നമുക്കുള്ളൂ.'*ഹേ മനുഷ്യാ അതെന്താണെന്ന് നിനക്കെന്തറിയാം?*'

ഈ ലോകത്ത് നമ്മുടെ ഇന്ദ്രിയങ്ങളുടെ സംവേദനശേഷി കൂട്ടുകയാണെങ്കിൽ നാം ഭൂമിയിൽ അനുഭവിച്ചറിയുന്ന കാര്യങ്ങൾ തന്നെ നമ്മുടെ ഊഹങ്ങൾക്കും ധാരണകൾക്കും അതീതമായി പൂർണമായും മാറ്റിമറിക്കപ്പെടുന്നു. സ്നേഹം എന്താണെന്ന് നമുക്കറിയാമെന്ന് നാം വിചാരിക്കുന്നു. യാതനകൾ നമുക്ക് പരിചിതങ്ങളാണെന്ന് നാം കരുതുന്നു. എന്നാൽ പരലോകത്തിലെ സ്നേഹമെന്തായിരിക്കും, യാതനകൾ എന്തായിരിക്കും? ഇതേക്കുറിച്ച് ഓർക്കുമ്പോൾ ഉൾക്കിടിലം കൊള്ളാത്തവരായി ആരുണ്ട്? ഖുർആൻ സ്വർഗത്തെക്കുറിച്ചുള്ള വർണമനോഹരമായ ചിത്രം കാഴ്ചവെക്കുമ്പോഴും ഒരു കണ്ണും അത് കണ്ടിട്ടില്ലെന്നും അതുപോലെ നരകശിക്ഷയെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുമ്പോൾ *ഏ മനുഷ്യാ നരകാഗ്നി എന്താണെന്ന് നിനക്കെന്തറിയാമെന്നും* ചോദിച്ചു കൊണ്ട് നമ്മെ താക്കീത് ചെയ്യുന്നു. അദൃശ്യതയുടെ അർഥവും തേടി കൂടുതൽ ആഴത്തിൽ ചുഴ്ന്നിറങ്ങും തോറും കിനാവിൽ പോലും കാണാനാവാത്ത സാധ്യതകളുടെ വിശാല വീഥികൾ നമ്മുടെ ദർശന ചക്രവാളത്തിൽ പ്രത്യക്ഷമാവുന്നത് കാണാം. എന്നാൽ നിഗൂഢ യാഥാർഥ്യങ്ങളുടെ അഗമ്യമായ ഇടനാഴികകൾക്കപ്പുറത്തുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ നമുക്ക് എന്നും ദൈവിക വെളിപാടുകളുടെ ആവശ്യമുണ്ട്. നമ്മുടെ അന്വേഷണങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നത് മനുഷ്യന്റെ സംവേദനക്ഷമതയുടെ പരിമിതികൾ മാത്രമല്ല. നമ്മുടെ സംവേദനേന്ദ്രിയങ്ങളുടെ പരിധിക്കുള്ളിൽപ്പെട്ട കാര്യങ്ങൾ തന്നെ നാം പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ വളരെ നിഗൂഢാത്മകമായിട്ടാണ് സ്ഥിതി ചെയ്യുന്നത്. അദൃശ്യതയിലുള്ള വിശ്വാസം എന്തുതന്നെയായാലും തീർച്ചയായും അത് ഒന്നുമില്ലായ്മയിലുള്ള വിശ്വാസമല്ല. ഒന്നുമില്ലായ്മയിൽ

# ഹദ്റത്ത് അഹ്മദ്(അ) നേരിട്ട ആത്മീയ പരീക്ഷണങ്ങൾ

ഇസ്‌ലാമിനെതിരെ വ്യാജമായ ദിവ്യാത്ഭുത വെല്ലുവിളിയുമായി വാഗ്ദത്ത മസീഹിനെ അഭിമുഖീകരിച്ച ക്രിസ്തീയ പുരോഹിതന്മാർ ആ ദിവ്യമായ ആത്മീയ തേജസ്സിന്നു മുമ്പിൽ ഭയന്ന് പിന്മാറുകയാണുണ്ടായത്

എ. ക്യു. മഹ്ദി

ഖുർആനിന്റ ദിവ്യാത്ഭുതങ്ങൾ തുറന്ന് കാട്ടുന്ന ഹദ്റത്ത് അഹ്മദ് (അ)ന്റെ ഏറ്റവും മഹത്തായ ഒരു ഗ്രന്ഥമാണ് ബറാഹീനെ അഹ്മദിയ്യാ. അതിന് പിന്നാലെ മറ്റൊരു മഹത്തായ കൃതിയുടെ പിറവി കൂടിയുണ്ടായി. 'സുറുമെ ചശ്മെ ആര്യ' ഇത് രണ്ടും അപൂർവവും അതിവിശിഷ്ടവുമായ രണ്ട് കൃതികളായിരുന്നു. ഈ രണ്ടു ഗ്രന്ഥങ്ങളിലെയും അനിഷേധ്യമായ വിജ്ഞാന ഗരിമ ഇതിനകം മനസ്സിലാക്കിയതും ഉൾക്കൊണ്ടതും ആര്യസമാജ നേതാക്കന്മാരും ക്രൈസ്തവ പണ്ഡിതന്മാരുമായിരുന്നു.

ഹദ്റത്ത് അഹ്മദ്(അ) ന്റെ വർധിച്ചു വരുന്ന പ്രശസ്തിയും പ്രഭാവവും ഇസ്‌ലാം മതത്തിന്റെ പേരിൽ അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്ന അവിരാമമായ പോരാട്ടവും ക്രൈസ്തവ പണ്ഡിതന്മാരിൽ വലിയൊരു അമ്പരപ്പാണ് സൃഷ്ടിച്ചത്. രണ്ട് അതിമഹത്തായ ഗ്രന്ഥങ്ങൾ ഒന്നിന് പിറകെ മറ്റൊന്നായി പുറത്ത് വരികയും, ലോകം അത് അംഗീകരിക്കാൻ തയ്യാറാവുകയും ചെയ്തപ്പോൾ ആ അമൂല്യ രചനകൾക്ക് മുമ്പിൽ തങ്ങളുടെ ആശയങ്ങളും വിശ്വാസങ്ങളും കടപുഴകി വീഴുമോ എന്നവർക്ക് തോന്നി. തികച്ചും ആശങ്കാകുലരായി ക്രിസ്തീയ പാതിരിമാർ കഴിയുമ്പോഴാണ് ഹദ്റത്ത് അഹ്മദ് (അ) നടത്തിയ പ്രവചനങ്ങൾ ഓരോന്നും കൃത്യമായി പുലർന്നത്. ഇത് ക്രൈസ്തവ പണ്ഡിതന്മാർക്കിടയിൽ ആശങ്കയോടൊപ്പം വിസ്മയവും ജനിപ്പിച്ചു.

---

വിശ്വസിക്കുക എന്നത് അദൃശ്യത്തിലുള്ള വിശ്വാസത്തിന്റെ നിഷേധം മാത്രമാണ്.

ഈ വചനത്തിന്റെ ജ്ഞാനപ്രഭ വിശ്വാസികളുടെ പ്രയാണത്തെ ദീപ്തമാക്കിക്കൊണ്ട് കണ്ടുപിടിത്തങ്ങളുടെ അവസാനിക്കാത്ത യാത്രകളിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു. അവരെ സംബന്ധിച്ചിടത്തോളം ഒന്നും ശൂന്യമല്ല. ഒന്നും നിരർഥകവുമല്ല. ജ്ഞാനത്തിന്റെ അറ്റമില്ലാത്ത ഭണ്ഡാരങ്ങൾ അഴിക്കുവാൻ തിരശ്ശീല ഉയരുന്നതും കാത്തിരിക്കുകയാണ് അവർ.

നാം കരസ്ഥമാക്കിയ അല്പജ്ഞാനത്തിൽ നാമെത്ര തന്നെ അഹങ്കരിച്ചാലും മാനംതൊട്ടു നിൽക്കുന്ന വൻമലനിരകൾക്കരുകിലെ കൊച്ചു മൺകൂന പോലെ നിസ്സാരങ്ങളാണവ. എന്നാൽ ഭൂമിയിലെ മലനിരകൾ അവസാനിക്കാത്തതോ അനന്തമോ അല്ല എന്ന് നമുക്കറിയാം. എന്നാൽ നാം ചർച്ച ചെയ്യുന്ന ജ്ഞാനത്തിന്റെ മലനിരകൾ ആദിയും അന്തവുമില്ലാത്ത അനന്തമായ ഒന്നാണ്.

ഒരു ഗവേഷകനെ സംബന്ധിച്ചിടത്തോളം ഈ വചനങ്ങളിൽ നിരുത്സാഹപ്പെടുത്തലിന്റെ യാതൊരു ഘടകവുമില്ല. പ്രത്യക്ഷത്തിൽ മനുഷ്യന്റെ ശ്രമഫലമായി മാത്രം ലഭിക്കുന്നതാണെന്ന് തോന്നുന്ന ജ്ഞാനങ്ങൾ വാസ്തവത്തിൽ ദൈവത്തിന്റെ ഇച്ഛയും അനുഗ്രഹവും മൂലമാണ് ലഭ്യമായിത്തീരുന്നത് എന്ന കാര്യവും ഈ വചനം ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ ഇച്ഛയിൽ നിന്നും പ്രീതിയിൽ നിന്നും സ്വതന്ത്രമായിക്കൊണ്ടുള്ള മനുഷ്യന്റെ അന്വേഷണങ്ങളും പ്രയത്നങ്ങളും യാതൊരു ഫലവും നൽകുന്നില്ല. മനുഷ്യന്റെ ജ്ഞാനാന്വേഷണങ്ങൾക്ക് യഥാവിധിക്കനുസരിച്ച് യഥാസമയം ഫലം നൽകപ്പെടുന്നത് ദൈവത്തിന്റെ സൃഷ്ടി പദ്ധതിയിലെ ആസൂത്രണം മൂലമാണ്. ഭൗതിക ജ്ഞാനമേഖലയിൽ മനുഷ്യന് ലഭിക്കുന്ന വിവരങ്ങൾ ദൈവിക വെളിപാടുകളിലൂടെ നേരിട്ട് ലഭ്യമാകുന്ന ജ്ഞാനങ്ങളല്ല. എന്നിരുന്നാലും അത് ദൈവത്തിന്റെ അംഗീകാരത്തിന്റെയും അവന്റെ കൽപനയുടെയും മുദ്രകൾ വഹിക്കുന്നു. മനുഷ്യന് അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും അത് അവന്റെ നന്മക്കായി പ്രാവർത്തികമാക്കാനുള്ള അവസരങ്ങളും നൽകപ്പെട്ടിരിക്കുന്നു. ജ്ഞാനം ആർജിക്കാൻ മനുഷ്യനെ പ്രാപ്തനാക്കാൻ വേണ്ടി, ദൈവത്തിന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ് അവ മനുഷ്യന് നൽകപ്പെട്ടത്.

ഇസ്ലാമിന്റെ സത്യ ത്തിലേക്കുള്ള അത്ഭുത അടയാളങ്ങളും ദിവ്യദൃഷ്ടാന്തങ്ങളും തെളിയിച്ചുകാട്ടാമെന്ന് ഹദ്റത്ത് അഹ്മദ് (അ) ന്റെ വാദങ്ങളും ആഹ്വാനങ്ങളും അവഗണിക്കാവതല്ല എന്ന് ക്രിസ്തീയ പുരോഹിത ലോകത്തിന് ഇതിനകം മനസ്സിലായി കഴിഞ്ഞിരുന്നു.

ഹദ്റത്ത് അഹ്മദി(അ) ന്റെ ആശയങ്ങൾക്കെതിരെയുള്ള ഗൂഢനീക്കങ്ങൾക്ക് ക്രിസ്തീയ പാതിരിമാർ കളമൊരുക്കാൻ തുടങ്ങി. അതിന്റെ ഭാഗമായി ക്രിസ്തീയ പുരോഹിതന്മാരായ റവ: ഇമാമുദ്ദീൻ, റവ: ഠാക്കൂർ ദാസ്, റവ: അബ്ദുല്ലാ ആദം എന്നിവർ 'നൂറഫ്ശാൻ' പത്രത്തിലൂടെ ഈ ഇസ്ലാമിക മുന്നേറ്റത്തിനെതിരേ താക്കീത് ചെയ്യാനും മുന്നറിയിപ്പ് നൽകാനും തുടങ്ങി. എന്നാൽ പ്രതീക്ഷക്ക് വിരുദ്ധമായി ഇതവർക്ക് തികഞ്ഞ വിപരീത ഫലമാണുണ്ടാക്കിയത്. ഈ വിഷയത്തെ പറ്റി അത്വരെ അറിയാതിരുന്ന ക്രിസ്ത്യാനികളുടെയിടയിൽ പോലും ഹദ്റത്ത്അഹ്മദിനെ (അ) നെ പറ്റിവലിയ പ്രസിദ്ധിയുണ്ടായിത്തീർന്നുവെങ്കിലും ഹദ്റത്ത് അഹ്ദ്(അ)നെതിരായുള്ള ലേഖനങ്ങൾ തുടർച്ചയായി പ്രസിദ്ധീകരിച്ച് ക്രിസ്തീയ ഹൃദയങ്ങളിൽ ആ മഹാത്മാവിനെതിരെ പകയും വിദ്വേഷവും വളർത്തുന്നതിനുള്ള കഠിനയത്നങ്ങൾ അവർ തുടർന്നു പോന്നു.

1888 മെയ് മാസം ഹദ്റത്ത് അഹ്മദ് (അ) തന്റെ പുത്രൻ ബശീറിന്റെ ചികിത്സാർഥം ബട്ടാലയിൽ താമസിക്കു കയായിരുന്നു. ഒരു ക്രിസ്ത്യൻ മിഷണറി ഹദ്റത്ത് അഹ്മദി(അ)നെ നേരിൽ കാണാനെത്തി. ഫത്തഹ് മസീഹ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. അയാൾ എത്തുമ്പോൾ പത്തമ്പത് പേരടങ്ങുന്ന ഒരു ഒരു ചെറിയ സദസ്സിലിരിക്കുകയായി രുന്നു ഹദ്റത്ത് അഹമദ് (അ). ഹിന്ദുക്കളിലും മുസ്ലിംകളിലുംപെട്ട പല ഉന്നത വ്യക്തികളും അപ്പോൾ ആ സദസ്സിലുണ്ടായിരുന്നു.

ഹദ്റത്ത് അഹ്മദി(അ)നോട് ഒരു വിവരം പറയാനാണ് അയാൾ എത്തിയതെന്നും സൂചിപ്പിക്കപ്പെട്ടു. ഒരു ക്രിസ്ത്യാനിയായ തന്റെ പ്രാർഥനയും ദൈവം സ്വീകരിക്കുന്നുണ്ടെന്നും ഹദ്റത്ത് അഹ്മദ് (അ) ഉന്നയിക്കുന്നത്പോലെ യുള്ള വാദങ്ങൾ താനും ഉന്നയിക്കുന്നുണ്ടെന്നും ആ സദസ്സിൽ അയാൾ പ്രസ്താവിച്ചു. മാതമല്ല ഈ വിഷയത്തിൽ താനുമായുള്ള ആത്മീയ പോരിന് ഹദ്റത്ത് അഹ്മദിന് ധൈര്യമുണ്ടോ എന്നും അയാൾ വെല്ലുവിളി മുഴക്കി. ലുധിയാനയിൽ നിന്ന് പുറപ്പെടുന്ന നൂറഫ്ശാൻ എന്ന പത്രത്തിൽ തങ്ങൾ രണ്ടു പേരുടെയും പ്രവചനങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന ഒരു നിർദേശ വും അയാൾ മുന്നോട്ടു വെച്ചു.

ഫത്തഹ് മസീഹ് എന്ന ആ പാതിരി പ്രമുഖന്റെ നിർദേശം ഹദ്റത്ത് അഹ്മദ്(അ) നിരുപാധികം സ്വീകരിച്ചു. അങ്ങനെ 1888 മെയ് 21 നു തിങ്കളാഴ്ച്ച രാവിലെ 10 മണിക്ക് പൊതു സദസ്സിൽ വെച്ച് രണ്ടു പേരും തങ്ങളുടെ പ്രവചനങ്ങൾ വെളിപ്പെടുത്തേണ്ടതാണെന്നും തീരുമാനിക്കപ്പെട്ടു. ഈ വിവരം അന്നു തന്നെ ഹദ്റത്ത് അഹ്മദ്(അ) ഒരു നോട്ടീസ് മുഖേന വിളംബരപ്പെടുത്തുകയും ചെയ്തു. ഇസ്ലാമും ക്രിസ്തുമതവും തമ്മിലുള്ള ഈ മഹത്തായ ആത്മീയ പോരാട്ടത്തിന് സാക്ഷ്യം വഹിക്കാൻ, സത്യാന്വേഷികളെ അദ്ദേഹം ക്ഷണിക്കുകയും ചെയ്തു.

തബ്ലീഗെ റിസാല എന്ന പേരിൽ പുറത്തിറക്കിയ ആ വിജ്ഞാപനത്തിൽ ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു. ഫത്തഹ് മസീഹും താനും സമ്മതിച്ചത് പോലെ ബട്ടാലയിലുള്ള ഞങ്ങളുടെ വാസസ്ഥലത്ത് വന്ന്, കഴിഞ്ഞ പതിനെട്ട് നൂറ്റാണ്ടു കാലമായി. വിശ്വാസപരമായി തങ്ങൾ വഴിപിഴച്ചത് കാരണം നഷ്ടപ്പെട്ടു പോയ പരിശുദ്ധാത്മാവിന്റെ അനുഗ്രഹ ശക്തി പുതുക്കിക്കാണിക്കുകയും തന്നിലൂടെയുള്ള പ്രവചനങ്ങളുടെ സത്യം യഥാസമയം വെളിപ്പെടുത്തകയും ചെയ്യുകയാണെങ്കിൽ തങ്ങളുടേത് ഒരു സത്യമതമാണെന്ന് തീർച്ചയായും അവകാശപ്പെടാം. കാരണം ഒരു ആത്മീയ സമര രംഗത്ത് വെച്ച് ദൈവത്തിന്റെ അനുഗ്രഹം ഫത്തഹ് മസീഹിനും കൂട്ടർക്കും ഉണ്ടാവുകയും മുസ്ലിംകൾക്ക് നഷ്ടപ്പെടുമെന്നും തീരുമാനിക്കുകയും ചെയ്യാമല്ലോ. എന്നാൽ പോരാട്ട രംഗത്തെ പ്രതിയോഗികൾക്ക് പരാജയവും ഞങ്ങൾക്ക് വിജയവുമാണുണ്ടാകു ന്നതെങ്കിൽ ദൈവം മുസ്ലിംകളുടെ ഭാഗത്താണെന്ന് സംശയലേശമന്യേ തെളിയിക്കപ്പെടും.

ദിവസങ്ങൾ കടന്നുപോയി. ആത്മീയ സമരത്തിന് നിശ്ചയിക്കപ്പെട്ട സമയം വന്നെത്തി. ബട്ടാലയിലെ നബിബക്ഷ് എന്ന മാന്യന്റെ വീട്ടിൽ വെച്ചാണ് ഇത് നടത്താൻ തീരുമാനിക്കപ്പെട്ടത് രണ്ടു പേരുടേയും പ്രവചനങ്ങൾ കേൾക്കാൻ ഇരുഭാഗത്തു നിന്നും വളരെയേറെ പേർ മുൻകൂട്ടി തന്നെ ഹാജറുണ്ടായിരുന്നു. നിരവധി ഹിന്ദു മുസ്ലിം-ക്രൈസ്തവ പ്രമാണിമാർ ആ വീട്ടിൽ ഉണ്ടായിരുന്നു. ഫത്തഹ് മസീഹ് തന്റെ കുറെ അനുചരന്മാരോടൊപ്പം സദസ്സിൽ എത്തിചേർന്നു. അയാളുടെ വാക്കുകൾക്കും പ്രവചനങ്ങൾക്കുമായി സദസ്യർ കാതോർത്തു. ഏതു തരത്തിലുള്ള പ്രവചനമാകും ആ ക്രിസ്ത്യൻ പാതിരി നടത്തുക എന്നറിയാനുള്ള ആകാംക്ഷ സദസ്യരുടെ മുഖത്ത് കാണാമായിരുന്നു.

സമയമെത്തി. സദസ്യരെ ആകെ നിരാശപ്പെടുത്തി കൊണ്ട് പ്രവചനം നടത്തുന്നതിന് പകരം മുൻ കൂട്ടി നിശ്ചയിച്ച വിഷയങ്ങളുമായി പുലബന്ധം പോലുമില്ലാത്ത കുറേ കാര്യങ്ങൾ പറഞ്ഞ് തുടങ്ങുകയായിരുന്നു ആ മനുഷ്യൻ. ആകെ ക്ഷമ നശിച്ച സദസ്യർ വളരെ സമ്മർദം ചെലുത്തിയിട്ടും ഫത്തഹ് മസീഹ് പ്രവചനങ്ങളുടെ അരികിൽ കൂടി പോലും വാക്കുകളെത്തിച്ചില്ല. അസാധാരണമാം വിധം ഒരു ഭയം അയാളെ പിടികൂടി യതായി തോന്നി. സദസ്യരുടെ സമ്മർദം കൂടിയായപ്പോൾ ഒഴിഞ്ഞു മാറാൻ അയാൾ ഒരു വിഫല ശ്രമം നടത്തി. തങ്ങൾ

വന്ന് ചേർന്നത് ഇരുകൂട്ടരുടെയും പ്രവചനങ്ങൾ ശ്രവിക്കാനാണെന്നും അതിനാൽ മുൻ നിശ്ചയ പ്രകാരം പ്രവചനം നടത്താൻ ഒരുങ്ങുകയാണ് വേണ്ടതെന്നും ഒരു ഹിന്ദു മാന്യൻ എഴുന്നേറ്റു നിന്ന് പറഞ്ഞപ്പോഴും ഫത്തഹ് മസീഹ് നിർവികാര ഭാവം കൈകൊള്ളു കയായിരുന്നു. തനിക്ക് വെളിപാട് ഉണ്ടാവാറുണ്ടെന്നും താനും പ്രവചനങ്ങൾ നടത്താറുണ്ടെന്നും ഉള്ള വാദം ഫത്തഹ് മസീഹ് പരസ്യമായി പുറപ്പെടുവിച്ചിട്ടുണ്ടല്ലോഎന്ന് അപ്പോൾ അവിടെ സന്നിഹിതരാ യിരുന്ന മുൻഷി മുഹമ്മദ് ബക്ഷ് സാക്ഷ്യം പറഞ്ഞപ്പോഴും അയാൾ വഴങ്ങാൻ കൂട്ടാക്കിയില്ല. ബട്ടാല ഡിസ്ട്രിക്റ്റിലെ യൂറോപ്യൻ മിഷണറിയായ റവറന്റ് ഹെർബർട്ടിനെ ഇയാൾ ഒരു എഴുത്ത് മുഖേന തനിക്ക് വെളിപാടുകൾ ഉണ്ടാവാറുണ്ടെന്ന് അറിയിച്ച വിവരം സദസ്സിൽ വെളിവാക്കപ്പെട്ടു.

അപ്പോഴതാ എല്ലാവരെയും ആശ്ചര്യപ്പെടുത്തിക്കൊണ്ട് ഫത്തഹ് മസീഹിന്റെ വിശദീകരണം പുറത്ത് വന്നു. എനിക്ക് വെളിപാടുണ്ടാകാറുണ്ടെന്ന വാദം ഞാനിതാ നിഷേധിക്കുന്നു. വെറുതെയാണ് ഞാനത് പറഞ്ഞ് പരത്തിയത്. എതിരാളികളുടെ ഇത്തരമൊരു വാദം കള്ളമാണെന്ന് എനിക്ക് തോന്നിയപ്പോൾ തുല്യമായൊരു പ്രസ്താവന ഞാനും നടത്തിയെന്നേയുള്ളൂ. എനിക്ക് വെളിപാടുണ്ടാകാറില്ല. പ്രവചനങ്ങൾ നടത്താനുള്ള കഴിവുമില്ല.....!

ഫത്തഹിന്റെ പ്രസ്താവന കേട്ടതോടെ സദസ്സ് ഒന്നാകെ ഇളകി മറിഞ്ഞു. അവർ അയാളെ കഠിനമായി വിമർശിക്കാൻ തുടങ്ങി. അയാൾക്കൊപ്പം വന്ന ക്രിസ്ത്യാനി സംഘവും ഇളിഭ്യരായി. സമൂഹത്തിലെ ഉന്നത പദവിയിലുള്ള പലരും അന്ന് അവിടെ സന്നിഹിതരായിരുന്നു. അവരെല്ലാം അയാളെ പരസ്യമായി കുറ്റപ്പെടുത്തുകയും പരിഹസിക്കുകയും ചെയ്തു. അയാളുടെ വഞ്ചനയും കാപട്യവും പൊതുവേദിയിൽ തുറന്ന് കാണിക്കപ്പെട്ടതോടെ തന്റെ അനുചര വൃന്ദത്തോടൊപ്പം അപമാനിതനായ നിലയിൽ അയാൾ സദസ്സിൽ നിന്ന് ഇറങ്ങിപ്പോയി. പ്രതീക്ഷയർപ്പിച്ച് അകാംക്ഷാഭരിതരായി നിന്ന വരെല്ലാം ഈ സംഭവത്തോടെ പിരിഞ്ഞു പോകുകയും ചെയ്തു.

1888 ന് ഹദ്റത്ത് അഹ്മദ് (അ) ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തി.

റമദാൻ അവസാനിക്കുന്നത് വരെ താൻ ഇവിടെ ബട്ടാലയിൽ തന്നെ ഉണ്ടായിരിക്കുന്നതാണെന്നും താനുമായി പ്രവചനപരമായ ആത്മീയ സമരത്തിന് ആഗ്രഹിക്കുന്ന എതൊരു യൂറോപ്യൻ ക്രിസ്ത്യാനിയേയും സഹർഷം സ്വാഗതം ചെയ്യുന്നുവെന്നും ലഘുലേഖയിലൂടെ അദ്ദേഹം പ്രസ്താവിച്ചു. ഒരു പ്രധാനക്രിസ്തീയ പാതിരിയുടെ പേരെടുത്ത് പറഞ്ഞ് കൊണ്ടായിരുന്നു ഹദ്റത്ത്അഹ്മദി(അ)ന്റെ ഈ പ്രസ്താവന. ആ പ്രധാന വ്യക്തി ബട്ടാലയിലെ ക്രിസ്ത്യൻ മിഷന്റെ ചാർജ് വഹിച്ചിരുന്ന എച്ച്. യു . പീറ്റ് ബ്രേച്ച് സ്റ്റാന്റൺ ആയിരുന്നു. ക്രിസ്ത്യാനികൾക്ക് അപ്രകാരമുള്ള ആത്മീയ ശക്തി കാണിക്കാൻ കഴിവില്ലെന്ന് റവ: സ്റ്റാന്റൺ ഏറ്റു പറയുകയാണെങ്കിൽ താൻ ഇസ്ലാമിന്റെ സത്യ ദൃഷ്ടാന്തമായി ഏകപക്ഷീയമായ പ്രവചനം നടത്താൻ തയ്യാറാണെന്ന് ഹദ്റത്ത് അഹ്മദ്(അ) അറിയിച്ചു. തന്റെ ആ പ്രവചനമാകട്ടെ അസാധാരണത്വവും, കൃത്യതയുമുള്ളതുമായിരിക്കും. താനതിൽ പരാജയപ്പെടുന്ന പക്ഷം ക്രിസ്തീയ മിഷനറിയുടെ വിലയേറിയ സമയം പാഴാക്കിയ കുറ്റത്തിന് പിഴയെന്നോണം 200 ക. നൽകുന്നതാണ്. (ഒന്നേകാൽ നൂറ്റാണ്ടു മുമ്പത്തെ ഉറുപ്പികയുടെ മൂല്യം ഓർക്കുക)

ഹദ്റത്ത് അഹ്മദ് (അ) തുടർന്നു. എന്നാൽ ഒരു കാര്യം അനുപേക്ഷണീയമാണ്. പ്രവചനം പ്രകൃത്യാതീതമായതാണെന്ന് സ്റ്റാന്റന് ബോദ്ധ്യം വന്നാൽ അതു പൂർത്തിയായാൽ താൻ ഇസ്ലാം മതം സ്വീകരിക്കുന്നതാണെന്ന് അദ്ദേഹം വ്യക്തമായി പ്രഖ്യാപിക്കണം. ആ പ്രസ്താവന വ്യക്തമായി തന്നെ നൂറഫ്ശാൻ പത്രത്തിൽ പരസ്യം ചെയ്യുകയും വേണം

ഈ ആഹ്വാനം സ്വീകരിക്കാനുള്ള ധൈര്യം ഒരു ക്രിസ്തീയ പുരോഹിതനുമുണ്ടാവില്ല. അവർക്കുണ്ടോ ഇത്തരം ആത്മീയ പേരാട്ടത്തെ നേരിടാനുള്ള ആർജവും ആത്മ വിശ്വാസവും.

താനീ വിവാദ രംഗത്തേക്ക് വലിച്ചിഴക്കപ്പെടുമെന്ന ആശങ്കയാൽ റവ: സ്റ്റാന്റ് ബട്ടാലയിൽ പോലും തങ്ങാൻ നിൽക്കാതെ തിരക്കിട്ട് സിംലയിലേക്ക് പോകും മുമ്പ് ഹദ്റത്ത് അഹ്മദി(അ)ന്റെ പ്രിയപ്പെട്ട ശിഷ്യനായ അബ്ദുല്ലാ സാഹിബ് സനൗരി (റ) ഒരു സത്യാന്വേഷിയെന്ന മട്ടിൽ സ്റ്റാന്റനെ സമീപിച്ച് ഈ ദിവ്യ പരീക്ഷണത്തിന് പ്രേരിപ്പിച്ചുവെങ്കിലും അതിന് ധൈര്യം കാട്ടാതെ പാതിരി സ്ഥലം വിടുകയാണുണ്ടായത്.

പഴയ മിഷണറി ഫത്തഹ് മസീഹ് വീണ്ടും ഒരു നിർദേശവുമായി രംഗത്ത് വന്നു. അയാളുടെ പ്രസ്താവന നൂറഫ്ശാൻ പത്രത്തിലൂടെയാണ് പുറത്ത് വന്നത്. വളരെ വിചിത്രമായി തോന്നാവുന്ന ഒരു നിർദേശമായിരുന്നു ഇക്കുറി ആയാളുടേത്. സത്യപരീക്ഷണം തന്നെയായിരുന്നു വിഷയം. അതിനായി വിളിച്ചു കൂട്ടുന്ന ഒരു പൊതു യോഗത്തിൽ വെച്ച് നാലു ചോദ്യങ്ങൾ ഒരു കടലാസിൽ എഴുതി കവറിലിട്ട് ഒട്ടിച്ച് മുദ്രവച്ച് അവിടെ സന്നിഹിതരാവുന്ന ഒരു മൂന്നാം കക്ഷിയുടെ കയ്യിൽ അയാൾ കൊടുക്കും. ആ കടലാസിൽ എഴുതിയിരിക്കുന്ന തെന്താണെന്ന് കവർ തുറക്കാതെ സദസ്സിൽ വെളിപ്പെടുത്താൻതന്റെ എതിരാളിക്ക് കഴിയണം. അതായത് കവറിലടക്കം ചെയ്ത നിഗൂഢ സന്ദേശം ഹദ്റത്ത് അഹ്മദ്(അ) തുറക്കാതെ വെളിപ്പെടുത്തണം.

വളരെ വിചിത്രമായ ഒരു ആവശ്യം തന്നെയായിരുന്നു ഇത് സാധാരണ ഗതിയിൽ ആർക്കും ചെയ്യാനാവാത്ത പ്രകൃത്യാതീതമായ ഒരു സംഗതി.

ഒരിക്കൽ തന്നോട് വിശ്വാസ വഞ്ചന കാട്ടിയ ഈ മനുഷ്യനുമായി ഇനി ഒരിടപാടിനും താൻ തയ്യാറല്ലെന്ന് ഹദ്റത്ത് അഹ്മദ്(അ) പ്രഖ്യാ

പിച്ചു. എന്നാൽ ഫത്തഹ് പ്രഖ്യാപിച്ച വെല്ലുവിളി അയാളുമായിട്ടല്ലെങ്കിൽ മാത്രം താൻ സ്വീകരിക്കാമെന്നും അത്തരം ഏതൊരു പരീക്ഷണത്തെയും നേരിടാനും താൻ ഒരുക്കമാണെന്നും 1889 ജൂൺ 9 ന് പുറത്തിറക്കിയ ഒരു പ്രസ്താവനയിൽ ഹദ്‌റത്ത് അഹ്മദ്(അ) അറിയിച്ചു. ഇതിനായി റവ: സ്റ്റാന്റൺ തന്നെ മുന്നോട്ട് വരണമെന്നും അദ്ദേഹം നിർദേശിച്ചു.

ഈ ആത്മീയ പരീക്ഷണം നടന്നത് ഇന്നേക്ക് 126 വർഷം മുമ്പാണെന്ന് ഓർക്കണം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ. നാമിപ്പോൾ ജീവിക്കുന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിലും.

ഈ പുതിയ നൂറ്റാണ്ടിൽ ഈ ആധുനിക കാലത്ത് ജീവിക്കുന്ന നമ്മുടെ വായനക്കാർക്ക് ന്യായമായും ഉണ്ടായേക്കാവുന്ന സംശയത്തിന് അൽപ്പം വിശദീകരണം നൽകേണ്ടിയിരിക്കുന്നു. കടലാസ്സിൽ രഹസ്യമായെഴുതി കവറിൽ ഒളിഞ്ഞു കിടക്കുന്ന ഒരു രഹസ്യ സന്ദേശം എപ്രകാരം വെളിപ്പെടുത്താമെന്ന് ഹദ്‌റത്ത് അഹ്മദ്(അ) പ്രസ്താവിച്ചത് ഏത് സാഹചര്യത്തിലാണെന്നും എങ്ങനെയാണ് അത് സാധിതമാകുന്നതെന്നും ശങ്കിക്കപ്പെടുന്ന വരുണ്ടായേക്കാം.

ഇത്തരം ചോദ്യവും സംശയവും ചിന്തകളും ഒക്കെ തികച്ചും സ്വാഭാവികം മാത്രം. എന്നാൽ തികഞ്ഞ ആത്മ വിശ്വാസത്തോടെയാണ് ഹദ്‌റത്ത് അഹ്മദ് (അ) കടുത്ത വെല്ലുവിളി സ്വീകരി ച്ചത്. പരീക്ഷണ വിധേയമായ ഏതൊരു ഗുപ്ത ലിഖിതവും പ്രാർഥന മുഖേന ദൈവം തനിക്ക് വെളിപ്പെടുത്തി തരുമെന്ന് ആ മഹാത്മാവിന് ദൃഢവിശ്വാസമുണ്ടായിരുന്നു. തന്റെ പല പഴയ കാല അനുഭവങ്ങളും മുൻനിർത്തിയുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആത്മവിശ്വാസം.

ലുധിയാനയിലെ അദ്ദേഹത്തിന്റെ ഒരു ശിഷ്യനായിരുന്നു നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ്. ഒരിക്കൽ തന്റെ ബുദ്ധിമുട്ടുകൾ വിവരിച്ച് കൊണ്ടും പ്രാർഥിക്കാൻ അപേക്ഷിച്ചു കൊണ്ടും ഹദ്‌റത്ത് അഹ്മദി(അ)ന് ഒരു കത്തയക്കുകയുണ്ടായി. എന്നാൽ ആ കത്ത് ഹുസൂർ തിരുമനസ്സിന് കിട്ടും മുമ്പ് തന്നെ അപ്രകാരം ഒരു കത്ത് നവാബ് സാഹിബ് തനിക്കയച്ചതായി ദൈവം വെളിപ്പെടുത്തി തന്നിരിക്കയാണെന്ന് അറിയിച്ചു കൊണ്ട് ആ കത്തിന്റെ ഉള്ളടക്കം വിവരിച്ചു കൊണ്ടും പ്രാർഥനക്ക് ഉത്തരമായി ലഭിച്ച ശുഭ വാർത്ത അറിയിച്ചു കൊണ്ടും അദ്ദേഹം ഒരു കത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബിന് അങ്ങോട്ടും അയച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നു. ഹുസൂറിന്റെ ഈ കത്ത് കിട്ടിയപ്പോൾ ആ ശിഷ്യൻ അത്ഭുതപരതന്ത്രനായി പോയത്രെ. ആ എഴുത്ത് ഒരു അമൂല്യ സ്വത്തായി അദ്ദേഹം സൂക്ഷിച്ച് വെക്കുകയും തന്റെ ഗുരു വര്യൻ ഒരു ദിവ്യാത്മാവ് തന്നെ യെന്ന് സുദൃഢം വിശ്വസിക്കുകയും ചെയ്തു.

ഗുപ്ത ലിഖിതം വെളിപ്പെടുത്തുന്ന പരീക്ഷണത്തെ നേരിടാനോ, അതിനൊരു കക്ഷി യാവാനോ സ്റ്റാന്റൺ തയ്യാറായില്ല. അദ്ദേഹമെന്നല്ല അത്തരമൊരു ആത്മീയ ബലം കാണിക്കാൻ ഒരു ക്രിസ്ത്യാനിയും ധൈര്യസമേതം മുന്നോട്ടു വന്നില്ല. ഫലസ്തീൻ രാജ്യത്ത് യഹൂദ പുരോഹിത ന്മാരെയൊന്നടങ്കം അത്ഭുതകൃത്യങ്ങൾ കാണിച്ച് അമ്പരപ്പിച്ച യേശുക്രി സ്തുവിന്റെ ആത്മീയ പാരമ്പര്യം അവകാശപ്പെടുന്ന ഈ ഭൗതീകൻമാർക്കുണ്ടോ ഇവിടെ ഹദ്‌റത്ത് അഹ്മദി(അ) ന്റെ ആത്മീയ പരീക്ഷണത്തെ നേരിടാനുള്ള ആത്മ വിശ്വാസം!!. അങ്ങനെ ആ ആത്മീയ പരീക്ഷണവും പ്രതിയോഗികൾക്ക് നേരിടാൻ ധൈര്യമില്ലാത്ത നിലയിൽ തന്നെ അവസാനിച്ചു.

മുസ്‌ലിം ജനങ്ങൾക്കിടയിലും സമാന്യ ജനങ്ങൾക്കിടയിലും ഹദ്‌റത്ത് അഹ്മദി(അ)നോടുള്ള ഭക്ത്യാദരവുകൾ വർധിച്ചു വന്നു. ആ പുണ്യപുരുഷൻ ഇസ്‌ലാമിന്റെ അഭിമാന സ്തംഭമായി അവരോധിക്കപ്പെട്ടു. റിയാസെ ഹിന്ദ് പത്രത്തിൽ 1888 ൽ വന്ന ഒരു റിപ്പോർട്ട് ഇവിടെ പ്രസക്തമാണ്: ***'ബട്ടാലയിൽ താമസിച്ചു വരുന്ന ഖാദിയാനിലെ മുഖ്യനും ഇസ്‌ലാമിന്റെ അഭിമാന ഭാജനവുമായ ജനാബ് മിർസാ ഗുലാം അഹ്മദ് സാഹിബും ഈദുൽ ഫിത്തറിന് ഈദ് ഗാഹിൽ സന്നി ഹതനായിരുന്നു. നാലായിരത്തോളം ആളുകൾ അതിൽ പങ്കെടുത്തു. മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ നിർദേശ പ്രകാരം മൗലവി ഖുദ്‌റത്തുല്ലാഹ് സാഹിബ് പെരുന്നാൾ നമസ്ക്കാരത്തിൽ ഇമാമത്ത് വഹിച്ചു'(റിയാസെ ഹിന്ദ് 18-6-1888)***

## വഴിത്തർക്കം

അബൂഹുറൈറ(റ)യിൽ നിന്നും നിവേദനം: ഒരു പൊതു വഴിയുടെ കാര്യത്തിൽ ജനങ്ങൾക്കിടയിൽ തർക്കമുണ്ടായാൽ ഏഴ് മുഴം വഴിക്കു വേണ്ടി നീക്കി വെക്കണമെന്ന് നബി(സ)കൽപ്പിരിക്കുന്നു. (ബുഹാരി)

# മാതാപിതാക്കളെ ശുശ്രൂഷിച്ച് സ്വർഗം നേടുക

യു.അബ്ദുൾ മജീദ്, പഴയങ്ങാടി

രക്തബന്ധങ്ങൾപോലും വാണിജ്യവത്ക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഇക്കാലത്ത് മനുഷ്യ ജീവിതത്തിന് ഊടും പാവും നൽകേണ്ടത് മതങ്ങളാണ്. മതം അന്തസാര ശൂന്യമായ പ്രവർത്തനങ്ങളായി തരംതാഴുമ്പോൾ മനസ്സുകൾ മരുഭൂമികളായി മാറുന്നു.! കുടുംബ ബന്ധങ്ങളുടെ പശിമ വറ്റി അവ ശുഷ്ക്കമായി തീരുന്നു. അങ്ങനെ മക്കളുടെ ജന്മത്തിന് നിദാനമായ കേവല യന്ത്രോപാധികൾ മാത്രമായി മാതാപിതാക്കൾ പരിണമിക്കുന്നു.

ഇവിടെയാണ് ഇസ്ലാം വേറിട്ട് നിൽക്കുന്നത്. വ്യക്തിയിലും കുടുംബത്തിലും സമൂഹത്തിലും ഒന്നടങ്കം സ്വാധീനം ചെലുത്തുന്ന മനുഷ്യന്റെ ഇഹപര ജീവിതത്തെ നന്നാക്കി തീർക്കുന്ന അദ്വിതീയമായ ആദർശമാണ് ഇസ്ലാം. അതിൽ മാതാപിതാക്കളുടെ സ്ഥാനം അത്യുന്നതമാണ്. അവർക്ക് നന്മ ചെയ്യണമെന്നും അവരോട് നന്ദികേട് കാണിക്കാൻ പാടില്ലെന്നും ഇസ്ലാമിനെ പോലെ ഊന്നി പറഞ്ഞ ഒരു ആശയ സംഹിത ലോകത്തിലില്ല.

സമൂഹത്തിന്റെ ന്യൂക്ലിയസ്സാണ് കുടുംബം. സമൂഹത്തിന്റെ അടിത്തറ. അടിത്തറ ശരിയായാലേ സമൂഹം ശരിയാവൂ. അതുകൊണ്ടു തന്നെ കുടുംബ കാര്യങ്ങൾക്ക് ഇസ്ലാം വലിയ പ്രാധാന്യം കൽപ്പിച്ചിട്ടുണ്ട്. ഭാര്യാഭർത്താക്കന്മാർ തൊട്ട് കുടുംബത്തിലെ അകന്ന അംഗങ്ങളുമായിവരെ പുലർത്തേണ്ടുന്ന പരസ്പര ബന്ധങ്ങളെക്കുറിച്ച് ഇസ്ലാം വ്യക്തമാക്കിയിട്ടുണ്ട്. കുടുംബ ബന്ധങ്ങൾ തമ്മിൽ സുദൃഢ ബന്ധം പുലർത്തേണ്ടുന്ന അനിവാര്യത ഊന്നിപ്പറയുകയും അതിന് മഹത്തായ സ്ഥാനം കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. സന്താനങ്ങളോട് സ്നേഹവും കാരുണ്യവും കാണിക്കണമെന്നും അവരെ ധിക്കരിക്കാൻ പാടില്ലെന്നും അവർക്ക് നന്മചെയ്യണമെന്നും നമ്മോട് ഇസ്ലാം അനുശാസിക്കുന്നുണ്ട്. ദാമ്പത്യ ബന്ധത്തിന്റെ വിശദമായ നിയമങ്ങൾ ഇസ്ലാം വരച്ചു കാട്ടുന്നു.

ഇസ്ലാമിന്റെ ഈ നിയമ നിർദേശങ്ങൾ ഉൾക്കൊള്ളുന്ന ഏതൊരു കുടുംബത്തിനും ശാന്തിയും സുസ്ഥിരതയും സംജാതമാവുക തന്നെ ചെയ്യും. അംഗങ്ങൾ തമ്മിൽ ഐക്യവും യോജിപ്പുമുണ്ടാകും. അത്തരം കുടുംബങ്ങൾക്ക് മേധാവിത്വമുള്ളൊരു സമൂഹം നന്മനിറഞ്ഞ സമൂഹമായിരിക്കും. അവിടെ സുഖവും സന്തുഷ്ടിയും പ്രകടമായിരിക്കും. അപ്പോൾ മാത്രമാണ് അല്ലാഹുവിന്റെ പ്രീതിയും പൊരുത്തവും കരഗതമാവുക. മറിച്ച് ഇസ്ലാമിക നിയമ നിർദേശങ്ങൾ അവഗണിച്ച് ജീവിതം നയിക്കുകയും ആദരിക്കേണ്ടവരെ ആദരിക്കാതിരിക്കുകയും സ്നേഹിക്കേണ്ടവരെ സ്നേഹിക്കാതിരിക്കുകയും ചെയ്യുന്ന ധിക്കാരത്തിന്റെയും സ്വാർഥതയുടെയും പ്രതീകങ്ങളായ വ്യക്തികൾ ഉൾക്കൊള്ളുന്ന കുടുംബവും സമൂഹവും പ്രശ്നങ്ങൾ നിറഞ്ഞതായിരിക്കും. അവിടെ ഐക്യവും രഞ്ജിപ്പുമുണ്ടാവുകയില്ല. അവർക്ക് അല്ലാഹുവിന്റെ അനുഗ്രഹം ആർജിക്കുവാൻ കഴിയുകയില്ലെന്ന് മാത്രമല്ല അവന്റെ കോപത്തിനും ശിക്ഷക്കും അവർ വിധേയരാവുകയും ചെയ്യും

***'നബി (സ) ഇപ്രകാരം പറയുകയുണ്ടായി: 'നിങ്ങളിൽ ഒരോരുത്തരും മേൽനോട്ടക്കാരാണ്. നിങ്ങളുടെ അധീനത്തിലുള്ളവരെ പറ്റി നിങ്ങൾ ചോദിക്കപ്പെടുന്നതാണ്. പുരുഷൻ തന്റെ കുടുംബത്തിന്റെ മേൽനോട്ടക്കാരനാണ്. അവന്റെ കീഴിലുള്ളവരെക്കുറിച്ച് ചോദിക്കപ്പെടുന്നവനുമാണ്. വേലക്കാരൻ തന്റെ യജമാനന്റെ സ്വത്തിന്റെ മേൽനോട്ടക്കാരനാണ്. തന്റെ ചുമതലയെ പറ്റി ചോദ്യം ചെയ്യപ്പെടുന്നവനുമാണ്. നിങ്ങളിൽ ഒരോരുത്തനും ചോദ്യം ചെയ്യപ്പെടുന്നതുമാണ്' (ബുഖാരി, മുസ്ലിം)***

അതിനാൽ മനുഷ്യൻ തന്റെ മഹിമ മനസ്സിലാക്കി സ്വന്തം ബാദ്ധ്യതകൾ നിർവഹിക്കുകയും തന്റെ ചുമതലയിലുള്ളവരെ ശരിയായ നിലയിൽ ശിക്ഷണത്തിന്റെ നേർ

വഴിയിലേക്ക് നയിക്കുകയും വേണം

സ്രഷ്ടാവായ അല്ലാഹുവിനോടുള്ള കടമയും അവന്റെ ദൂതനോടുള്ള കടമയും കഴിച്ചാൽ പിന്നെ മനുഷ്യന് ഏറ്റവുമധികം കടപ്പാടുള്ളത് അവന്റെ മാതാപിതാക്കളോടാണ്. അതുകൊണ്ടാണ് അല്ലാഹുവിനെയല്ലാതെ മറ്റാരേയും ആരാധിക്കാൻ പാടില്ലെന്ന തൗഹീദിന്റെ ആഹ്വാനത്തോട് ചേർത്തുകൊണ്ട് മാതാപിതാക്കന്മാർക്ക് നന്മ ചെയ്യണമെന്ന് അല്ലാഹു വിധിച്ചിരിക്കുന്നത്.

***'തന്നെയല്ലാതെ ആരാധിക്കരുതെന്നും മാതാപിതാക്കന്മാർക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവരിൽ രണ്ടുപേരും തന്നെയോ നിന്റെ യടുക്കൽ വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ഛേ' എന്ന് പറയുകയോ അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്കുപറയുക. കാരുണ്യത്തോടു കൂടി എളിമയുടെ ചിറക് നീ അവർക്ക് ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. 'എന്റെ രക്ഷിതാവേ ചെറുപ്പത്തിൽ ഇവർ രണ്ടുപേരും എന്നെ പോറ്റി വളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കേണമേ' എന്ന് നീ പറയുകയും ചെയ്യുക.' (വി. ഖുർആൻ)***

മാതാപിതാക്കളോട് ഇത്ര മാന്യമായി പെരുമാറാൻ കൽപ്പിക്കുന്ന മറ്റു വല്ല ജീവിത പ്രത്യയശാസ്ത്രവും ലോകത്തുണ്ടോ? കുത്തഴിഞ്ഞ കുടുംബ വ്യവസ്ഥനിലനിൽക്കുന്ന പാശ്ചാത്യ ലോകത്തിനോ സാമ്പത്തിക നിദാനങ്ങൾക്കപ്പുറം മൂല്യങ്ങൾക്ക് വിലകൽപ്പിക്കാത്ത കമ്മ്യൂണിസ്റ്റ് ലോകത്തിനോ ഇതിനേക്കാൾ ഉത്തമമായ ഏതെങ്കിലും തത്ത്വം അവതരിപ്പിക്കാനുണ്ടോ?

ഖുർആൻ പറയുന്നു: ***'മനു ഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ ഞാൻ അനുശാസനം നൽകിയിരിക്കുന്നു. ക്ഷീണത്തിനു മേൽ ക്ഷീണവുമായിട്ട് മാതാവ് അവനെ ഗർഭം ചുമന്നത് അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടു വർഷം കൊണ്ടുമാണ്. എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കുക. എന്റെ അടുത്തേക്കാണ് നിന്റെ മടക്കം' (വി. ഖുർആൻ 31:14)***

മാതാപിതാക്കന്മാരുടെ മഹിതമായ സ്ഥാനമാണ് ഈ വചനങ്ങൾ നമുക്ക് മനസ്സിലാക്കി തരുന്നത്. അല്ലാഹുവിന്റെ കൽപ്പനക്ക് വിരുദ്ധമാവാത്ത ഏതൊരു കാര്യത്തിലും മക്കൾ മാതാപിതാക്കന്മാരെ അനുസരിക്കേണ്ടതുണ്ട്. അത്രക്ക് വലിയ കടപ്പാടാണ് മക്കൾക്ക് മാതാപിതാക്കന്മാരോടുള്ളത്. അല്ലാഹുവിന്റെ മാർഗത്തിൽ ധർമസമരത്തിനിറങ്ങുകയെന്നത് ഇസ്‌ലാമിൽ വലിയ പുണ്യമുള്ള കാര്യമാണ്. എന്നാൽ മാതാപിതാക്കന്മാരെ ശുശ്രൂഷിക്കുക എന്നത് അതിനേക്കാൾ വലിയ പുണ്യകർമമായിത്തീരുന്ന സന്ദർഭങ്ങളുണ്ട്. ഒരാൾ റസൂൽ തിരുമേനി (സ)യുടെ അടുക്കൽ വന്ന് ജിഹാദിന് പോകാൻ അനുമതി ചോദിച്ചപ്പോൾ നബി (സ) അദ്ദേഹത്തോട് ഇപ്രകാരം ചോദിച്ചു: 'താങ്കൾക്ക് മാതാപിതാക്കളുണ്ടോ?' അ പ്പോൾ അയാൾ പറഞ്ഞു: 'ഉണ്ട്'. ഉടനെ തിരുമേനി(സ) പറഞ്ഞു: 'നീ പോയി അവരുടെ കാര്യത്തിൽ ജിഹാദ് ചെയ്യുക' (ബുഖാരി, മുസ്‌ലിം)

ജാഹിമ നബി (സ) തിരുമേനി (സ)യുടെ അടുക്കലേക്ക് വന്ന് ഇപ്രകാരം പറഞ്ഞു: 'പ്രവാചകരെ, ഞാൻ യുദ്ധത്തിന് പോകാൻ ഉദ്ദേശിക്കുന്നു: 'ഞാൻ അതിനെക്കുറിച്ച് വിവരം അന്വേഷിക്കാൻ വന്നിരിക്കയാണ്.. ഇത് കേട്ട് റസൂൽ തിരുമേനി(സ)ചോദിച്ചു: 'താങ്കൾക്ക് ഉമ്മയുണ്ടോ?' ജാഹിമ പറഞ്ഞു: 'ഉണ്ട്.' ഉടനെ നബി (സ) തിരുമേനി പറഞ്ഞു: 'എങ്കിൽ താങ്കൾ ആ ഉമ്മയുടെ കൂടെ നിൽക്കുക. നിശ്ചയം സ്വർഗം അവരുടെ കാലുകൾക്ക് കീഴെയാണ്' (നസായി, അഹ്മദ്,ഹാക്കിം). മറ്റൊരു നബിവചനം കാണുക: 'രക്ഷിതാവിന്റെ പ്രീതി പിതാവിന്റെ പ്രീതിയിലാണ്. രക്ഷിതാവിന്റെ കോപം പിതാവിന്റെ കോപത്തിലും (തിർമിദി, ഹാക്കിം-മുസ്നദ്)

പ്രവാചകൻ ഒരിക്കൽ 'അവർ നശിക്കട്ടെ' എന്ന അർഥമുള്ള വചനം മൂന്നു തവണ ആവർത്തിച്ചു പറയുന്നത് കേട്ടപ്പോൾ സ്വഹാബിമാരിലൊരാൾ ചോദിച്ചു. 'പ്രവാചകരെ ആരെക്കുറിച്ചാണ് താങ്കൾ ഇത് പറയുന്നത്?'

അപ്പോൾ അവിടുന്ന് പറഞ്ഞു: ഒരാളുടെ അടുത്ത് പ്രായം ചെന്ന ഒരാളുടെ മാതാപിതാക്കൾ ഉണ്ടായിട്ട് അല്ലെങ്കിൽ അവരിലൊരാൾ ഉണ്ടായിട്ട് അവർ മുഖേന സ്വർഗത്തിൽ പ്രവേശിക്കാൻ സാധിക്കാത്തവരാണ്.' (മുസ്‌ലിം)

**താങ്ങാൻ കഴിയാത്ത കാര്യങ്ങൾ മാതാപിതാക്കന്മാരോട് ആവശ്യപ്പെടൽ:-**

മാതാപിതാക്കൾ കുറഞ്ഞ വരുമാനക്കാരായിരിക്കേ സുഖജീവിതത്തിന് വേണ്ടിയുള്ള വിഭവങ്ങളൊരുക്കിക്കൊടുക്കാൻ മാതാപിതാക്കളെ നിർബന്ധിക്കുന്ന ചിലരുണ്ട്. ഇസ്‌ലാം വെറുക്കുന്ന കാര്യമാണിത്.

**മാതാപിതാക്കളെ വൃദ്ധസദനത്തിൽ പാർപ്പിക്കൽ:-**

വാർധക്യം പ്രാപിച്ചാൽ മാതാപിതാക്കളെ വൃദ്ധസദനത്തിൽ കൊണ്ട് തള്ളുക എന്നത് അത്യന്തം ക്രൂരമാണ്. തീരെ നന്മയില്ലാത്ത ഒരാളിൽ നിന്നേ ഇത്തരം വഷളായ പ്രവൃത്തി ഉണ്ടാവൂ. ആധുനിക പരിഷ്കൃത സമൂഹത്തിൽ കാണുന്ന ഇത്തരം ഏർപ്പാടുകൾ ഇസ്‌ലാം വെറുക്കുന്ന കാര്യമാണെന്ന് ഓർക്കുക.

ചീത്തകൂട്ടുകാരുമായുള്ള മക്കളുടെ സഹവാസം മാതാപിതാക്കളെ ധിക്കരിക്കാൻ അവരിൽ പ്രേരണ ചെലുത്തിയേക്കും. തന്റെ മക്കൾ ആരുമായിട്ടാണ് സഹവസിക്കുന്നതെന്നും അവരുടെ കൂട്ടുകാർ ആരാണെന്നും മാതാപിതാക്കൾ സദാ നിരീക്ഷിക്കേണ്ടിയിരി ക്കുന്നുണ്ട്. നബി(സ)യുടെ വചനം ഇവിടെ പ്രസക്തമാണ്. നബി (സ) ഇപ്രകാരം പ്രസ്താവിച്ചതായി അബു മൂസൽ അശ്അരിയിൽ നിന്ന് നിവേദനം ചെയ്യുന്നു.

'നല്ല കൂട്ടുകാരന്റേയും ചീത്തകൂട്ടുകാരന്റേയും ഉപമ അത്തർ കച്ചവടക്കാരന്റേയും

ജൂതജനതയും ആധുനിക കാലവും – 2

# മദ്ധ്യകാലവും യഹൂദ പീഡനങ്ങളും

അഞ്ചു മുതൽ പതിനേഴു നൂറ്റാണ്ടുകൾ വരെ ക്രിസ്തു സഭക്ക് പ്രാബല്യമുണ്ടായിരുന്ന യൂറോപ്പിൽ യഹൂദർക്കെതിരെ നടന്ന അത്യാചാരങ്ങൾക്കും അതിക്രമങ്ങൾക്കും ചരിത്രത്തിൽ സമാനതകളില്ല.

എ. എം. മുഹമ്മദ് സലീം

***'അല്ലാഹുവിൽ നിന്നോ മനുഷ്യരിൽ നിന്നോ ഉള്ള സംരക്ഷണ ഉടമ്പടി മുഖേനയല്ലാതെ (അവർക്ക് ഈ മർദനത്തിൽ നിന്ന് മോചനമില്ല) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിക്കുകയും പ്രവാചകന്മാരെ അന്യായമായ നിലയിൽ കൊല്ലാൻ ശ്രമിക്കുകയും ചെയ്യുന്നവരായിരുന്നുവെന്നതാണ് അതിന് കാരണം. ഇത് അവർ ധിക്കരിക്കുകയും അതിക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്തത് കൊണ്ടായിരുന്നു.' (3:113)***

മദ്ധ്യകാലഘട്ടം മുതൽ ആധുനിക കാലം വരെയുള്ള യൂറോപ്യൻ ചരിത്രത്തിലുടനീളം ക്രിസ്തു മത മേധാവിത്വം പ്രകടമായിരുന്നു. ചോദ്യം ചെയ്യാനാവാത്ത പരമാധികാരം കൈയാളിയിരുന്ന ക്രിസ്തു സഭയുടെ കീഴിൽ യുറോപ്പിലെ ധൈഷണിക ജീവിതം നിശ്ചേതനമായി. അസഹിഷ്ണുതയുടേയും മർദനത്തിന്റേയും ഫലമായി മാനവീയതയുടെ മരുപ്പറമ്പായി മാറിയ യൂറോപ്പിൽ നിന്ന് ഉയർന്ന ഏറ്റവും വലിയ ദീനരോദനങ്ങൾ യഹൂദരുടേതായിരുന്നു. തങ്ങളുടെ മസീഹിനെ ക്രൂശിച്ചവരുടെ തലമുറ എന്ന നിലക്ക് യഹൂദികളോട് കൃസ്ത്യാനികൾ കാട്ടിയ അത്യാചാരങ്ങൾക്കും പീഠനങ്ങൾക്കും ചരിത്രത്തിൽ സമാനതകളില്ല.

**അശ്കിനാസിയും സെഫാർദും**

***'നാം അവരെ ഭൂമിയിൽ വിവിധ ജനതകളായി പിരിച്ച് വ്യാപിപ്പിച്ചു.' (വി.ഖുർആൻ 7:169)***

നൂറ്റാണ്ടുകളായി തുടർന്നു വരുന്ന യഹൂദരുടെ ചിതറിത്തെറിക്കലിന്റെ (Diaspora) ഫലമായി വിവിധ നാടുകളിൽ അവർ കുടിയേറിപ്പാർക്കുകയുണ്ടായി. തദ്ദേശീയമായ സംസ്കാരങ്ങളുടെ സ്വാധീനം യഹൂദരിലും പ്രകടമാവുകയും

---

ഉലയിലൂതുന്ന കൊല്ലന്റേയുമാണ്. അത്തർ വിൽപ്പനക്കാരൻ ചിലപ്പോൾ നിനക്ക് അത്തർ ദാനമായി നൽകിയേക്കാം. അല്ലെങ്കിൽ നീ അവനിൽ നിന്ന് വിലയ്ക്ക് വാങ്ങിയേക്കാം. ഒന്നുമില്ലെങ്കിൽ നിനക്ക് അവനിൽ നിന്ന് ഒരു നല്ല വാസനയെങ്കിലും ലഭിച്ചേക്കാം. എന്നാൽ ഉലയിലൂതുന്ന കൊല്ലനാകട്ടെ നിന്റെ വസ്ത്രത്തിൽ തീപ്പൊരി വീഴ്ത്തി അത് കരിച്ചേക്കാം. അല്ലെങ്കിൽ അയാളിൽ നിന്ന് കെട്ട വാസന കിട്ടിയേക്കാം. (ബുഖാരി, മുസ്ലിം)

ചങ്ങാത്തത്തിന്റെ ദ്വിമുഖ ഫലങ്ങൾ വ്യക്തമായി മനസ്സിലാക്കിക്കാൻ നബി(സ) സത്യ വിശ്വാസികളെ ഇപ്രകാരം ഉദ്ബോധിപ്പിച്ചിട്ടുണ്ട്:

'മനുഷ്യൻ തന്റെ കൂട്ടുകാരന്റെ മതത്തിലാണ് (ഉൾപ്പെടുന്നത് ) അതുകൊണ്ട് ആരോട് കൂട്ടുകൂടണമെന്ന് നിങ്ങൾ ഒരോരുത്തരും ആലോചിക്കട്ടെ'(അബുദാവൂദ് തിർമിദി)

മാതാപിതാക്കന്മാർ നല്ലവരായിരുന്നാൽ മക്കളും നന്നായി തീരും. മക്കൾ നന്മ ചെയ്താൽ അവരെ മതാപിതാക്കൾ പ്രോത്സാഹിപ്പിക്കുകയും തിന്മ ചെയ്താൽ അതിന്റെ ദൂഷ്യ ഫലങ്ങൾ അവർക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യേണ്ടതുണ്ട്. അത് മാതാപിതാക്കളുടെ ചുമതലയാണ്. മാതാപിതാക്കളുടെ ഉപദേശ നിർദേശങ്ങൾക്ക് മക്കളുടെ വളർച്ചയിൽ കാര്യമായ സ്വാധീനമുണ്ടായിരിക്കും.

സന്താനങ്ങൾ നന്നായി തീരാൻ വേണ്ടി മാതാപിതാക്കന്മാർ സദാ അല്ലാഹുവിനോട് പ്രാർഥിച്ചു കൊണ്ടിരിക്കണം.

മാതാപിതാക്കന്മാർക്ക് നന്മചെയ്ത് ജീവിച്ച സച്ചരിതരായ പൂർവികരുടെ ജീവചരിത്രങ്ങൾ സ്വയം വായിക്കുകയും മക്കളെ പഠിപ്പിക്കുകയും ചെയ്യുക. മാതാപിതാക്കന്മാർക്ക് നന്മ ചെയ്യാനും അവരെ ധിക്കരിക്കുന്നതിൽ നിന്ന് മക്കൾ പിന്തിരിയാനുമുള്ള സഹായ ഘടകങ്ങളിൽ ചിലതാണിതെല്ലാം.

***'അല്ലാഹുവേ! ഞങ്ങളുടെ മാതാപിതാക്കന്മാർക്ക് നീ പൊറുത്തു കൊടുക്കുകയും അവരെയും ഞങ്ങളേയും നീ സ്വർഗത്തിൽ ഒരുമിച്ചു കൂട്ടുകയും ചെയ്യേണമേ' (ആമീൻ)***

ചെയ്തു. അതിന്റെ ഫലമായി ഇന്ന് ലോകത്ത് കാണുന്ന യഹൂദ ജനതയിൽ അശ്കിനാസികൾ (Ashkenazi) സെഫാർദുകൾ (Sephard) എന്നീ രണ്ട് മുഖ്യ ഗ്രൂപ്പുകളാണുള്ളത്. മതപരമായി അവർ ആചരിച്ചുവരുന്ന പ്രാർഥനാ ക്രമത്തിന്റെ (Liturgy) അടിസ്ഥാനത്തിലാണ് ഈ വിഭജനം. അഞ്ചുമുതൽ പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള മദ്ധ്യ കാലഘട്ടങ്ങളിലാണ് ഈ വിഭജനം കൂടുതൽ പ്രകടമായത്. സ്പെയിൻ ഒഴികെയുള്ള യുറോപ്പ്, അമേരിക്ക, റഷ്യ, എന്നീ രാജ്യങ്ങളിൽ വസിച്ചവരാണ് അശ്കിനാസികൾ. മദ്ധ്യകാലഘട്ടത്തിൽ ക്രൈസ്തവ യൂറോപ്പിൽ ജീവൻ നിലനിർത്താനുള്ള വെപ്രാളത്തിലായിരുന്നു അവർ. അതുമൂലം അവരിൽ കലയും സംസ്കാരവും തത്ത്വചിന്തയും തളിരിട്ടില്ല. പിന്നീട് ജർമനിയിൽ നാസികൾ വധിച്ച 60 ലക്ഷവും ഏഷ്യൻ രാജാക്കന്മാർ വധിച്ച 30 ലക്ഷവും മറ്റു കൂട്ടക്കൊലകൾക്കും പീഡനങ്ങൾക്കും ഇരയായവരിൽ ഭൂരിപക്ഷവും അശ്കിനാസി ജൂതന്മാരായിരുന്നു. സെഫാർദ് ജൂതന്മാർ സ്പെയിനിൽ മുസ്‌ലിംകൾക്കൊപ്പം വസിച്ചവരും മദ്ധ്യപൗരസ്ത്യ ദേശത്തെ യഹൂദന്മാരുമാണ്. സ്പെയിൽ അഥവാ ഹിസ്പാനോ എന്ന പേരിൽ നിന്നാണ് സെഫാർദ് എന്ന നാമം ഉദ്ഭവിച്ചത്. അശ്കിനാസികളെക്കാൾ സാംസ്കാരികമായും സാമൂഹികമായും വളരെ ഉയർന്നവരും വളരെയേറെ സ്വാതന്ത്ര്യം അനുഭവിച്ചവരുമായിരുന്നു സ്പെയിനിലെ സെഫാർദ് ജൂതന്മാർ. യൂറോപ്പിൽ സ്വാതന്ത്ര്യം അനുഭവിച്ച യഹൂദ സമൂഹവുമായിരുന്നു അവർ. സ്പെയിനിൽ മുസ്‌ലിംകൾ ഭരിക്കുമ്പോൾ പ്രഫുല്ലമായ മുസ്‌ലിം സംസ്കാരത്തോടൊപ്പം സെഫാർദുകൾ ശാസ്ത്രം, കല, സാഹിത്യം, സംഗീതം എന്നീ രംഗങ്ങളിൽ വളരെയധികം പുരോഗതി കൈവരിച്ചു. ഹിബ്രു ഭാഷയെ പരിപോഷിപ്പിക്കാനും അവസരം ലഭിച്ചു. വിശ്വസാഹിത്യത്തിലും തത്ത്വശാസ്ത്രത്തിലും സ്പെയിനിലെ ജൂതന്മാരുടെ സംഭാവനകൾ സുപ്രധാനങ്ങളായിരുന്നു. വാസ്തവത്തിൽ യൂറോപ്പിലെ യഹൂദരുടെ സാംസ്കാരിക ചരിത്രം സ്പെയിനിലെ യഹൂദരുടെ ചരിത്രമായിരുന്നു. സ്പെയിനിൽ മുസ്‌ലിം ഭരണം അവസാനിക്കുകയും ക്രിസ്ത്യാനികൾ അധികാരം കൈയേൽക്കുകയും ചെയ്തതോടെ യഹൂദരുടെ സുവർണകാലവും അസ്തമിച്ചു.(7)

മിസ്റാഹികൾ (Mizrahim) എന്നുള്ള മറ്റൊരു വംശീയവിഭാഗത്തെയും ചിലർ ഒരു ഗ്രൂപ്പായിഗണിക്കുന്നുവെങ്കിലും ഇവർ സെഫാർദുകളിൽപ്പെട്ടവരായാണ് കണക്കാക്കുന്നത്. മദ്ധ്യപൗരസ്ത്യദേശത്തും മുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളിലും ജീവിച്ച യഹൂദരെയാണ് മിസ്റാഹിം ജൂതന്മാർ എന്ന് പറയുന്നത്. ഇവരെ മഗ്‌രിബ് ദേശത്തെ (കിഴക്കൻ രാജ്യങ്ങളിലെ)യും സെഫാർദിലെയും ജൂതന്മാർ (Mizrahim to Maghrebi and Sephardic) എന്നും പറയാറുണ്ട്. ഹിബ്രു ഭാഷയിൽ മിസ്റഹിം എന്നാൽ കിഴക്ക് എന്നാണ് അർഥം. മിസ്റഹിം സെഫാർദിക്ക് പാരമ്പര്യമാണ് ആചരിച്ചിരുന്നത്.(8)

ആധുനിക കാലത്ത് എണ്ണത്തിൽ കൂടുതലുള്ള അശ്കിനാസികൾ ആയിരുന്നു ഇസ്റയേൽ രൂപീകരിക്കാൻ മുൻകൈയെടുത്തത് എന്ന് സാന്ദർഭികമായി പറയട്ടെ. പ്രത്യേകിച്ച് അമേരിക്കയിലെ ധനികരായ അശ്കിനാസികൾ. എങ്കിലും സെഫാർദുകളുടെ എബ്രായ ഭാഷയാണ് ഇസ്റയേലിന്റെ ഔദ്യോഗിക ഭാഷയായി സ്വീകരിച്ചത്. അശ്കിനാസിന്റെയിദ്ദിശ് ഭാഷക്ക് ഇസ്റായേലിൽ രണ്ടാം സ്ഥാനമാണ് ലഭിച്ചത്. അശ്കിനാസികളുടെ മേധാവിത്വമുണ്ടായിരുന്നെങ്കിലും സെഫാർദിന്റെ സാംസ്കാരികവും ധിഷണാപരവുമായ യഹൂദത്തനിമയാണ് ഇസ്റായേൽ അംഗീകരിച്ചത്. അശ്കിനാസികളും സെഫാർദും തമ്മിലുള്ള വിവേചനം ഇസ്റായേലിൽ ഇന്നും പ്രകടമാണ്. അശ്കിനാസി കേന്ദ്രീകരിച്ച് വളർന്ന സയണിസ്റ്റ് പ്രസ്ഥാനം യഹൂദരെ യൂറോപ്പിൽ നിന്നും റഷ്യയിൽ നിന്നും ഇറക്കുമതി ചെയ്ത ഇസ്റയേലിൽ അശ്കിനാസി മേധാവിത്വം ഉറപ്പിക്കാൻ എപ്പോഴും ശ്രമിക്കാറുണ്ട്.

**മദ്ധ്യകാലഘട്ടം**

***'തീർച്ചയായും പുനരുത്ഥാന നാൾവരേക്കും അവരുടെ മേൽ കഠിന മർദനങ്ങൾ ഏൽപ്പിക്കുന്നവരെ നാം എഴുന്നേൽപ്പിക്കുന്നതാണെന്ന് നിന്റെ നാഥൻ പറഞ്ഞ സന്ദർഭം സ്മരിക്കുക.' (വി.ഖുർആൻ 3:115)***

മധ്യകാലഘട്ടം മുതൽ അതായത് അഞ്ച് മുതൽ 17-ാം നൂറ്റാണ്ടുവരെ യഹൂദ മർദനത്തിന്റെ ആവൃത്തി വമ്പിച്ച തോതിൽ വർധിക്കുകയുണ്ടായി. ആന്റിസെമിറ്റിസം, പോഗ്രോം, ഇൻക്വിസിഷൻ എന്നീ പേരുകളിൽ യൂറോപ്പിൽ അരങ്ങേറിയ യഹൂദരുടെ കൂട്ടക്കശാപ്പുകൾ ചരിത്രത്തെ കിടിലം കൊള്ളിക്കുന്നതായിരുന്നു. അതിന് ശേഷം കഴിഞ്ഞ നൂറ്റാണ്ടുകളിലും അതിന്റെ ആവർത്തനമുണ്ടായി. യൂറോപ്പിലെ യഹൂദരുടെ ദൈന്യത വിവരിക്കാൻ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് 'സ്വാതന്ത്ര്യം അർധരാ ത്രിയിൽ '( Freedom at Midnight ) എന്ന കൃതി രചിച്ച ലാറി കോളിൻസ്, ഡൊമിനിക്ക് ലാപ്പിയർ എന്നിവർ ചേർന്നെഴുതിയ 'ഓ ജെറുസലേം '('O Jerusalem) എന്ന കൃതിയിൽ നിന്ന് ഉദ്ധരിക്കാം.

'ചിതറിത്തെറിക്കലിന് ശേഷം (Diaspora) അവർ വന്നുപെട്ട എല്ലാ അഭയകേന്ദ്രങ്ങളിൽ നിന്നും അനുസ്യൂതമായ പീഡനമെന്ന ശാപം അവരുടെ അഭ്യർഥനയെ ബലപ്പെടുത്തി. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കണം എന്ന സമർപ്പണത്തോടെ ഉയിർത്തെഴുന്നേറ്റ മറ്റൊരു മതത്തിൽ നിന്നാണ് യഹൂദികൾക്കെതിരെയുള്ള പീഡനം ഉയർന്നുവന്നത്. മതപരിവർത്തന സംരംഭങ്ങളുടെ തീക്ഷ്ണമായ ആവേശത്തിൽ തങ്ങളുടെ പൂർവസൂരികളായ യഹൂദരുടെ മതംമാറ്റത്തിന് ക്രിസ്ത്യാനികൾ പ്രത്യേകം ഊന്നൽ നൽകി. റോമിലെ തിയോഡോഷ്യസ് II ഇതിന് നിയമപരമായ പ്രോത്സാഹനം നൽകി. യഹൂദന്മാർ അകറ്റപ്പെട്ട

ജനതയാണെന്ന് അദ്ദേഹം വിജ്ഞാപനം പുറപ്പെടുവിക്കുകയും ഒരു ആത്മീയ വിവേചന (Spiritual Apparthied ) നിയമം നടപ്പാക്കുകയും ചെയ്തു.

ഗോളിൽ ഫ്രാൻസിലെ രാജാവ് ഡഗോബാർട്ട് അവരെ ആട്ടിയോടിച്ചു. സ്പെയിനിലെ വിസിഗോത്തുകൾ ജൂതസന്തതികളെ പിടിച്ചെടുത്തു മതപരിവർത്തനം ചെയ്യിപ്പിച്ചു. ബൈസന്റയ്നിലെ ഹിറാക്ലിയസ് ജൂതമതാരാധന നിരോധിച്ചു. കുരിശ് യുദ്ധത്തോടെ സ്പിരിചൽ അപ്പാർത്തീഡ് വ്യവസ്ഥാപിതമായ യഹൂദ വേട്ടയായി തീർന്നു. 'ദൈവം അതാഗ്രഹിക്കുന്നു' ( Deus Vault-God Wills It.) എന്ന് പറഞ്ഞ് കൂട്ടഹത്യകൾ അരങ്ങേറി. ജറുസലേം വഴിത്താരയിൽ കണ്ട അശരണരായ യഹൂദികളെ കുരിശ് യുദ്ധക്കാർ നിഷ്ക്കരുണം കൊന്നൊടുക്കി. ഇംഗ്ലണ്ടിലെ എഡ്വേർഡ് I ഉം ഫ്രാൻസിലെ ഫിലിപ്സും യഹൂദരുടെ സ്വത്ത് കണ്ടുകെട്ടി, സ്വന്തം രാജ്യത്ത് നിന്ന് പുറത്താക്കി,

മിക്കവാറും എല്ലാ ക്രിസ്തീയ രാജ്യങ്ങളും യഹൂദികൾ സ്വത്ത് വാങ്ങുന്നത് നിരോധിച്ചു. മതപരമായി സംഘടിക്കപ്പെട്ട മദ്ധ്യകാലഘട്ടത്തിലെ കൈത്തൊഴിൽ വിപണന മേഖലയിൽ ജൂതർക്ക് പ്രവേശനം നിഷേധിച്ചു. ജൂതന്മാർക്ക് തൊഴിൽ കൊടുക്കുന്നത് ക്രിസ്തുസഭ നിരോധിച്ചു. ജൂതന്മാർക്കിടയിൽ താമസിക്കാൻ ക്രിസ്ത്യാനികളെ അനുവദിച്ചില്ല. 1215 ൽ ചേർന്ന സഭാ കൗൺസിൽ യഹൂദർ അകറ്റപ്പെട്ട ജനവർഗമാണെന്ന് വിളംബരപ്പെടുത്തുകയും അവരെ തിരിച്ചറിയാൻ ഒരു ബാഡ്ജ് ധരിക്കണമെന്ന് വിധിപുറപ്പെടുവിക്കുകയും ചെയ്തു. ഇംഗ്ലണ്ടിൽ മോസസിന് ലഭിച്ച പത്ത് കൽപ്പനകൾ ഉറുക്കുകളാക്കി തിരിച്ചറിയാൻ വേണ്ടി അവരുടെ കഴുത്തിൽ കെട്ടുമായിരുന്നു. ഫ്രാൻസിലും ജർമനിയിലും അത് മഞ്ഞ നിറത്തിലുള്ള 'O'ചിഹ്നമായിരുന്നു. പ്ളേഗ് ദുർമരണങ്ങൾ എന്നിവ യഹൂദർ മൂലമാണെന്ന് ആരോപിച്ചു. തവളയുടെ കാലും ചിലന്തി വലയും ക്രിസ്ത്യാനികളുടെ കുടൽമാലയും ഉപയോഗിച്ചുണ്ടാക്കിയ ഒരു ചൂർണം ക്രിസ്ത്യാനികളുടെ കിണറുകളിൽ യഹുദികൾ കലക്കുന്നത് കൊണ്ടാണ് പ്ലേഗ് വരുന്നതെന്ന് വിശ്വസിച്ചു കൊണ്ട് ജൂത പീഡനത്തിന്റെ ഒരു തരംഗം യൂറോപ്പിൽ അലയടിച്ചു. 200 യഹൂദ സമുദായങ്ങളാണ് ഈ വിദ്വേഷാഗ്നിയിൽ ഹോമിക്കപ്പെട്ടത്. ഖലീഫമാരുടെ സ്പെയിൻ ഒഴികെ അന്ധകാരാവൃതമായ പശ്ചിമ ലോകത്ത് യഹൂദന്റെ അസ്തിത്വം അനുവദിക്കപ്പെട്ടിരുന്നില്ല. മുസ്ലിം സ്പെയിനിൽ അവർ അഭിവൃദ്ധിപ്പെട്ടു. അവർ അവിടെ നിന്നും ചിതറിതെറിച്ചില്ല. 1492 ൽ സ്പെയിനിൽ ഫെർഡിനാന്റും ഇസബെല്ലയും മുസ്ലിംകളിൽ നിന്ന് ഭരണം ഏറ്റെടുത്ത ഉടൻ തന്നെ അതാരംഭിക്കുകയും ചെയ്തു

ജർമനിയിൽ ജൂതരെ വാഹനത്തിൽ കയറ്റാൻ പാടില്ലായിരുന്നു. നഗരത്തിൽ അവർക്ക് പ്രവേശനം ലഭിക്കണമെങ്കിൽ പ്രത്യേക ചുങ്കം ചുമത്തിയിരുന്നു. പോളണ്ടിലെ കൊസാക്ക് വിപ്ലവം ഒരു ദശകം കൊണ്ട് ഒരു ലക്ഷം ജൂതരെ കൊന്നൊടുക്കി. യഹൂദ ജനതയുടെ പകുതിയിലധികം ജീവിച്ചിരുന്ന പോളണ്ടിലേക്ക് റഷ്യൻ സാറിന്റെ പടനീങ്ങിയപ്പോൾ അതൊരു ഇരുണ്ടകാലഘട്ടമായി അവർക്ക് അനുഭവപ്പെട്ടു. ഫ്രാൻസിൽ 12 മുതൽ ഇരുപത്തഞ്ച് വയസ്സു വരെയുള്ളവർ നിർബന്ധ പട്ടാള ജോലി ചെയ്യണമായിരുന്നു. ശബത്ത് മെഴുകുതിരികൾക്ക് അവിടെ നികുതി ചുമത്തി. വേശ്യകൾക്ക് നൽകിയിരുന്ന മഞ്ഞ കാർഡ് കൂടാതെ യഹൂദ സ്ത്രീകളെ വൻ നഗരങ്ങളിൽ പ്രവേശിപ്പിച്ചിരുന്നില്ല. റഷ്യയിൽ അലക്സാണ്ടർ രണ്ടാമന്റെ വധത്തിന് ശേഷം യഹൂദ സമുദായങ്ങളെ ഒന്നിന് പിറകെ ഒന്നായി ചുട്ടെരിച്ച് കൊണ്ട് പോഗ്രാം അരങ്ങേറി.(9)

പ്രഗല്ഭ ചരിത്രകാരനായ വിൽഡൂറന്റ് Study of Civilisation എന്ന പുസ്തകത്തിൽ ക്രിസ്തുസഭയുടെ യഹൂദ പീഡനത്തിന്റെ നിരവധി സംഭവങ്ങൾ വിവരിക്കുന്നുണ്ട്. അതിൽ ഒന്ന് ഇവിടെ ഉദ്ധരിക്കാം

'ചിലപ്പോൾ സെന്റ് ജോൺ കാപിസ്ട്രോനായെപോലെയുള്ള വിശുദ്ധ വിദ്വേഷ പ്രചാരകർ യഹൂദർക്കെതിരായ ദൈവശാസ്ത്ര പീഡനങ്ങളുടെ ബ്ലൂലോ (Blue Law) പുർണ ശക്തിയോടെ നടപ്പാക്കണമെന്ന് ആവശ്യപെട്ട് തങ്ങളുടെ കേൾവിക്കാരെ ഉത്സാഹ ഭരിതരാക്കുമായിരുന്നു. പോപ്പ് ഇയുജിനസ് നാലാമനും നിക്കോളമസ് അഞ്ചാമനും ഇതിനെ പിന്തുണച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണത്തിന് ഇറ്റയിൽ അൽപ്പകാല പ്രഭാവമേ ഉണ്ടായിരുന്നുള്ളു. മറ്റൊരു ഫ്രാൻസിസ്ക്കൻ സന്യാസിയിരുന്ന ഫെൽട്രിയായിലെ ബെർണാർഡിനോവിന്റെ യഹൂദർക്കെതിരെയുള്ള ആക്രമണം അതിരുക്ഷമായിരുന്നു. മിലാൻ, ഫെറോറ, വെനീസ് എന്നിവിടങ്ങളിലെ സിവിൽ നിയമ പാലകർക്ക് അദ്ദേഹത്തോട് നിശ്ശബ്ദനാവാനോ സ്ഥലം വിട്ടു പോവാനോ അഭ്യർഥിക്കേണ്ടി വന്നു. 1475 ൽ ട്രെന്റിലെ ഒരു യഹൂദന്റെ വീട്ടിനരികെ മൂന്നു വയസ്സുള്ള ഒരു ശിശു മരിച്ചു കിടക്കുന്നതായി കണ്ടു. ആ കുഞ്ഞിനെ അതിനടുത്ത് താമസിക്കുന്ന യഹൂദൻ കൊന്നതാണെന്ന് ബെർണാഡിനോ പ്രഖ്യാപിച്ചു. ട്രെന്റിലെ എല്ലാ ജൂതരെയും ബിഷപ്പ് തുറുങ്കിലടച്ചു. പെസഹാ ചടങ്ങിന്റെ ഭാഗമായി ആ കുഞ്ഞിന്റെ രക്തം യഹൂദികൾ കുടിച്ചതായി ആരോപിച്ചു. യഹൂദരെ പീഡനങ്ങൾക്ക് വിധേയരാക്കി. അവസാനം ട്രെന്റിലെ എല്ലാ യഹൂദരെയും കൊന്നൊടുക്കി. മരിച്ച കൊച്ചു സൈമന്റെ (Little Simon) മൃതശരീരം എംബാം ചെയ്ത് അതൊരു വിശുദ്ധ തിരുശേഷിപ്പായി പ്രദർശിപ്പിച്ചു. അത് ഒരു ദേവാലയത്തിൽ സ്ഥാപിച്ചു. ആയിരക്കണക്കിന് തീർത്ഥാടകർ ഈ ആരാധനാലയത്തിലേക്ക് തീർഥാടകരായെത്തി. യഹൂദർ ചെയ്തുവെന്ന്

ആരോപിക്കപ്പെടുന്ന ഈ ക്രൂര കൃത്യം ആൽപ്സ് പർവതം കടന്ന് ജർമനിയിലും പടർന്നു. അവിടെ യഹൂദ വിരോധം തീവ്രമായി. വെനീസിലെ സെനറ്റ് ഇത് ഒരു വിശുദ്ധ വ്യാജകഥയാണെന്ന് പറഞ്ഞ് അതിനെ അപലപിച്ചു. വെനീസിന്റെ പരിധിയിലുള്ള യഹൂദരെ കുട്ടക്കൊലയിൽ നിന്ന് രക്ഷിക്കാൻ തീരുമാനിച്ചു. വാർത്തയുടെ നിജസ്ഥിതി അറിയാൻ പൗഡയിൽ നിന്നും ട്രെന്റിലേക്ക് രണ്ട് അഭിഭാഷകർ വരികയുണ്ടായി. ജനക്കൂട്ടം അവരെ പിച്ചിചീന്തി കഷണങ്ങളാക്കിക്കളഞ്ഞു. സൈമനെ വിശുദ്ധനായി പ്രഖ്യാപിക്കാൻ ജനക്കൂട്ടം പോപ്പ് സിക്സനസ് നാലാമനെ (Pope Sixtus IV) നിർബന്ധിച്ചെങ്കിലും അദ്ദേഹം പ്രഖ്യാപനം നടത്തിയില്ല. പിന്നീട് 1582 ലാണ് കൊച്ചു സൈമണിനെ വിശുദ്ധനായി പ്രഖ്യാപിച്ചത്. (10)

റഷ്യയായിരുന്നു മറ്റൊരു യഹൂദ കശാപ്പു ശാല. റഷ്യയിലെ മൂന്നു രാജ്ഞിമാരായിരുന്നു അതിന് നേതൃത്വം നൽകിയത്. കാതറിൻ (1727) ആനി (1739) എലിസബെത്ത് (1742) എന്നിവർ യഹൂദരെ റഷ്യയിൽ നിന്ന് പുറത്താക്കിക്കൊണ്ടുള്ള ശാസനകൾ പുറപ്പെടുവിക്കുകയുണ്ടായി. പിന്നീട് 1772,1793,1795 എന്നീ വർഷങ്ങളിൽ റഷ്യ അവരുടെ തൊട്ടപ്പുറത്തുള്ള പോളണ്ടിനെ വിഭജിച്ചുകൊണ്ട് മൂന്നു ഘട്ടങ്ങളിലായി റഷ്യയോട് ചേർക്കുകയുണ്ടായി. അങ്ങനെ വമ്പിച്ച ഒരു യഹൂദ ജനസഞ്ചയം റഷ്യയിൽ നിന്ന് വന്നുകൂടി. പിന്നോക്ക രാജ്യമായ റഷ്യയിൽ വളരെ ദൈന്യാവസ്ഥയിലും ദാരിദ്ര്യത്തിലുമായിരുന്നു യഹൂദർ കഴിഞ്ഞു വന്നത്. അറ്റമില്ലാത്ത പീഡനങ്ങൾ അവർ മതാന്ധരായ സാറുകളുടെ റഷ്യയിൽ അനു ഭവിച്ചു. രാജ്യത്തിന്റെ പടിഞ്ഞാറെ ഭാഗത്ത് ഒരു വേലിക്കകത്ത് ഏതാനും ജില്ലകളിൽ മാത്രം യഹൂദരുടെ അധിവാസം പരിമിതപ്പെടുത്തി. പെയിൽ ഓഫ് സെറ്റിൽമെന്റ് എന്നാണ് ഇത് അറിയപ്പെടുന്നത്.(11)

കത്തോലിക്കരിൽ നിന്ന് മാത്രമല്ല പേപ്പസിയുടെ കൊള്ളരുതായ്മകൾക്കെതിരെ കലാപവുമായി ഇറങ്ങിപുറപ്പെട്ട പ്രൊട്ടസ്റ്റന്റ്മത സ്ഥാപകരായ മാർട്ടിൻ ലൂദറും കടുത്ത യഹൂദ മത വിരോധിയായിരുന്നു. 1543 ൽ ലൂഥർ പ്രസിദ്ധീകരിച്ച On the Jews and the Lies എന്ന ഗ്രന്ഥത്തിൽ ദൈവ വചനത്തിലെ സുതാര്യതയെ പ്രബോധിക്കുന്ന ലൂഥർ യഹൂദ വിരോധത്തിന്റെ പ്രൊട്ടസ്റ്റന്റ് രൂപം അവതരിപ്പിക്കുകയായിരുന്നു. യഹൂദ ആരാധനാലയങ്ങളും അധ്യാപനങ്ങളും ഇല്ലാതാക്കാൻ സിനഗോഗുകൾ ചുട്ടു ചാമ്പലാക്കാൻ മാർട്ടിൻ ലൂഥർ ആഹ്വാനം ചെയ്തു. ലൂഥറുടെ അനിയന്ത്രിതമായ യഹൂദ വെറി മൂലം ഹിറ്റ്ലറോട് അദ്ദേഹം ഉപമിക്കപ്പെടാറുണ്ട്. ലൂഥറുടെ യഹൂദ വിരുദ്ധ രചനകളുടെ ഫലമായാണ് 1918 ലെ ജർമൻ ദേശീയ വാദത്തിന്റെ പുനരുദയമുണ്ടായത് എന്നത് യാദൃച്ഛികമാണ്. (12)

ചുരുക്കത്തിൽ പതിനെട്ടാം നൂറ്റാണ്ട് വരെ യഹൂദരെ ക്രിസ്തീയ സാമ്രാജ്യത്തിൽ പൂർണ പൗരനായി അംഗീകരിച്ചില്ല. ഫ്യൂഡലിസം കൊടികുത്തി വാണിരുന്ന ആ കാലഘട്ടത്തിൽ മതപരമായ മാനദണ്ഡങ്ങളായിരുന്നു പൗരത്വത്തെ നിർണയിച്ചിരുന്നത്. യൂറോപ്പിലുടനീളം ഹനിക്കപ്പെട്ട അവകാശങ്ങളുമായി രണ്ടാംകിട പൗരത്വവും പേറി പീഡനവും അവഗണനയും ഏറ്റു വാങ്ങി യഹൂദർ ഗട്ടോകളിൽ അലഞ്ഞു തിരിഞ്ഞു (തുടരും)

REFERENCE

7. Max.dimond-jews god &historyp.252,
8. Larry Colins & Dominique Lappier-O Jerusalem. p.20, 9. Will Durant- The Study of Civilisation.P.721, 10. S. Shmir Hassan-Eemergence of Political Zionism. p.17
11. Encyclopeadia of Religion under the title of - Anti semitism p.328

## ആരും സ്വയം നല്ലവരായി ചമയേണ്ട

ചെറിയ തെറ്റുകളൊഴിച്ച് വലിയ പാപങ്ങളെയും നീചകൃത്യങ്ങളെയും വിട്ടകന്ന് നിൽക്കുന്നവരാ ണവർ . നിന്റെ നാഥൻ പൊറുത്തു കൊടുക്കുന്നതിൽ തീർച്ചയായും വിശാലതയുള്ളവനാണ് . അവൻ നിങ്ങളെ ഭൂമിയിൽ സൃഷ്ടിച്ചപ്പോഴും നിങ്ങൾ നിങ്ങളുടെ മാതാക്കളുടെ വയറ്റിൽ ഭ്രൂണങ്ങളായിരുന്നപ്പോഴും നിങ്ങളെക്കുറിച്ച് നല്ലത് പോലെ അറിവുള്ളവനാണവൻ. അതിനാൽ നിങ്ങൾ നിങ്ങളെ പരിശുദ്ധരായി ചിത്രകരിക്കേണ്ട. സൂക്ഷ്മത പാലിക്കുന്നവനെക്കുറിച്ച് അവൻ നന്നായി അറിയുന്നു. (വി. ഖുർആൻ 53:33)

# മരണത്തിന് ശേഷമുള്ള മനുഷ്യാവസ്ഥ

പരലോകജീവിതം അനിഷേധ്യമായ ഒരു യാഥാർത്ഥ്യമാണ്. മരണത്തിനു ശേഷം ആത്മാവിന് സംഭവിക്കുന്ന പരിണാമവികാസങ്ങളെപറ്റി...

മുഹമ്മദ് സഫറുല്ലാഹ് ഖാൻ

**വി**ശുദ്ധ ഖുർആൻ മരണാനന്തരജീവിതത്തിലുള്ള വിശ്വാസത്തിന് ഊന്നൽ നൽകുന്നു. മനുഷ്യൻ തന്റെ ജീവിതത്തിന്റെ അനിവാര്യമായ ഈ പരിണിതി അംഗീകരിക്കാൻ വിമുഖനാണ്. മനുഷ്യൻ പറയുന്നു: **'ജീവിതമെന്നത് ഐഹികജീവിതം മാത്രമാണ്. നാം മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. 'നാം പുനരുത്ഥാനം ചെയ്യപ്പെടുന്നവരല്ല തന്നെ'** (വിശുദ്ധ ഖുർആൻ 23:38) അവൻ എപ്പോഴും ചോദിച്ചുകൊണ്ടിരിക്കുന്നു. **'ഞാൻ മരിച്ചു കഴിഞ്ഞാൽ പിന്നെ എന്നെ ജീവനോടെ പുറത്തുകൊണ്ടുവരുമെന്നോ? ഇതിന് മുമ്പ് ഒന്നുമല്ലാത്ത അവസ്ഥയിൽ നാം അവനെ സൃഷ്ടിച്ചിരിക്കുന്നു എന്ന വസ്തുത അവൻ ഓർക്കുന്നില്ലേ?'** (വി. ഖുർആൻ 19:67, 68)

അവർ ചോദിക്കുന്നു: **'ഞങ്ങൾ അസ്ഥികളും ജീർണ്ണിച്ച തുണ്ടങ്ങളും ആയിക്കഴിഞ്ഞശേഷം വീണ്ടും ഒരു പുതിയ സൃഷ്ടിയായി എഴുന്നേൽപ്പിക്കപ്പെടുമോ? പറയുക, നിങ്ങൾ കല്ലോ ഇരുമ്പോ ആയിത്തീരുക. അല്ലെങ്കിൽ നിങ്ങളുടെ ഹൃദയങ്ങളിൽ വലുതായി തോന്നുന്ന മറ്റെന്തെങ്കിലും ഒരു സൃഷ്ടിയായിത്തീരുക. അപ്പോൾ അവർ പറയും: 'ആരാണ് ഞങ്ങളെ തിരിച്ചുകൊണ്ടുവരുന്നത്'? പറയുക, 'ഒന്നാമത്തെ പ്രാവശ്യം നിങ്ങളെ സൃഷ്ടിച്ചവൻ തന്നെ' അപ്പോൾ അവർ നിന്റെ നേരെ തങ്ങളുടെ തലയാട്ടും. അത് എപ്പോഴായിരിക്കും എന്ന് അവർ ചോദിക്കുകയും ചെയ്യും. പറയുക അത് അടുത്ത് തന്നെ സംഭവിച്ചേക്കാം.'** (വി.ഖു. 17:50–52)

മരണാനന്തര ജീവിതം എന്നത് മൃതശരീരത്തിന്റെ എല്ലുകളും പരമാണുക്കളും കൂടിച്ചേർന്ന് ശരീരം വീണ്ടും പുനഃസംഘടിപ്പിക്കുക എന്നതല്ല. മനുഷ്യന്റെ ശരീരം ഈ ഭൂമിയിലെ ജീവിതത്തിന് അനുയോജ്യമായ രീതിയിൽ മാത്രമാണ് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യശരീരത്തിന്റെ ജീർണ്ണനവും വിഘടനവും മരണാനന്തരജീവിതത്തിന്റെ സാധ്യതകൾക്ക് മുമ്പിൽ തികച്ചും അപ്രസക്തമാണ്.

മരണാനന്തരം ആത്മാവിന്റെ പുനർജന്മത്തെപറ്റിയുള്ള പ്രതിഭാസം വിശദീകരിച്ചുകൊടുക്കാൻ ഖുർആൻ, ഭൂമിയിലെ മനുഷ്യന്റെ ജനനത്തിലേക്ക് ആവർത്തിച്ച് ശ്രദ്ധക്ഷണിക്കുന്നു. **'മനുഷ്യൻ അറിഞ്ഞിട്ടില്ലേ? നാം അവനെ ഒരു രേതഃസ്കണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നുവെന്ന്. ഇപ്പോൾ അതാ അവൻ കടുത്ത താർക്കികനായി തീർന്നിരിക്കുന്നു. നമുക്ക് അവൻ ഒരു ഉപമ എടുത്തുകാണിക്കുകയും അവന്റെ സൃഷ്ടിപ്പിനെ അവൻ മറക്കുകയും ചെയ്തിരിക്കുന്നു. അസ്ഥികൾ ദ്രവിച്ചിരിക്കെ ആരാണവയെ ജീവിപ്പിക്കുക? എന്നവൻ ചോദിക്കുന്നു. പറയുക: 'ആദ്യഘട്ടത്തിൽ അവയെ സൃഷ്ടിച്ചവൻ (തന്നെയാണ് വീണ്ടും) അവയെ ജീവിപ്പിക്കുക. അവൻ എല്ലാ സൃഷ്ടികളെക്കുറിച്ചും നല്ലവണ്ണം അറിവുള്ളവനത്രെ'** (വി. ഖു. 36:78–80)

**'മനുഷ്യന് നാശം അവനെന്തൊരു കൃതഘ്നൻ! അവനെ ഏത് വസ്തുവിൽ നിന്നാണ് അവൻ (അല്ലാഹു) സൃഷ്ടിച്ചത്? ഒരു രേതസ്കണത്തിൽ നിന്നാണ് അവൻ അവനെ സൃഷ്ടിച്ചിട്ടുള്ളത്. എന്നിട്ടവൻ (അല്ലാഹു) അവന് അളവ് നിർണ്ണയിച്ചു. പിന്നെ അവൻ, അവന് മാർഗം സുഗമമാക്കിക്കൊടുത്തു. പിന്നീടവൻ അവനെ മരിപ്പിക്കുന്നു. എന്നിട്ടവൻ അവനെ ഖബറടക്കുന്നു. പിന്നീടവൻ ഇച്ഛിക്കുമ്പോൾ അവനെ ഉയിർത്തെഴുന്നേൽപ്പിക്കുന്നു.'** (80:18–23)

മനുഷ്യനെ വീണ്ടും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന സംഗതി ഉണർത്തുമ്പോഴെല്ലാം ഖുർആൻ മനുഷ്യന്റെ ഭൗമിക ജീവിതത്തിനനുസൃതമായ അവന്റെ ശരീരത്തിന്റെ സൃഷ്ടിപ്പിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മാംസം, എല്ല്, രക്തം, പേശികൾ, മസ്തിഷ്കം എന്നിവയും മനുഷ്യന്റെ എല്ലാ കഴിവുകളും അതിസങ്കീർണ്ണവും എന്നാൽ അത്ഭുതകരമായ നിലയിൽ മനുഷ്യശരീരത്തിൽ ഏകോപിപ്പിക്കപ്പെട്ടതുമാണ്. മനുഷ്യശരീരമാകുന്ന ഈ സമ്പൂർണ്ണ പ്രപഞ്ചസംഗ്രഹം ജീവത്തായ രീതിയിൽ നിസ്സാരമായ ഒരു തുള്ളി ഇന്ദ്രിയദ്രവത്തിന്റെ തുഛമായ കണികയിൽ സംക്ഷേപിച്ചിരിക്കുന്നു. സർവ്വജ്ഞാനിയായ സ്രഷ്ടാവിന്റെ അളവറ്റ അനുഗ്രഹകേദാരത്തിൽ വെച്ച് ആ ഒരു ഇന്ദ്രിയകണം ഒരു പുതിയ സൃഷ്ടിയായി ജന്മമെടുക്കുകയും പരിപക്വമായ ഒരു ധൈഷണിക മനുഷ്യനായി രൂപാന്തരപ്പെടുകയും ജീവിതത്തിന്റെ സർവ്വമണ്ഡലങ്ങളിലും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്നു. ഈ പ്രതിഭാസങ്ങളുടെയെല്ലാം കേന്ദ്രബിന്ദു ആത്മാവാണ്. ആത്മാവിന്റെ കഴിവുകൾ പ്രകടിതമാവാൻ ശരീരമെന്ന മാധ്യമം ആവശ്യമാണ്. അത് അവന്റെ ജീവിതാവസ്ഥക്കനുസരിച്ച് ക്രമീകരിക്കപ്പെടുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നു. ഒരു തലം വരെ ശരീരവും

ആത്മാവും സംയുക്തമായി സംഘടിപ്പിക്കപ്പെട്ട പരസ്പരം വേർപിരിയാത്ത ഒരു ഏകകമാണ്. ശരീരവും ആത്മാവും വേർപിരിയുമ്പോൾ ഭൂമിയിൽ മനുഷ്യജീവിതം അവസാനിക്കുന്നു. പക്ഷേ അത് ജീവിതത്തിന്റെ അവസാനമാകുന്നില്ല. മരണത്തോടെ മനുഷ്യശരീരത്തിന്റെ പ്രവർത്തനം നിലക്കുന്നു. പക്ഷേ നാം മൃതദേഹത്തോട് ആദരവും മാന്യതയും പ്രദർശിപ്പിക്കുന്നത് ആ ശരീരത്തിൽ വസിച്ചിരുന്ന ആത്മാവിനോടുള്ള ബഹുമാനസൂചകമായിട്ടാണ്, ശരീരത്തോടു മാത്രമായിട്ടുള്ളതല്ല.

മരണത്തിനുശേഷം ആത്മാവ് പുനർജനനത്തിന്റെ പ്രക്രിയയിലേക്ക് പ്രവേശിക്കുന്നു. ഈ ഘട്ടത്തിൽ ആത്മാവിന് പുതിയ ഒരാവരണം സംജാതമാവുന്നു. പിന്നീട് പുതിയ ജീവിതസാഹചര്യങ്ങൾക്കനുസൃതമായി ഒരു പുതിയ സൃഷ്ടി രൂപമെടുക്കുന്നു. അങ്ങിനെ അതിന്റെ അസ്ഥികൾ അതിൽനിന്നും ഉദ്ദീപനത്തോടെ വളരുന്നു. പക്ഷേ അവ വളരുന്നത് ആത്മീയ ശരീരത്തിൽ നിന്നുതന്നെയായിരിക്കും. *'അവൻ എല്ലാതരം സൃഷ്ടികളെക്കുറിച്ചും നന്നായറിയുന്നു'* എന്ന ഖുർആൻ വചനം ഗർഭപാത്രത്തിലെ ഭ്രൂണത്തിന്റെ ഉത്തേജിത വളർച്ചപോലെ തന്നെ മരണാനന്തരമുള്ള ജീവിതവും പുതിയ ഒരു സൃഷ്ടിയാണ് എന്നാണ് സൂചിപ്പിക്കുന്നത്.

മരണത്തോടെ ആത്മാവിന് ആസന്നമായ ഒരു പൂർണ്ണ ജീവിതം കാത്തുനില്പുണ്ട്. മരണത്തിന് ശേഷമുള്ള ആത്മാവിന്റെ അവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഖുർആൻ മാതാവിന്റെ ഗർഭപാത്രത്തിലെ ഭ്രൂണാവസ്ഥയെക്കുറിച്ച് പറയുന്നു. ഗർഭപാത്രത്തിലെ ഭ്രൂണത്തെപോലെ, മരണാനന്തരം പരലോകപരിതസ്ഥിതിക്കനുസരിച്ച് ഉചിതമായ ശക്തിവിശേഷങ്ങൾ ആത്മാവിൽ ഉടലെടുക്കുന്നു. ഇത്തരത്തിലുള്ള പ്രക്രിയയിലൂടെയാണ് ആത്മാവ് പുതിയ ഒരു ജീവിതത്തിലേക്ക് ജന്മമെടുക്കുന്നത്. അതിനെയാണ് പുനരുജ്ജീവനമെന്ന് പറയുന്നത്.

**'മനുഷ്യൻ അനിയന്ത്രിത മായി വിടപ്പെടുമെന്ന് അവൻ വിചാരിക്കുന്നുവോ? തെറിപ്പിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ അവൻ? പിന്നെ അത് ഒട്ടിപ്പിടിക്കുന്ന ഒരു രക്തപിണ്ഡമായി ത്തീർന്നു. അങ്ങനെ അവൻ അതിനെ രൂപപ്പെടുത്തി പരിപൂർണ്ണമാക്കി. എന്നിട്ട് അവൻ (അല്ലാഹു) അതിൽ നിന്ന് ആൺ, പെൺ എന്നീ രണ്ട് ഇണകളെ സൃഷ്ടിക്കുകയും ചെയ്തു. അങ്ങനെയുള്ളവൻ മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനല്ലേ?** (75:37–41)

മരണാനന്തരജീവിതം നിഷേധിക്കുന്നവർ അപ്രകാരം ചെയ്യുന്നതിന് കാരണം ഇഹലോകജീവിതത്തിൽ താൻ ചെയ്തുകൂട്ടുന്ന പ്രവർത്തനങ്ങളുടെ കണക്കെടുപ്പിന് അധികാരമുള്ള ഒരു സ്രഷ്ടാവിന്റെ സാധ്യത അംഗീകരിക്കാൻ തങ്ങളുടെ അഹങ്കാരം സമ്മതിക്കാത്തത് കൊണ്ടാണ്.

**'പരലോകജീവിതത്തെ നിഷേധിക്കുന്നവർ യാഥാർത്ഥ്യം അറിയാത്തവരാണ്. അവർ അഹങ്കാരികളത്രെ സംശയമില്ല. അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതുമെല്ലാം അല്ലാഹു അറിയുന്നു. നിശ്ചയമായും അവൻ അഹങ്കാരികളെ ഇഷ്ടപ്പെടുന്നില്ല. നിങ്ങളുടെ നാഥൻ എന്താണ് അവതരിപ്പിച്ചത് എന്നവരോട് ചോദിക്കപ്പെടുമ്പോൾ (ഇത്) പൂർവ്വികരുടെ കെട്ടുകഥകളാണ് എന്നവർ പറയും'** (വി.ഖു. 16:23–25)

ഈ ലോകജീവിതവുമായി പരലോകജീവിതം താരതമ്യം ചെയ്യുമ്പോൾ പരലോകജീവിതത്തിലെ അവസ്ഥ തികച്ചും ആത്മീയമാണ്. എങ്കിലും ആ ജീവിതാനുഭവങ്ങൾ ഇഹലോകജീവിതത്തെക്കാൾ കൂടുതൽ തീവ്രമായി ബോധാത്മകവും അനുഭവവേദ്യവും സാക്ഷാൽ ക്കരിക്കപ്പെടുന്നതുമായിരിക്കും. പരലോകജീവിതത്തിലെ യഥാർത്ഥ അനുഭവങ്ങൾ ഇപ്പോഴത്തെ സംവേദനേന്ദ്രിയങ്ങളിലൂടെ സാക്ഷാത്കരിക്കാൻ സാധ്യമല്ല.

**'തങ്ങൾ പ്രവർത്തിച്ച്കൊണ്ടിരുന്നതിന്റെ പ്രതിഫലമായി കണ്ണുകളെ കുളിർപ്പിക്കുന്ന എന്തെല്ലാം അനുഗ്രഹങ്ങളാണ് അവർക്ക് വേണ്ടി മറച്ചുവെക്കപ്പെട്ടിട്ടുള്ളതെന്ന കാര്യം ഒരാളും അറിയുന്നില്ല'** (വി.ഖു. 32:18)

ഓരോ മനുഷ്യാത്മാവും പരലോകജീവിതത്തിൽ ഗുണദോഷങ്ങൾക്കും ആസ്വാദനങ്ങൾക്കും ആധാരമായ മനുഷ്യാത്മാവിന്റെ നന്മയും തിന്മയും ഈ ലോകജീവിതത്തിലെ സ്വഭാവം മുഖേന വളർത്തിയെടുക്കുന്നു. അതായത് ആരോഗ്യമുള്ള ഒരാൾ ഇഹലോകജീവിതത്തിൽ അനുയോജ്യമാംവിധം പ്രതികരിച്ചുകൊണ്ട് സന്തോഷത്തിലും സന്തുഷ്ടിയിലും കഴിഞ്ഞുകൂടുന്നു. എന്നാൽ രോഗാതുരനായ ഒരാൾ ജീവിതാവസ്ഥകളോട് വേദനാജനകമായിട്ടായിരിക്കും പ്രതികരിക്കുക.

**'മനുഷ്യാത്മാവിനെക്കൊണ്ടും അതിനെ അന്യൂനമാക്കിയിരിക്കുന്ന വിധത്തെക്കൊണ്ടും സത്യം. എന്നിട്ടവൻ (അല്ലാഹു) അതിന് അതിന്റെ അധാർമ്മികതയും സാത്വികതയും ബോധനം ചെയ്തു. അതിനെ പരിശുദ്ധമാക്കിയവൻ തീർച്ചയായും വിജയം പ്രാപിച്ചു. അതിനെ ദുഷിപ്പിച്ചവൻ തീർച്ചയായും പരാജയപ്പെടുകയും ചെയ്തു' (91:8–11). 'യാഥാർത്ഥ്യമിതാണ്. ഏതൊരാൾ തന്റെ നാഥന്റെ അടുക്കൽ കുറ്റവാളിയായുംകൊണ്ട് ഹാജരാകുന്നുവോ തീർച്ചയായും അവന് നരകമാണ് ലഭിക്കുക. അവനതിൽ മരിക്കുകയുമില്ല ജീവിക്കുകയുമില്ല. വല്ലവരും സൽക്കർമ്മങ്ങൾ പ്രവർത്തിച്ചനിലയിൽ സത്യവിശ്വാസികളായും കൊണ്ട് അവന്റെയടുക്കൽ ചെല്ലുന്നതായാൽ അക്കൂട്ടർക്ക് തന്നെയാണ് സമുന്നതമായ പദവികൾ ലഭിക്കുക. അതായത് നിത്യവാസത്തിന്റെ ഉദ്യാനങ്ങൾ. അവയുടെ താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവരതിൽ എന്നും താമസിച്ചു കൊണ്ടിരിക്കുന്നതാണ്. പരിശുദ്ധിയാർജിച്ചവന്റെ പ്രതിഫലമത്രെ ഇത്.'** (20:75–77).

**'വല്ലവനും ഈ ലോകത്ത് അന്ധനായിരുന്നാൽ അവൻ പരലോകത്തും അന്ധനായിരിക്കും. മാത്രമല്ല കൂടുതൽ വഴിപിഴച്ചവനു**

**മായിരിക്കും.'** (17:73) **'എന്നാൽ അവർ ഭൂമിയിൽ സഞ്ചരിച്ചുനോക്കിയിട്ടില്ലേ? എങ്കിൽ അവർക്ക് ചിന്തിച്ചു മനസ്സിലാക്കുന്ന ഹൃദയങ്ങളും കേട്ടു മനസ്സിലാക്കുന്ന ചെവികളും ഉണ്ടാകുമായിരുന്നു. എന്തെന്നാൽ കണ്ണുകൾ അന്ധമാകുന്നില്ല; പക്ഷേ നെഞ്ചുകളിലുള്ള ഹൃദയങ്ങളാണ് അന്ധമാകുന്നത്'** (22:47) ഇതിനർത്ഥം വസ്തുതകൾ നിരീക്ഷിക്കുന്നതിലും അതിനെപറ്റി അഗാധമായി ചിന്തിക്കുന്നതിലും മനുഷ്യൻ പരാജയപ്പെടുമ്പോൾ ക്രമേണ ഒരാളുടെ ആത്മീയമായ അന്തർദൃഷ്ടി വിനഷ്ടമായി പോവുന്നു. അയാൾ ആത്മീയമായി അന്ധനായി മാറുന്നു. അത്തരം ആളുകളെ, താൻ ഇഹലോകജീവിതത്തിൽ അവഗണിച്ചുകൊണ്ടിരുന്ന തന്റെ അലസതക്കെതിരെ അഭിമുഖമായി കൊണ്ടുവരുമ്പോൾ അവൻ അത്ഭുതത്തോടെ പറയും. **"ഞങ്ങൾ (പ്രവാചകന്റെ സന്ദേശം) കേൾക്കുകയോ ചിന്തിച്ചു മനസ്സിലാക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ ഈ ജ്വലിക്കുന്ന തീയിൽ എരിയുന്നവരിൽ ഉൾപ്പെടുമായിരുന്നില്ല"** (67:11)

ആരാണോ ശ്രദ്ധാപൂർവ്വം വസ്തുതകളെ സംബന്ധിച്ച് നിരീക്ഷണം നടത്തുന്ന കഴിവു വികസിപ്പിച്ചെടുക്കുകയും അതിനെ സംബന്ധിച്ച് ഗാഢമായി ചിന്തിക്കുകയും ശരിയായ തീരുമാനത്തിലെത്തുകയും ചെയ്യുന്നത് അയാളുടെ ആത്മീയ അന്തർ ദൃഷ്ടി തീക്ഷ്ണമാവുകയും പരലോകജീവിതപരിതസ്ഥിതി സന്തുഷ്ടിയോടെ ആസ്വദിക്കാനുള്ള പ്രാപ്തി കൈവരികയും ചെയ്യുന്നു. അതേപ്രകാരം ആരാണോ ദൈവിക സന്മാർഗ്ഗത്തിൽ നിന്നും മുഖം തിരിക്കുകയും അതിനു നേരെ കണ്ണടക്കുകയും ചെയ്യുന്നത് അയാളുടെ ആത്മീയദൃഷ്ടി നശിച്ചുപോകുന്നു. **'ഏതൊരാൾ എന്റെ ഉൽബോധനത്തിൽ നിന്ന് മുഖം തിരിച്ചുകളയുന്നുവോ തീർച്ചയായും അവന് ഇടുങ്ങിയ ജീവിതമാണ് ഉണ്ടാവുക. നാം അവനെ പുനരുത്ഥാന നാളിൽ അന്ധനായി എഴുന്നേൽപ്പിക്കുന്നതുമാണ്. അവൻ പറയും: 'എന്റെ നാഥാ എന്തിനാണ് നീ എന്നെ അന്ധനായി എഴുന്നേൽപ്പിച്ചത്? ഞാൻ നല്ല കാഴ്ചയുള്ളവനായിരുന്നുവല്ലോ? അവൻ പറയും: 'അങ്ങനെ തന്നെ, നമ്മുടെ ദൃഷ്ടാന്തങ്ങൾ നിനക്കു വന്നു. എന്നിട്ട് നീ അത് മറന്നുകളഞ്ഞു. അതേപ്രകാരം ഇന്ന് (ദൈവികാനുഗ്രഹങ്ങൾ വിതരണം ചെയ്യപ്പെടുന്ന ദിവസം) നീയും വിസ്മരിക്കപ്പെടുന്നു'** (20-:125-127)

മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളും മനുഷ്യന്റെ ആത്മാവിൽ ഒരു മുദ്ര പതിപ്പിക്കുന്നു. അങ്ങിനെ പതിഞ്ഞ മുദ്രകളുടെ സാകല്യാവസ്ഥ വരാനിരിക്കുന്ന ജീവിതത്തിൽ പ്രവർത്തിച്ചു തുടങ്ങും. **'എല്ലാ ഓരോ മനുഷ്യന്റേയും കർമ്മഫലം നാം അവന്റെ കഴുത്തിനോട് ബന്ധിച്ചിരിക്കുന്നു. പുനരുത്ഥാനനാളിൽ ഒരു പുസ്തകം അവനുവേണ്ടി നാം പുറത്ത് കൊണ്ടുവരുകയും ചെയ്യും. അത് തുറന്നുവെക്കപ്പെട്ടതായി അവൻ കാണുന്നതാണ്. നിന്റെ പുസ്തകം വായിക്കുക. ഇന്ന് നിനക്കെതിരായി കണക്ക് ബോധിപ്പിക്കുന്നവൻ എന്ന നിലയിൽ നിന്റെ ആത്മാവ് തന്നെ മതി. വല്ലവനും നേർമാർഗ്ഗം പ്രാപിക്കുന്നുവെങ്കിൽ അവന്റെ ആത്മാവിന്റെ ഗുണത്തിന് വേണ്ടി തന്നെയാണ് അവൻ നേർമാർഗ്ഗം പ്രാപിക്കുന്നത്. ഇനി വല്ലവനും വഴിപിഴച്ചുപോകുന്നുവെങ്കിൽ അതിന്റെ ദോഷവും അതിനു തന്നെയാണ്. ഒരു ഭാരം ചുമക്കുന്ന ആത്മാവും മറ്റൊന്നിന്റെ ഭാരം ചുമക്കുന്നില്ല.** (17:14-16)

ആ ശിക്ഷ അവരെ അഭിമുഖീകരിക്കുമ്പോൾ **'അവരുടെ കാതുകളും അവരുടെ കണ്ണുകളും അവരുടെ ചർമ്മങ്ങളും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ചെയ്തികളെ സംബന്ധിച്ച് അവർക്കെതിരെ സാക്ഷി പറയുന്നതാണ്. അവർ തങ്ങളുടെ ചർമ്മങ്ങളോട് ചോദിക്കും: 'നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരിൽ സാക്ഷി പറഞ്ഞത്? ആ ചർമ്മങ്ങൾ പറയും: 'സർവ്വ വസ്തുക്കളേയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളേയും സംസാരിപ്പിക്കുന്നു. അവനാണ് ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത്. അവനിലേക്ക് തന്നെ നിങ്ങൾ തിരിച്ചുകൊണ്ടുപോകപ്പെടുന്നതുമാണ്. (നിങ്ങൾ പാപം ചെയ്യുമ്പോൾ) നിങ്ങളുടെ കാതുകളോ കണ്ണുകളോ ചർമ്മങ്ങളോ നിങ്ങൾക്കെതിരെ സാക്ഷി പറയാതിരിക്കാൻ നിങ്ങൾ (അവയിൽ നിന്നും) സ്വയം മറഞ്ഞു നിൽക്കുന്നവരായിരുന്നില്ല. പക്ഷേ നിങ്ങൾ പ്രവർത്തിക്കുന്നതിൽ പലതും അല്ലാഹു അറിയുന്നില്ലെന്ന് നിങ്ങൾ ധരിച്ചു. നിങ്ങളുടെ നാഥനെ സംബന്ധിച്ച് നിങ്ങൾ ധരിച്ച ധാരണയാണത്. അത് നിങ്ങളെ നശിപ്പിച്ചു. തന്നിമിത്തം നിങ്ങൾ നഷ്ടപ്പെട്ടവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവരായിത്തീർന്നു'** (41:21-24)

ദൈവം തന്നെ സദാസമയവും കാണുന്നു എന്ന പൂർണ്ണബോധ്യത്തോടെ ജീവിച്ച ഒരാൾ പൂർണ്ണമായ ആത്മീയ ആരോഗ്യത്തോടെ മരണാനന്തര ജീവിതത്തിലേക്ക് പ്രവേശിക്കുന്നതായിരിക്കും. അവരുടെ സർവ്വവിധ പരലോകജീവിതപ്രതികരണവും സന്തോഷകരമായിരിക്കും.

**'തങ്ങളുടെ നാഥനെ ഭയപ്പെട്ടവർ കൂട്ടംകൂട്ടമായി സ്വർഗ്ഗത്തിലേക്ക് നയിക്കപ്പെടും. അങ്ങിനെ അവർ അവിടെ എത്തുകയും അതിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യും. അവരോട് അതിന്റെ കാവൽക്കാർ പറയും: "നിങ്ങൾക്ക് സമാധാനം. നിങ്ങൾ സന്തുഷ്ടരാവുക. നിത്യവാസികളായി വസിക്കുമെന്ന നിശ്ചയത്തോടെ നിങ്ങളതിൽ പ്രവേശിച്ചുകൊള്ളുക. അവർ പറയും: 'തന്റെ വാഗ്ദാനം സാക്ഷാത്കരിച്ച് തരികയും ഈ സ്ഥലം തങ്ങൾക്ക് അവകാശമായി നൽകുകയും ചെയ്ത അല്ലാഹുവിന് സർവ്വസ്തുതിയും. സ്വർഗ്ഗത്തിൽ ഞങ്ങൾ ഉദ്ദേശിക്കുന്ന ഏത് സ്ഥലവും തങ്ങൾക്ക് വാസസ്ഥലമാക്കാം. അപ്പോൾ, സൽ ക്കർമ്മങ്ങളനുഷ്ഠിച്ചവരുടെ പ്രതിഫലം എത്ര ഉൽകൃഷ്ടം.'** (39:74, 75)

# പ്രാർഥനയുടെ തത്വശാസ്ത്രം

പ്രാർഥനയും അതിന്റെ സഫലതയും അദ്ഭുതകരമായ യാഥാർത്ഥ്യമാണ്. പ്രവാചകന്മാർ വരുത്തിയ എല്ലാ പരിവർത്തനങ്ങളുടെയും ചാലകശക്തി പ്രാർഥനയാണ്. പ്രാർഥനയുടെ അദ്ഭുതശക്തിയെ പറ്റി വാഗ്ദത്ത മസീഹ് (അ) നൽകിയ പാഠങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്.

നസീർ അഹ്മദ്

***"എന്റെ ദാസന്മാർ എന്നെക്കുറിച്ച് നിന്നോട് ചോദിക്കുമ്പോൾ (പറയുക:) ഞാൻ സമീപസ്ഥനാണ്. പ്രാർഥിക്കുന്നവൻ എന്നോട് പ്രാർഥിക്കുമ്പോൾ ഞാൻ അവന് ഉത്തരം നൽകുന്നു. അതിനാൽ അവർ എന്റെ വിളിക്കുത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പിന്തുടരാൻ വേണ്ടി" (വിശുദ്ധ ഖുർആൻ 2:187).***

ഏതൊരു മതത്തിന്റെയും ആത്മീയഘടനയ്ക്ക് താങ്ങായി നിൽക്കുന്ന അതുല്യവും സുപ്രധാനവുമായ ഘടകമാണ് പ്രാർഥന. നമ്മുടെ ആത്മീയവും ഭൗതികവുമായ ആവശ്യപൂർത്തീകരണത്തിനായി ദൈവത്തോട് പ്രാർഥിക്കാൻ വിശുദ്ധ ഖുർആൻ നമ്മെ നിരന്തരം അനുശാസിക്കുന്നു.

ദൈവത്തോട് നാം പ്രാർഥിക്കണമെന്നു മാത്രമല്ല അവൻ കൽപ്പിക്കുന്നത്. പ്രാർഥനയുടെ സ്വീകാര്യത എന്ന വിഷയം പ്രാർഥനയുടെ തത്ത്വശാസ്ത്രത്തിന്റെ തന്നെ വ്യാപകമായ ഒരു ശാഖയാണെന്നു ഹദ്റത്ത് അഹ്മദ് (അ) പ്രസ്താവിച്ചു. പ്രാർഥനയുടെ തത്ത്വശാസ്ത്രം ഗ്രഹിച്ചിട്ടില്ലാത്ത ഒരു വ്യക്തിയ്ക്ക് പ്രാർഥനകൾ സ്വീകരിക്കപ്പെടുന്നതിന്റെ പൊരുൾ മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. ഇക്കാര്യം സുഗ്രാഹ്യമാക്കാൻ ആ മഹാത്മാവ് ദൈനദിന ജീവിതത്തിൽ നിന്ന് ഉദാഹരണങ്ങൾ എടുത്തുകാണിക്കുകയുണ്ടായി.

*"ദൈവം തന്റെ ദാസരെ മിത്രങ്ങളുടെ പദവിയിലേക്കുയർത്തുകയും അവരുമായി രണ്ടുവിധത്തിലുള്ള ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ സുഹൃത്തുക്കളോടെന്നപോലെ ദൈവം അവരുടെ അപേക്ഷകളെ സ്വീകരിക്കുന്നു. ചിലപ്പോൾ തന്റെ മിത്രങ്ങൾ തന്റെ തീരുമാനത്തെ സ്വീകരിക്കട്ടെയെന്ന് ആഗ്രഹിക്കുന്നു. എന്നാൽ, ഈ രണ്ടവസ്ഥയിലും യഥാർത്ഥ സുഹൃത്തുക്കളോടെന്നപോലെ ദൈവം തന്റെ സ്നേഹിതന്മാരുടെ ഉത്തമതാൽപര്യങ്ങൾക്കനുസരിച്ചു തന്നെ വർത്തിക്കുന്നു" (ഹഖീഖത്തുൽ വഹ്‌യ്, പേജ് 21).*

ഇക്കാര്യം ആ മഹാത്മാവ് മറ്റൊരു ഉദാഹരണത്തിലൂടെ കൂടുതൽ വ്യക്തമാക്കുന്നതു ഇപ്രകാരമാണ്: *"ലോകത്തിലെ ഒരൗഷധത്തിനും മനുഷ്യനെ മരണത്തിൽനിന്നു രക്ഷിക്കാൻ സാദ്ധ്യമല്ലെന്ന കാര്യം നമുക്കറിയാം. എന്നിരിക്കിലും ശാരീരികമായ അസുഖങ്ങൾ ഭേദപ്പെടുത്താൻ ഔഷധങ്ങളിൽ നിക്ഷിപ്തമായ ഗുണങ്ങളെ നിഷേധിക്കാൻ ആരും തയ്യാറാവുകയില്ല. നിർദ്ദിഷ്ടമായ ഒരൗഷധം ചിലപ്പോൾ പ്രതീക്ഷിക്കുന്ന ഫലമുളവാക്കിയില്ലെന്നുവരാം. അതുകൊണ്ട് മാത്രം ആ ഔഷധത്തിൽ രോഗശമനത്തിനുള്ള ഗുണങ്ങൾ നിക്ഷിപ്തമല്ലെന്നു പറയുന്നത് ബുദ്ധിപൂർവമാവുമോ? തീർച്ചയായും ഇല്ല. ചിലപ്പോൾ നാം നൽകുന്ന മരുന്നിന്റെ അളവ് ശരിയായിക്കൊള്ളണമെന്നില്ല. ചിലപ്പോൾ മരുന്നു കഴിക്കേണ്ട സമയനിർണ്ണയം തെറ്റിപ്പോകാനിടയുണ്ട്. മറ്റു ചിലപ്പോൾ ശമനഗുണം നഷ്ടപ്പെടുമാറ് ഔഷധത്തിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടാവും. അതിനാൽ ഔഷധത്തിന്റെ ഗുണത്തെ മാത്രം കണക്കിലെടുക്കാതെ മറ്റു ഘടകങ്ങളെക്കുറിച്ചും പര്യാലോചിക്കേണ്ടതുണ്ട്."*

പ്രാർഥനയുടെ കാര്യവും ഇതുതന്നെയാണ്. ചിലപ്പോൾ പ്രാർഥനയിൽ കൂടുതൽ വികാരതീവ്രത ആവശ്യമായിരിക്കും. ചിലപ്പോൾ ശരിയായ കാര്യസാദ്ധ്യത്തിന് വേണ്ടിയായിരിക്കില്ല നാം പ്രാർഥിക്കുന്നത്. മറ്റു ചില അവസരങ്ങളിൽ പ്രാർഥന സ്വീകരിക്കപ്പെടുന്നതിനുള്ള സാഹചര്യങ്ങൾ അനുയോജ്യമായിരിക്കില്ല. അല്ലാഹു ഭൗതികവും ആത്മീയവുമായ വ്യവസ്ഥിതികളെ ഒരേ കാര്യകാരണശൃംഖലയിൽ ബന്ധിച്ചിരിക്കയാണ്. അതിലൊന്നിനെ അംഗീകരിക്കുകയും മറ്റേതിനെ നിഷേധിക്കുകയും ചെയ്യുന്നത് പരമാബദ്ധമായിരിക്കും.

പ്രവാചകന്മാരും പുണ്യവാളന്മാരും വരെ തങ്ങളുടെ പ്രാർഥനകളെ സംബന്ധിച്ച് ഗുണദോഷിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, നൂഹ് നബി(അ) തന്റെ മകനെ സംബന്ധിച്ച് അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിച്ചതായി വിശുദ്ധ ഖുർആനിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

*'എന്റെ നാഥാ, സത്യമായും എന്റെ മകൻ എന്റെ കുടുംബത്തിൽപ്പെട്ടവനാണ്. തീർച്ചയായും*

*നിന്റെ വാഗ്ദാനം സത്യമാണ്. നീ നീതിമാന്മാരിൽ ഏറ്റവും നീതിമാനല്ലോ!'*

*അല്ലാഹു മറുപടി പറഞ്ഞു: 'അല്ലയോ നൂഹേ, അവൻ (നിന്റെ മകൻ) തീർച്ചയായും നിന്റെ കുടുംബത്തിൽപ്പെട്ടവനല്ല. അവൻ യഥാർത്ഥത്തിൽ ദു:സ്വഭാവിയായ ഒരു മനുഷ്യനാണ്. അതിനാൽ നിനക്കറിവില്ലാത്ത കാര്യത്തെക്കുറിച്ച് പറയരുത്. നീ അജ്ഞന്മാരിൽ പെട്ടുപോകാതിരിക്കാൻ നാം നിന്നെ ഉപദേശിക്കുന്നു'* (11:46, 47).

ചില സന്ദർഭങ്ങളിൽ, ദുആ ചെയ്യുന്നത് അനാദരമായി പ്രവാചകന്മാരും പുണ്യവാളന്മാരും കരുതിയിട്ടുണ്ട്. ആപൽഘട്ടങ്ങളിൽ അവരുടെ ഹൃദയം പ്രാർഥിക്കണമെന്നഭിലഷിച്ചാൽ അവർ പ്രാർഥിച്ചിരുന്നു. ക്ഷമയും സ്ഥിരചിത്തതയും കൈക്കൊള്ളണമെന്നാണ് അവരുടെ ഉൾപ്രേരണയെങ്കിൽ അവർ സ്ഥിരചിത്തരായി നിലകൊണ്ടു. അപ്പോൾ അവർ പ്രാർഥിച്ചതുമില്ല.

അതിനാൽ, നാം നമ്മുടെ ദുആകളിലും ഇതു ശ്രദ്ധിക്കേണ്ടതായുണ്ട്. തങ്ങൾക്ക് നന്മയോ തിന്മയോ വരുത്തുകയെന്നതിനെ സംബന്ധിച്ച് അറിവില്ലാതെ ജനങ്ങൾ ഓരോ കാര്യങ്ങൾക്കുവേണ്ടി ദുആ ചെയ്തതായി വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

വ്യക്തിപരമായ ഉദ്ദേശ്യസാഫല്യത്തിനായി പ്രാർഥനയെ ഒരു മാർഗ്ഗമായവലംബിക്കരുതെന്ന ചിലരുടെ വീക്ഷണത്തെ ഹദ്റത്ത് അഹ്മദ് (അ) ശക്തിയായി ഖണ്ഡിക്കുന്നു. ആ മഹാത്മാവ് ചോദിക്കുന്നു. *"ഔഷധം മരണത്തിന്റെ വാതിൽ കൊട്ടിയടച്ചു കളഞ്ഞിട്ടുണ്ടോ? ഔഷധം നിഷ്ഫലമായിത്തീരുക അസാദ്ധ്യമാണോ? എന്നാൽ ഔഷധത്തിന്നു അതിന്റേതായ ശക്തികളും പ്രത്യേകഗുണങ്ങളും ഉണ്ടെന്നതിനെ നിഷേധിക്കുന്നവരായി ആരെങ്കിലുമുണ്ടോ? എല്ലാ വസ്തുക്കൾക്കും അതാതിന്റെ നിയമങ്ങളും അളവുകളും ഉണ്ടെന്നതു നേരുതന്നെ. അതുകൊണ്ട്, ശാസ്ത്രം അനാവശ്യമായിത്തീരുകയോ അപ്രധാനമാവുകയോ ചെയ്യുന്നില്ല. അതുകൊണ്ടുമാത്രം മാർഗ്ഗങ്ങളും ക്രമങ്ങളും ആശ്രയിക്കേണ്ടതില്ലെന്നും വരുന്നില്ല. ഒരു ഭാഗത്ത്, ഭൗതികമായ ഉപാധികളും മറുഭാഗത്ത് ആത്മീയമായ ഉപാധികളും സ്വാഭാവികമായ അളവുകളോടും നിർണ്ണയങ്ങളോടും കൂടിയതാണെന്നു ആഴത്തിൽ ചിന്തിച്ചാൽ നമുക്ക് മനസ്സിലാക്കാം." (ബറക്കാത്തുദ്ദുആ-പേജ് 11)*

പ്രാർഥനയെ സംബന്ധിച്ച യാഥാർത്ഥ്യവും ഇതുതന്നെയാണ്. ഭൗതികവും ആത്മീയവുമായ വ്യവസ്ഥിതികൾ ഒരേ തത്ത്വത്തിലധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നതെന്ന് സൂക്ഷ്മമായ പരിചിന്തനം മുഖേന അറിയാൻ സാധിക്കും. ചരിത്രത്തിലുണ്ടായ മഹാത്ഭുതങ്ങൾ യഥാർത്ഥത്തിൽ പ്രാർഥനയുടെ സ്വീകാര്യത്തിന്റെ ഫലമായാണുണ്ടായതെന്നതിന് അനേകം ഉദാഹരണങ്ങൾ വിശുദ്ധ ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. ഈ ലോകത്തിൽ ആഗതരായ ഒരു ലക്ഷത്തിൽപരം പ്രവാചകന്മാരുടെയും ലക്ഷക്കണക്കിനുള്ള പുണ്യവാളന്മാരുടെയും കരങ്ങളിൽ പ്രാർത്ഥനയാകുന്ന ആയുധമല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ലെന്നത് പ്രാർഥനയുടെ ശക്തിക്ക് തെളിവാണ്.

ഇസ്ലാമിന്റെ വളർച്ചയെയും വിജയത്തെയും സംബന്ധിച്ച് നിസ്തുല്യമായ ഒരു സമീപനമാണ് ഹദ്റത്ത് അഹ്മദ് (അ) കൈക്കൊണ്ടത്.

ആ മഹാത്മാവ് പ്രഖ്യാപിച്ചു:

*"അറേബ്യൻ മണലാരണ്യങ്ങളിൽ സംഭവിച്ച ദിവ്യാത്ഭുതത്തെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? മൃതരായ ലക്ഷക്കണക്കിനാളുകൾ ദിവസങ്ങൾക്കകം പുനരുജ്ജീവിച്ചു. തലമുറ തലമുറകളായി ദുഷിച്ചുപോയ ഒരു ജനത ദൈവിക ഗുണങ്ങളുടെ ദർപ്പണങ്ങളായി മാറി. അന്ധർക്ക് കാഴ്ച ലഭിച്ചു. മൂകരായവർ ദൈവികമായ ഉൾക്കാഴ്ചയോടെ സംസാരിച്ചു. മുമ്പൊരിക്കലും ഒരു കാതും കേട്ടിട്ടില്ലാത്ത, ഒരു കണ്ണും കണ്ടിട്ടില്ലാത്ത, മഹത്തായ പരിവർത്തനം ലോകത്തു സംഭവിച്ചു. അതെങ്ങനെയായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? അല്ലാഹുവിൽ പൂർണ്ണമായും ലയിച്ച ഒരു പുണ്യപുരുഷൻ രാത്രിയുടെ അന്ത്യയാമങ്ങളിൽചെയ്ത ഗദ്ഗദപൂർണ്ണമായ പ്രാർഥനകൾ സ്വീകരിക്കപ്പെട്ടതിന്റെ ഫലമായിരുന്നു അതെല്ലാം. സ്വർഗത്തിൽ അലയടികൾ സൃഷ്ടിച്ച പ്രാർഥനകൾ ഈ നിരക്ഷരനായ ഏക വ്യക്തിയോടല്ലാതെ മറ്റാരുമായും ബന്ധപ്പെടുത്തിക്കൂടാത്തതാണ്. പരിവർത്തനങ്ങൾ ഉണ്ടാക്കിയത് പ്രാർഥനകൾ മാത്രമാണ്! ഈ മാറ്റം എല്ലാവരും ഒരുപോലെ അസാദ്ധ്യമായിക്കരുതിയിരുന്നു" (ബറക്കാത്തുദ്ദുആ, പേജ് 10)*

എല്ലാം മുൻകൂട്ടി വിധിക്കപ്പെട്ടതിനാൽ പ്രാർഥനയുടെ ആവശ്യമില്ലെന്ന വാദക്കാർക്ക് മറുപടിയായി ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു: *"ഉന്നതമായ ആത്മീയപദവികൾ കൈവരിക്കുകയും ദർശനങ്ങൾ ഉണ്ടാകുകയും ചെയ്യുന്നവർക്കറിയാം ചില പുണ്യവാളന്മാരുടെ പ്രാർഥനകളിൽ രൂപപ്പെടുത്തലിന്റെ ശക്തി സൃഷ്ടിക്കപ്പെടുമെന്ന്. അതായത്, ദൈവകൽപ്പനപ്രകാരം പ്രാർഥന രണ്ടു ലോകങ്ങളിലും നിയന്ത്രണം കൈവരിക്കുന്നു; ഭൗതികലോകത്തും ആത്മീയലോകത്തും."*

പ്രാർഥനയ്ക്ക് എല്ലാറ്റിനേയും ചലിപ്പിക്കാനുള്ള ശക്തിയുണ്ട്. സൂക്ഷ്മമായ കണങ്ങൾ മുതൽ ഭീമമായ ആകാശഗോളങ്ങൾവരെയും അഭിലഷിക്കുന്ന ദിശയിലേക്ക് ചലിപ്പിക്കാൻ പ്രാർഥനയ്ക്ക് കഴിയും.

അവസാനമായി പ്രാർഥനകൾ സ്വീകരിക്കപ്പെടുന്ന പ്രക്രിയയിലേക്ക് ഒരു ഉൾക്കാഴ്ച നൽകാൻ ശ്രമിക്കാം. പ്രാർഥിക്കുന്ന ആളും അല്ലാഹുവും തമ്മിൽ ഒരു ആകർഷണം സൃഷ്ടിക്കപ്പെടുന്നു എന്നതാണ് പ്രാർഥനയുടെ കഴമ്പ്. ആശയവിനിമയത്തിന്റെ ഒരു മാധ്യമം പ്രാർഥന മുഖേന സ്ഥാപിക്കപ്പെടുന്നു. ഇതെങ്ങനെയാണ് സംഭവിക്കുന്നതെന്ന് ഹദ്റത്ത് അഹ്മദ് (അ) വിവരിച്ചിട്ടു

ണ്ട്.

*“ആദ്യമായി അല്ലാഹുവിന്റെ കാരുണ്യം (റഹ്മാനിയ്യത്ത്) എന്ന ഒന്നാമത്തെ ഗുണം, ആരുടേയും പ്രാർഥനയുടെ ഫലമായല്ലാതെ ലഭിച്ചിട്ടുള്ള വസ്തുക്കൾ (വായു, സൂര്യൻ, ജലം മുതലായവ) കൃതജ്ഞതാപൂർവ്വം സ്വയം അർപ്പിക്കുന്ന ദാസനെ ആകർഷിക്കുന്നു. ഈ സമർപ്പണത്തിന്റെ ആത്മാർത്ഥത ഒരു കാന്തം പോലെ പ്രവർത്തിച്ച് അവനെ ദൈവവുമായി കൂടുതൽ അടുപ്പിക്കുന്നു. പ്രാർഥനക്കിടയിൽ ഈ ഘട്ടത്തിലെത്തിക്കഴിഞ്ഞാൽ പ്രാർഥന അതിന്റെ അദ്ഭുതകരമായ ഗുണങ്ങൾ അതുല്യമായ മാർഗത്തിൽ പ്രകടമാക്കുന്നു. ഒരുമനുഷ്യന് വ്യക്തിപരമായ അനേകം ദുരിതങ്ങൾ ബാധിക്കുമ്പോൾ, അയാൾ എല്ലാവിധ അഹംഭാവവും കൈവെടിഞ്ഞ് ദൈവം തന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിവുള്ളവനാണ് എന്ന ദൃഢവിശ്വാസത്തിൽ, തികഞ്ഞ കൂറോടും പൂർണ്ണമായ പ്രത്യാശയോടും കറകളഞ്ഞ സ്നേഹവായ്പോടും അല്ലാഹുവിലേക്ക് ചായുന്നു. ദൈവത്തിന്റെ നീതിപീഠം അവൻ തന്റെ മുന്നിൽ ദർശിക്കുന്നു. അല്ലാഹുവിനു യാതൊരു പങ്കുകാരനുമില്ലെന്ന് അവൻ മനസ്സിലാക്കുന്നു. അപ്പോൾ അവന്റെ ആത്മാവ് ആ ശക്തിയുടെ പടിവാതിലിൽ സാഷ്ടാംഗപ്രണാമം ചെയ്യുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ തന്നിലേക്കാർഷിക്കുകയും ചെയ്യുന്നു.*

ആ ഘട്ടത്തിൽ മഹത്വവാനായ ദൈവം ആ വ്യക്തിയുടെ പ്രാർഥനയുടെ ഉദ്ദേശ്യത്തെ സഫലമാക്കുന്നു. അങ്ങനെ ആ പ്രാർത്ഥനയിലടങ്ങിയ അപേക്ഷ അനുവദിക്കുവാനാവശ്യമായ മാർഗങ്ങൾ രൂപംകൊള്ളാൻ ആരംഭിക്കുന്നു.

ഉദാഹരണമായി മഴയ്ക്ക് വേണ്ടി പ്രാർഥിക്കുമ്പോൾ അത് സ്വീകരിക്കപ്പെട്ടാൽ പ്രാർഥനയുടെ ഫലമായി മഴക്കാവശ്യമായ പ്രകൃതിപരമായ സംവിധാനങ്ങൾ ഒരുക്കപ്പെടുന്നു.” (ബറക്കാത്തുദ്ദുആ, ഭാഗം. 9)

## തിരുത്ത്

2014 സെപ്റ്റംബർ ലക്കത്തിൽ ജനാബ് എ. അബ്ദുൾ വഹാബ് സാഹിബിന്റെ അനുസ്മരണത്തിൽ പരേതന്റെ പേര് ‘അബ്ദുൾ വാഹിദ്’എന്നാണ് അച്ചടിച്ചു വന്നത്. അത് **എ. അബ്ദുൽ വഹാബ് സാഹിബ്** എന്ന് തിരുത്തി വായിക്കാനപേക്ഷ. സംസ്ഥാന പ്ലാനിങ്ങ് ബോർഡിൽ നിന്ന് സീനിയർ ജോയിന്റ് ഡയറക്ടറായാണ് അദ്ദേഹം റിട്ടയർ ചെയ്തത്. സംസ്ഥാന പ്ലാനിങ്ങ് ബോർഡ് ഡയക്ടർ ബോർഡ് അംഗം എന്ന് എഴുതിയതും ശരിയല്ല. മക്കൾ വഹീദാ, മുനീർ അഹ്മദ് എന്നിവരാണ്. റഷീദ് എന്ന മകനില്ല. അദ്ദേഹത്തിന്റെ ഫോട്ടോയും തെറ്റായിട്ടാണ് കൊടുത്തിരുന്നത്.

2014 ആഗസ്ത് ലക്കത്തിലെ **കുനിമൽ അസ്മാബി സാഹിബ** യുടെ അനുസ്മരണത്തിൽ പിതാ വിന്റെ പേര് കൊച്ചിപ്പള്ളി അബൂ സാഹിബ് എന്നും മക്കളുടെ പേര് മുഹമ്മദ് റഫീഖ്, മുഹമ്മദ് ശരീഫ് എന്നും തിരുത്തി വായിക്കുക. തെറ്റ് സംഭവിച്ചതിൽ ഖേദിക്കുന്നു.- പരേതർക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹി ക്കട്ടെ.

*-എഡിറ്റർ*

## പ്രത്യേക അറിയിപ്പ്

ജമാഅത്തിൽ മരണപ്പെടുന്നവരുടെ അനുസ്മരണക്കുറിപ്പ്. മരിച്ചയാളുടെ അടുത്ത ബന്ധുക്കൾ ജമാഅത്ത് അമീർ/സദർ സാഹിബിന്റെ സാക്ഷ്യത്തോടെ അറിയിക്കേണ്ടതാണ്. അക്ഷരത്തെറ്റു കൂടാതെ കഴിയുന്ന തും ഡി റ്റി പ്പി ചെയ്ത് എഡിറ്ററുടെ ഇ മെയിൽ വിലാസത്തിലും ഒരു പ്രിന്റ് കോപ്പി മേൽപ്പറഞ്ഞ സാക്ഷ്യത്തോടെ പോസ്റ്റലായും അയച്ച് തരണം. പരേതനെ/ പരേതയെ സംബന്ധിച്ച് വളരെ ഹ്രസ്വമായ വിവരണമാണ് സത്യദൂതൻ നൽ കുക. അത് കൊണ്ട് വസ്തുനിഷ്ഠവും കാര്യമാത്ര പ്രസക്തവുമായ ലഘു വിവരണം മാത്രം നൽകുക. ഫോണിലൂടെ അനുസ്മരണക്കുറിപ്പ് പറയുന്നത് ഒഴിവാക്കണം. പുരുഷന്മാരുടെ നല്ല റിസലൂഷനുള്ള കളർ ഫോട്ടോ കുറിപ്പിനോടൊപ്പം തന്നെ അയക്കണം. ഇ മെയിൽ/പോസ്റ്റലിൽ അയക്കുന്ന മാറ്റർ ലഭ്യമായോയെന്ന് ഫോണിലൂടെ വിളിച്ച് ഉറപ്പ് വരുത്തണം.

മറ്റു പരിപാടികളുടെ ഫോട്ടോകൾ പരിചയ സമ്പന്നരായ ആളുകളോ പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരെക്കൊണ്ടോ പ്രസ്സ് ഫോട്ടോയുടെ നിലവാരത്തിലും ശരിയായ ആംഗിളിലും എടുത്ത് പ്രസിദ്ധീകരണ യോഗ്യമായ രീതിയിൽ അയച്ചു തരേണ്ടതാണ്.

ഫോട്ടോകളും മാറ്ററുകളും salimqld@gmail.com എന്ന മെയിലിൽ അയക്കുവാൻ ശ്രദ്ധി ക്കുക

***എഡിറ്റർ, സത്യദൂതൻ***

www.alislam.org



2014 ഓഗസ്റ്റ് 29, 30, 31 തീയതികളിൽ ലണ്ടനിൽ നടന്ന 48-ാമത് ആഗോള അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ കേന്ദ്ര നായിബ് വക്കീലുൽ മാൽ തഹ്‌രീക്ക് ജദീദ് ആയി സേവനമനുഷ്ഠിച്ചു വരുന്ന മൗലവി എസ്. എം. ബശീറുദ്ദീൻ സാഹിബ് ഇന്ത്യയിൽ നിന്ന് കേന്ദ്ര പ്രതിനിധിയായി പങ്കെടുക്കുകയുണ്ടായി. യു.കെ യിലെ ഓക്സ്ഫോർഡ്, മാഞ്ചസ്റ്റർ, ബർമിങ്ങ്ഹാം, സ്കോട്ട്ലന്റ്, ബ്രഡ്ഫോർഡ്, അഡ്ൽസ് ഫീൽഡ് എന്നീ ജമാഅത്തുകൾ അദ്ദേഹം സന്ദർശിച്ചു. മുആവിൻ സദർ, മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് ആയും കേന്ദ്ര ഖാളിയായും സേവനമനുഷ്ഠിച്ചു വരുന്ന മൗലവി ബശീറുദ്ദീൻ സാഹിബ് പാലക്കാട് ജമാഅത്തിലെ എസ്. കെ. മുഹമ്മദ് സാഹി ബിന്റെയും മഹ്മൂദാ സാഹിബായുടെയും പുത്രനാണ്.




2014 ആഗസ്റ്റ് 11-ാം തിയതി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കണ്ണൂർ ജില്ലാ നടത്തിയ ഈദ് മിലൻ പരിപാടിയിൽ ജില്ലാ അമീർ യു. മൻസൂർ അഹ്മദ് സാഹിബ് പ്രസംഗിക്കുന്നു



**ഹൈദ്രോസുകുട്ടി സാഹിബ്**

2014 മെയ് 21 ന് തിരൂരിൽ വച്ച് അന്തരിച്ച ഹൈദ്രോസുകുട്ടി സാഹിബ് (റിപ്പോർട്ട് ആഗസ്റ്റ് മാസത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്)

## ഖദീജ സാഹിബ

കലന്തക്കൽ മമ്മദ് എന്ന ഫിലോസഫർ മമ്മദ്ക്കയുടെ ഇളയമകളും കോഴിക്കോട് പ്രഥമ ഖാഇദായിരുന്ന മാടാക്കര അബൂബക്കർ സാഹിബ് (മർഹൂം) ന്റെ ഭാര്യയുമായ ഖദീജ സാഹിബ (86) 2014 സെപ്റ്റംബർ 23 ന് കോഴിക്കോട്ട് വെച്ച് നിര്യാതയായി. ഇന്നാലില്ലാഹി........ അല്ലാഹു പരേതക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ

**മക്കൾ**: അബ്ദുൽ ഘനി, അബ്ദുൾ വാഹിദ്, മുനീറ, ത്വാഹിറ, മുനവ്വർ അഹ്മദ്, മുബാറക്ക് അഹ്മദ്, കമറുദ്ദീൻ, നാസിർ അഹ്മദ്. **മരുമക്കൾ**: സുബൈദ, റസിയ, ഇസ്മായിൽ(മർഹൂം), കെ. അബ്ദുസ്സലാം, മൻസൂറ, സീനത്ത്, വഹീദ, സഹീറ.

*- അബ്ദുൽ ഘനി, കോഴിക്കോട്*



Published on 7 October 2014
Vol: 86 Issue.10
Price Rs. 20/-
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
The Sathyadoothan Monthly


# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




### Quran

Read the Holy Quran in easy Yassarnal Quran Font




### Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages



### Sermons

Huzoor's Friday Sermons In 15 languages



### Ahmadiyya News

Stay up to date with the Latest jama'at news




View these apps at
alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020 Toll Free (9 am to 9 pm)**